KOTTAYAM PUBLIC LIBRARY

Call No. [illegible] Acc. No. 34976

Author [illegible]

Title [illegible]

# കോകസന്ദേശം

(സവ്യാഖ്യാനം)

[Malayalam]

# KOKASANDESAM

(SANDESAKAVYA)

EDITED
WITH INTRODUCTION & NOTES
BY

PROF. ELAMKULAM P. N. KUNJAN PILLAI

First Impression May 1959

RIGHTS RESERVED

PRINTED AT THE INDIA PRESS, KOTTAYAM
Copies 1000

Published by P. N. Kunjan Pillai

DISTRIBUTORS

NATIONAL BOOK STALL
KOTTAYAM KERALA STATE

Rs. 1.25

# കോകസന്ദേശം

(സവ്യാഖ്യാനം)

34976

വ്യാഖ്യാതാ

ഇളംകുളം പി. എൻ. കുഞ്ഞൻപിള്ള

THE KOTTAYAM PUBLIC LIBRARY
KOTTAYAM.

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം തിരുവനന്തപുരം എറണാകുളം തൃശ്ശൂർ

വില ക. 1.25

## ഇളംകുളം കുഞ്ഞൻപിള്ളയുടെ

## കൃതികൾ

1042

ലീലാതിലകം (സവ്യാഖ്യാനം)

ഉണ്ണുനീലിസന്ദേശം ,,

34976

കോകസന്ദേശം ,,

ഉണ്ണുനീലിസന്ദേശം ചരിത്രദൃഷ്ടിയിൽകൂടി

കേരളഭാഷയുടെ വികാസപരിണാമങ്ങൾ

കേരളചരിത്രത്തിലെ ഇരുളടഞ്ഞ ഏടുകൾ

ചില കേരളചരിത്രപ്രശ്നങ്ങൾ (മൂന്നു ഭാഗങ്ങൾ)

ഭാഷയും സാഹിത്യവും നൂററാണ്ടുകളിൽ

സാഹിത്യമാലിക

ഗാന്ധിദേവൻ (ബാലസാഹിത്യം)

ജന്മിസമ്പ്രദായം കേരളത്തിൽ

അന്നത്തെ കേരളം

Some Problems in Kerala History

# മുഖവുര

കോകസന്ദേശം ആദ്യമായി വെളിയിൽ കൊണ്ടുവന്ന തു് കുട്ടമശ്ശേരി നാരായണപ്പിഷാരോടിയാണു്. കൊല്ലം 1118 തുലാം ലക്കം പരിഷത്ത്ത്രൈമാസികത്തിൽ 96 പദ്യങ്ങൾ അദ്ദേഹം പ്രസിദ്ധംചെയ്തു. ഉള്ളൂർ കേരളസാഹിത്യചരിത്ര ത്തിൽ കോകസന്ദേശത്തെപ്പററി പ്രതിപാദിക്കുമ്പോൾ 12 ശ്ലോകങ്ങൾ അതിൽനിന്നു് ഉദ്ധരിക്കുന്നു. അടുത്തകാലത്തു ച ക്രവാകസന്ദേശം എന്നു പേരുമാററി യൂണിവേർസിററി മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽനിന്നു ശ്രീ. ശൂരനാട്ടു കുഞ്ഞൻപിള്ള പ്രസിദ്ധംചെയ്തതിൽ 97-ാം പദ്യത്തിലെ ഏതാനും അക്ഷരങ്ങൾ കൂടുതൽ ഉണ്ടു്. ഇതിനെല്ലാം ആധാര ഗ്രന്ഥം ഒന്നുതന്നെയാണു്. ഇപ്പോൾ അതു് യൂണിവേർസിറ്റി മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽ ഉണ്ടു്. അർത്ഥം ഗ്രഹി ക്കാൻ കഴിയാത്ത ഭാഗങ്ങളിൽ ഓരോരുത്തരും ചില മാററ ങ്ങൾ വരുത്തിയതുകൊണ്ടും ഗ്രന്ഥം വായിച്ചതിൽ വന്ന തെററുകൊണ്ടും ആധാരഗ്രന്ഥം ഭിന്നമെന്നു തോന്നിക്കാം. ചില ഉദാഹരണങ്ങൾ നോക്കുക.

പദ്യം 1. 'മാർവിടത്തോടമുക്ഷ്ണി' എന്ന ഭാഗം 'മാർവി ടത്തോടമത്ത്നി' എന്നാക്കുന്നു ഉള്ളൂർ.

പദ്യം 2. 'മുത്തിൻമുറിനിറമുറും' എന്നിടത്തു് 'ത്തി' എന്ന അക്ഷരം 'ക്തി'പോലെയാണു് എഴുതിയിരിക്കുന്നതു്. മുക്താമുറി എന്നു് എല്ലാവരും വായിച്ചു. 'ഉറും' എന്ന പദം 'എഴും' എന്നു മാററുകയും ചെയ്തു.

പദ്യം 9. 'അഴിനില'യെ 'അഴലതി' എന്നു് ഉള്ളൂർ മാററുന്നു.

പദ്യം 25. 'മുക്കണ്ണെരെ' 'കണ്ണാരൈ' എന്നിവിടങ്ങ ളിലെ ഐകാരം വിട്ടുകളഞ്ഞു. 49-ാം പദ്യത്തിലും മററുമുള്ള

'നാഴിയക്കൊട്ടി'നെ 'നാഴിയക്കോട്ട'യാക്കിയിട്ടുള്ളതു്, 83–ാം പദ്യത്തിലെ 'കാലായ്' എന്നതു 'കാവായ്' എന്നു മാറ്റിയിട്ടുള്ളതു് ഇങ്ങനെ പലതുണ്ടു്.

ഈ വ്യാഖ്യാനം മുഴവൻ വായിച്ചുനോക്കി പല നിർദ്ദേശങ്ങളും തന്ന ശ്രീ. കുട്ടിക്കൃഷ്ണമാരാർക്കും ശ്രീ. എൻ. വി. കൃഷ്ണവാരിയർക്കും ഞാൻ അത്യധികം കടപ്പെട്ടിരിക്കുന്നു. പാഠഭേദങ്ങൾ പരിശോധിക്കുന്നതിനായി യൂണിവേർസിററി മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിവക താളിയോലഗ്രന്ഥം തന്നു സഹായിച്ച ഡാ. കെ. രാഘവൻപിള്ളയോടും ഞാൻ കൃതജ്ഞനാണു്.

തിരുവനന്തപുരം
22–3–1959

പി. എൻ. കുഞ്ഞൻപിള്ള

# അവതാരിക

കാളിദാസനാണ സന്ദേശകാവ്യപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവു്. മേഘദൂതം നിൎമ്മിക്കുവാൻ കാളിദാസനു് രാമായണത്തിലെ ഹനുമദ്ദൂതു് പ്രേരകമായി ഭവിച്ചിരിക്കാമെന്നു മല്ലിനാഥൻതുടങ്ങി പല പണ്ഡിതന്മാരും വിശ്വസിക്കുന്നു. ''ഇത്യാഖ്യാതേ പവനതനയം മൈഥിലീവോന്മുഖീ സാ'' എന്നു മേഘദൂതത്തിൽ കാണുന്നതു് ഇതിനാലംബമായി ചൂണ്ടിക്കാണിക്കയും ചെയ്യുന്നു. ആദികവിയായ വാല്മീകിയുടെ രാമായണകഥാഭാഗം മഹാകവി കാളിദാസൻെറ ഭാവനയെ തട്ടിയുണൎത്തിയിരിക്കാമെന്നുള്ളതിൽ അസംഗതമായിട്ടൊന്നുമില്ല. മേഘദൂതാരംഭംമുതൽ കവി രാമായണകഥയോടും രാമനോടുമുള്ള താല്പൎയ്യം പ്രകടമാക്കുന്നുണ്ടു്. ഒന്നാംശ്ലോകത്തിൽ തന്നെ യക്ഷൻെറ തല്ക്കാലവസതിയായ രാമഗിര്യാശ്രമപ്രദേശങ്ങൾ 'ജനകതനയാസ്നാനപുണ്യോദക'ങ്ങളാണെന്നു നമ്മെ ഓൎമ്മിപ്പിക്കുന്നു. രഘുവംശത്തിൽ രാമകഥ വിസ്തരിച്ചു പ്രതിപാദിച്ച കവിക്കു് രാമായണകഥയോടു പ്രതിപത്തി തോന്നുക സ്വാഭാവികവുമാണു്. എന്നാൽ ഇതുകൊണ്ടൊന്നും മേഘദൂതത്തിൻെറ മേന്മയ്ക്കു യാതൊരു കുറവും ഭവിക്കുന്നില്ല. വിശ്വമോഹനമായ ഭാവനയിലാണു് അതു രൂപംകൊണ്ടതു്. ''ഒരുഒററനെടുവീൎപ്പിലൂടെ ഒരു പ്രണയജീവിതമാകെ വിന്ധ്യഹിമാലയങ്ങൾക്കിടയിലെ പ്രകൃതിസൗഭാഗ്യത്തിൽ പ്രതിഫലിപ്പിച്ചു കാണിച്ചുവെന്നതാണു് മേഘസന്ദേശത്തിൻെറ വിജയം'' (മാനദണ്ഡം)

മേഘസന്ദേശനിൎമ്മിതിയിൽ കാളിദാസൻ ഉപജീവിച്ചിരിക്കാവുന്ന പൂൎവ്വഗ്രന്ഥങ്ങളെ അന്വേഷിച്ചു കണ്ടുപിടിക്കാനുള്ള വ്യഗ്രതയിൽ ചിലർ ഋഗ്വേദമണ്ഡലങ്ങളിലും ജാതകകഥകളിലും മററുമുള്ള സന്ദിഗ്ദ്ധഭാഗങ്ങളിൽ തപ്പിത്തിരിയുന്നതു കാണാം. അതൊന്നും പ്രയോജനകരമാണെന്നു തോന്നുന്നില്ല.

## സന്ദേശകാവ്യസ്വരൂപം

സുഖസമൃദ്ധിയിൽ കഴിഞ്ഞുകൂടിയ നായികാനായകന്മാർക്ക് യാദൃച്ഛികമായി വന്നുചേൎന്ന വിരഹത്തെ ആധാരമാക്കിയാണു് കാളിദാസൻ മേഘദൂതം രചിച്ചതു്. കാലാന്തരത്തിൽ അതു സന്ദേശകാവ്യപ്രസ്ഥാനത്തിൻെറ സാമാന്യസ്വഭാവമായിത്തീൎന്നു. മേഘദൂതത്തിലെ നായകനു സ്വാമിയായ കുബേരൻെറ ശാപമാണു വിരഹകാരണമെങ്കിൽ, ശുകസന്ദേശത്തിലെയും കോകസന്ദേശത്തിലെയും നായകന്മാൎക്കു സ്വപ്നവും, ഉണ്ണുനീലിസന്ദേശത്തിലെയും ഭ്രമരസന്ദേശത്തിലെയും നായകന്മാൎക്കു യക്ഷികളുടെ കാമവും, കോകിലസന്ദേശത്തിലെ നായകനു വരുണപുരസ്ത്രീകളുടെ കുസൃതിയും, മയൂരദൂതത്തിലെ നായകനു് ആകാശചാരികളുടെ ശാപവും, മയൂരസന്ദേശത്തിലെ നായകനു് ആയില്യംതിരുനാളിൻെറ കോപവും ആണു് വിരഹകാരണങ്ങൾ.

ഈ വിരഹാവസ്ഥയിൽ പ്രിയതമയെ സമാശ്വസിപ്പിക്കാനൊരു സന്ദേശമയയ്ക്കുവാൻ വ്യഗ്രനായ നായകൻ ഒരു സന്ദേശവാഹകനെ കണ്ടെത്തുന്നു. കാമരൂപനും സന്തപ്തന്മാൎക്കു ശരണമരുളുന്നവനും വിദ്യുത്കാമുകനുമായ ഒരു കാർമേഘത്തെയാണു കാളിദാസൻ സന്ദേശഹരനായി സ്വീകരിച്ചതു്. അതിൻെറ ഔചിത്യത്തിൽ ചിലർ സംശയാലുക്കളാകുമെന്നു കരുതി.

> "ധൂമജ്യോതിസ്സലിലമരുതാം
> സന്നിപാതഃ ക്വ മേഘഃ
> സന്ദേശാൎത്ഥാഃ ക്വ പടുകരണൈഃ
> പ്രാണിഭിഃ പ്രാപണീയാഃ"

എന്നു യക്ഷനെക്കൊണ്ടു സന്ദേഹിപ്പിച്ചിട്ടു്,

> "കാമാൎത്താഹി പ്രകൃതികൃപണാശ്ചേതനാചേതനേഷു"

എന്നു സമാധാനം പറയുന്നു. കാമാൎത്തനായ ആ യക്ഷൻ ആ യവസരത്തിൽ മേഘത്തിൽനിന്നു വലിയ വ്യത്യാസമൊന്നുമില്ലാത്തവനായിത്തീൎന്നിരിക്കുന്നുവെന്നത്രേ കവിയുടെ അഭി

പ്രായം. സീതാവിരഹത്തിൽ വാല്മീകി രാമനെയും ചേതനാചേതനവിവേകമില്ലാത്തവനാക്കിത്തീർക്കുന്നുണ്ടല്ലോ.

മേഘമാരുതാദികളെ സന്ദേശഹരന്മാരായി സ്വീകരിക്കുന്നതു യുക്തിക്കു നിരക്കാത്തതാണെന്നത്രേ ഭാമഹൻെറ അഭിപ്രായം. ഒരുപക്ഷേ, കാളിദാസൻെറ പുതിയ പ്രസ്ഥാനത്താൽ ആകൃഷ്ടരായി പലരും അക്കാലത്തുതന്നെ 'ഭ്രമരഹാരീത ചക്രവാക ശുകാ'ദികളെ സന്ദേശഹരന്മാരാക്കി കാവ്യം ചമച്ചിരിക്കണം. യാതൊരൗചിത്യബുദ്ധിയും കൂടാതെ അവർ തിര്യക്കുകളെ സന്ദേശം കൊടുത്തയയ്ക്കാൻ തിരഞ്ഞെടുത്തിരുന്നതിനെയാകാം ഭാമഹൻ കാവ്യാലങ്കാരത്തിൽ എതിർത്തിട്ടുള്ളതു്. എന്നാൽ ആ എതിർപ്പിനെ പില്ക്കാലത്തു് സന്ദേശകർത്താക്കൾ അധികംപേരും ഗണ്യമാക്കിയതായി കാണുന്നില്ല. മിക്കപേരും കാളിദാസനെ അനുകരിച്ചു ശുകകോകകോകിലമയൂരാദികളെ സന്ദേശവാഹകന്മാരാക്കുന്നു. അപൂർവ്വം ചില സന്ദേശങ്ങളിൽ മാത്രമേ മനുഷ്യരെ സന്ദേശഹരന്മാരായി സ്വീകരിച്ചിട്ടുള്ളു. ഉണ്ണുനീലിസന്ദേശം, ഭ്രൂപസന്ദേശം, സന്ദേശരാസക് (അപഭ്രംശഭാഷ) മുതലായവ ഉദാഹരണമാണു്.

നായകൻെറ വിരഹോന്മാദവും സന്ദേശവാഹകനെ കണ്ടെത്തിയ സന്ദർഭവും തത്പ്രതികരണവും മാർഗ്ഗനിർദ്ദേശവുമാണു് കാളിദാസൻ പൂർവ്വസന്ദേശത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതു്. ജീവിതഭാവങ്ങളാലനുപ്രാണിതമായ പ്രകൃതിരാമണീയകംകൊണ്ടാണു് ആ മാർഗ്ഗം നിബന്ധിച്ചിരിക്കുന്നതു്. പ്രേമത്തിൻെറയും സൗന്ദര്യത്തിൻെറയും ഒരു തീർത്ഥാടനമാണു് ആ മേഘം നിർവ്വഹിക്കുന്നതെന്നേ തോന്നു. നായികയെ പരിചയപ്പെടുത്തിക്കൊണ്ടുള്ള സന്ദേശം പറഞ്ഞേല്പിക്കലാണു് ഉത്തരഭാഗത്തിൽ. പിന്നീടുള്ള കവികൾ പൂർവ്വോത്തരവിഭാഗങ്ങളിലും വർണ്ണനകളിലുമെല്ലാം കാളിദാസനെ അപ്പടി അനുകരിക്കുന്നു. അപൂർവ്വം ചില കവികൾ മാത്രമേ അല്പമെങ്കിലും സ്വാതന്ത്ര്യം കാണിക്കാൻ ഒരുമ്പെട്ടിട്ടുള്ളു. ഹംസസന്ദേശം, സന്ദേശരാസക് മുതലായവ ഉദാഹരണമാണു്. ശ്രീകൃഷ്ണഭക്തയായ ഒരു യുവതി തൻെറ വിരഹതാപമറിയിക്കാൻ കാഞ്ചീപുരത്തുനിന്നു് വൃന്ദാവനത്തിലേയ്ക്കു് ഒരു

ഹംസത്തെ നിയോഗിക്കുന്നതാണു ഹംസസന്ദേശത്തിലെ വിഷയം. നായികയാണ് സന്ദേശമയയ്ക്കുന്നതെന്നുമാത്രമല്ല പൂർവ്വോത്തരവിഭാഗങ്ങളും ഇതിലില്ല. അബ്ദുൽറഹ്മാൻ എന്ന കവി ഹിന്ദിയുടെ പൂർവ്വരൂപമായ അപഭ്രംശഭാഷയിൽ രചിച്ചിട്ടുള്ള സന്ദേശരാസക് എന്ന കൃതിയിലും നായികയാണ് സന്ദേശമയയ്ക്കുന്നതു്. ഒരു പഥികനെ സന്ദേശവുമായി നായകസമീപത്തേയ്ക്കയയ്ക്കുന്നതത്രേ അതിലെ പ്രതിപാദ്യം. ചകോരസന്ദേശത്തിലും നായികയാണു സന്ദേശം അയയ്ക്കുന്നതു്.

രസം, വൃത്തം തുടങ്ങിയ കാര്യങ്ങളിലും മേഘസന്ദേശത്തെ മിക്ക കവികളും അനുകരിക്കുന്നതു കാണാം. ശൃംഗാരത്തിന്റെ ഏററവും ഹൃദയസ്പർശിയായ വിരഹവിപ്രലംഭമാണു സന്ദേശകാവ്യങ്ങളിലെ അംഗിയായ രസം. അതു് ഉല്ക്കടമായ രീതിയിൽ ഏതാണ്ടു് ഉന്മാദാവസ്ഥയെ പ്രാപിച്ചിരിക്കുന്ന മട്ടിലാണ് സന്ദേശകാവ്യങ്ങളിൽ പ്രതിപാദിക്കാറുള്ളതു്. വിരഹവിപ്രലംഭത്തിന്റെ ഉത്തമമാതൃകകളായി അവയെ ഗണിക്കുന്നതിൽ തെററില്ല. ശൃംഗാരത്തെവിട്ടു ശാന്തത്തെയും ഭക്തിയെയും അംഗിയായി കല്പിച്ചു രചിച്ചിട്ടുള്ള അപൂർവ്വം ചില കാവ്യങ്ങളിൽ ഒന്നാണു ഹംസസന്ദേശം. തിരുവിതാംകൂറിലെ രാമവർമ്മമഹാരാജാവിനോടുള്ള ഭക്തി വെളിപ്പെടുത്തിക്കൊണ്ടു് ഒരു നമ്പൂതിരി രചിച്ച ചാതകസന്ദേശവും ഈ സന്ദർഭത്തിൽ സ്മരണീയമാണ്.

ഇങ്ങനെ ആന്തരമായി നോക്കുമ്പോൾ സന്ദേശം ഒന്നേയുള്ളുവെന്ന പ്രൊഫസ്സർ മുണ്ടശ്ശേരിയുടെ അഭിപ്രായം ശരിയാണെന്നു ബോദ്ധ്യപ്പെട്ടും. മേഘദൂതത്തിനുശേഷമുണ്ടായ സന്ദേശകാവ്യങ്ങളിൽ പുതുതായൊന്നും കാണാൻകഴിയുകയില്ല. "പഴയ പടവുകളിൽത്തന്നെ പുതുവിത്തുകളിട്ടു വീണ്ടും വീണ്ടും കൃഷിയിറക്കാനായിരുന്നു അനന്തരകാലികരുടെ യത്നം. ഓരോപ്രാവശ്യവും വിളവിടിഞ്ഞിടിഞ്ഞുപോയി." (മാനദണ്ഡം) മേഘദൂതത്തിൽനിന്നു ശുകസന്ദേശത്തിലേയ്ക്കും അതിൽനിന്നു് ഉണ്ണുനീലിസന്ദേശം, കോകസന്ദേശം, മയൂരദൂതം, കോകിലസന്ദേശം എന്നീ കാവ്യങ്ങളിലേയ്ക്കും ഈ 'ഇടിവു്' ക്രമേണ കൂടിക്കൂടിവരുന്നുണ്ടു്. ഒടുവിൽ മയൂരസന്ദേശ

ന്ധിലെത്തുമ്പോൾ പിന്നെ അധിമൊന്നും ശേഷിക്കുന്നതുമില്ല. പ്രേമോദ്ദീപകമായ ഗോദാവരീതടങ്ങളിലെ പ്രകൃതിഭംഗിക്കിടയിലാണു് കാളിദാസൻ യക്ഷനെ കൊണ്ടുപോയാക്കിയതെങ്കിൽ പിന്നുള്ളവർ എവിടെയെല്ലാമാണു് അവരുടെ നായകന്മാരെ വലിച്ചുകൊണ്ടുപോയിട്ടുള്ളതു്! രാമേശ്വരം, തിരുവനന്തപുരം, കന്യാകുമാരി, കാഞ്ചീപുരം, ഹരിപ്പാട്ടു തുടങ്ങി ഏതെങ്കിലും ഒരു ക്ഷേത്രസന്നിധിയിലേയ്ക്കോ പട്ടണത്തിലേയ്ക്കോ, ദേവന്മാരെയും ദേവദാസികളെയും തേടൽമാത്രം ജീവിതോദ്ദേശമായി കരുതിയിരുന്ന പതിന്നാലും പതിനഞ്ചും നൂററാണ്ടുകളിൽ കവികൾ അവർ ജീവിച്ചിരുന്ന കാലഘട്ടത്തിൻെറ പ്രവണതകളെ ത്യാജ്യഗ്രാഹ്യവിവേചനം കൂടാതെ പകർത്തിയെന്നതു പോകട്ടെ. മയൂരസന്ദേശകാരൻ ഹരിപ്പാട്ടു കൊട്ടാരത്തിൽ എഴുന്നള്ളിയിരുന്നു് സന്ദേശം പുറപ്പെടുവിക്കാൻ ഒരുമ്പെട്ടതോ?

കാര്യമതൊന്നുമല്ല. ഉണ്ണുനീലിസന്ദേശത്തിൻെറയും കോകസന്ദേശത്തിൻെറയും താളിയോലപ്പകർപ്പുകൾ കേരളവർമ്മയുടെ കൈയിൽകിട്ടി. (ഉണ്ണുനീലിസന്ദേശം 47-ാം പദ്യവും കോകസന്ദേശം 77-ാം പദ്യവും നോക്കുക) ഭാര്യയെ വേർപെട്ടു താനും താമസിച്ചിട്ടുണ്ടല്ലോ. ഒരു സന്ദേശകാവ്യം എഴുതിക്കളയാം. കൈയിൽക്കിട്ടിയ പകർപ്പു് വെളിയിൽ കാണിക്കാതിരുന്നാൽ തൻേറതു് ഭാഷയിലെ ആദ്യത്തെ സന്ദേശവുമാകും. അങ്ങനെ 'കൈരളീമഹിളതൻ മംഗല്യ'മായ 'സജാതീയ ദ്വിതീയാക്ഷരപ്രാസ'വും ചേർത്തു് റാണിയെയും തന്നെയും നായികാനായകന്മാരാക്കിക്കല്പിച്ചു് ചില ശ്ലോകങ്ങളെഴുതിത്തീർത്തു. അത്രതന്നെ.

മയൂരസന്ദേശത്തെ മേഘദൂതത്തോടു താരതമ്യപ്പെടുത്തി ഉള്ളൂർ പറയുന്നു: "ഒന്നു സങ്കല്പചിത്രം. മററേതു സ്വാനുഭവചിത്രം. തദനുരോധേന മയൂരസന്ദേശത്തിനുള്ള മഹിമാതിശയം അനുക്തസിദ്ധമാകുന്നു." (കേരളസാഹിത്യചരിത്രം വാല്യം 4. വശം 425) ഒരു മഹാകവിയുടേതാണു് ഈ അഭിപ്രായമെന്നറിയുമ്പോൾ നാം അന്ധാളിച്ചുപോകും. മയൂരസന്ദേശത്തെ മേഘദൂതത്തോടു താരതമ്യപ്പെടുത്തുക സാഹസ

മാണു്. കാരണം അവസ്തുതമ്മിൽ സാദൃശ്യലേശംപോലും ഇല്ലെന്നതുതന്നെ. സംസ്കൃതത്തിലും മലയാളത്തിലുമുള്ള സന്ദേശകാവ്യങ്ങളിൽ കാണുന്ന ചില നല്ല ശ്ലോകങ്ങളുടെ നിർജ്ജീവമായ ഛായാനുകരണങ്ങൾ മയൂരസന്ദേശത്തിൽ ഉണ്ടെന്നതു പരമാർത്ഥമാണു്. നായകനും കവിയും ഒരാളാണെന്നതും കോയിത്തമ്പുരാനും റാണിയും കുറേക്കാലം വേർപിരിഞ്ഞു കഴിഞ്ഞുകൂടിയെന്നതും സത്യമാണു്. കാളിദാസൻ എന്നെങ്കിലും കാമുകീവിരഹം അനുഭവിച്ചിരുന്നോ എന്നു് നമുക്കറിഞ്ഞുകൂടാ. അക്കാര്യം ഇവിടെ പ്രസക്തവുമല്ല. പ്രേമത്തിന്റെ വിരഹോൽക്കടമായ ഗാഢോൽക്കണ്ഠയെ കാളിദാസൻ അദമ്യമായ ഒരന്തഃപ്രചോദനത്താൽ നവീനമായി ആവിഷ്കരിച്ചപ്പോൾ ലോകത്തിനു് അനശ്വരമായ ഒരു കാവ്യശില്പം ലഭിച്ചു. അതിനെ നാം മേഘസന്ദേശമെന്നു വിളിക്കുന്നു. ആ തോതുപിടിച്ചു് ഒരു സന്ദേശകാവ്യമെഴുതാൻവേണ്ടി വിരഹവേദന അഭിനയിക്കുകയും ആ അഭിനയത്തിനു ചില ശബ്ദാർത്ഥാലങ്കാരങ്ങളുടെ രൂപം നൽകുകയും ചെയ്താൽ കാളിദാസഭാവനയെ പിന്നിലാക്കാൻ സാധിക്കുമോ ആവോ!

മേഘാഗമത്തിൽ കടമ്പുകൾ പൂക്കളൊകുന്ന പുളകം അണിയുന്നു. കടലാസുകൊണ്ടും പൂവണിഞ്ഞ കടമ്പിൻചില്ലുകളുണ്ടാക്കാം. അവസ്തു തമ്മിലുള്ള വ്യത്യാസമുണ്ടു് കാളിദാസന്റെയും കേരളകാളിദാസന്റെയും സന്ദേശകാവ്യങ്ങൾക്കു തമ്മിൽ.

## കവിയും നായകനും

സന്ദേശകാവ്യങ്ങളിൽ നായകനും കവിയും ഒരാളായിരിക്കുമെന്നു് ഒരഭിപ്രായമുണ്ടു്. മേഘദൂതത്തിലെ നായകനായ യക്ഷൻ കാളിദാസൻതന്നെയെന്നാണു ചിലരുടെ അഭിപ്രായം. വിക്രമാദിത്യരാജാവിന്റെ സഹോദരിയെ കാളിദാസൻ വിവാഹം കഴിച്ചിരുന്നുവെന്നും രാജാവിന്റെ അപ്രീതിക്കു പാത്രമായി പ്രിയതമയെവിട്ടു താമസിക്കാനിടയായിയെന്നും ഒരു കഥയുണ്ടു്. ശരിയായാലും തെറ്റായാലും ആ കഥയ്ക്കു 14-ാം നൂറ്റാണ്ടിൽ കേരളത്തിൽ പ്രചാരമുണ്ടായിരുന്നുവെന്നു് ലീലാതിലകം രണ്ടാംശില്പത്തിൽ ഉദ്ധരിക്കുന്ന,

"സ്വസ്രേപൂർവ്വം മഹിതനൃപതേർവിക്രമാദിത്യനാമ്നഃ
പോക്കാംചക്രേ തരുണജലദം കാളിദാസഃ കവീന്ദ്രഃ"

എന്ന ഭാഗം തെളിയിക്കുന്നു. എന്നാൽ നായകൻ, നായിക, സന്ദേശഹരൻ ഇവർ മൂന്നുപേരും കേവലം സങ്കല്പമായാലും കാവ്യത്തിനു ദോഷമൊന്നും വരാനില്ല. സന്ദേശഹരനും സന്ദേശവൃത്താന്തവും എല്ലാ കാവ്യങ്ങളിലും കല്പിതമാണെന്നു് എല്ലാവരും സമ്മതിക്കും. കാവ്യത്തിനു് യാഥാർത്ഥ്യച്ഛായ വരുത്തുവാൻവേണ്ടി ഒരു ചരിത്രപുരുഷനെ സന്ദേശഹരനാക്കിയെന്നുവരാം. അതുകൊണ്ടു് ആ വ്യക്തി സന്ദേശവുമായി നായികയുടെ അടുത്തുപോയിരുന്നതായി ആരും വാദിക്കുമെന്നു തോന്നുന്നില്ല. നായകൻെറ സ്ഥിതിയും ഇതുപോലെതന്നെയാണു്. സന്ദേശവൃത്തം കല്പിതമായതുകൊണ്ടു് നായകൻ കേവലം സങ്കല്പമായാൽ ധാരാളം മതി.

നായകനും നായികയ്ക്കും മാത്രമറിയാവുന്ന ദാമ്പത്യജീവിതരഹസ്യങ്ങൾ അടയാളവാക്യത്തിൽ ഉൾപ്പെടുത്തിയാൽ നായകനും കവിയും ഒരാൾതന്നെയായിരിക്കുമെന്നും അവ അന്യനായ ഒരാൾക്കു് അറിയാൻ സാധിക്കയില്ലെന്നും ഉള്ളൂർ വാദിക്കുന്നതു് എന്തോ തെററിദ്ധാരണമൂലമായിരിക്കണം. (കേരള സാഹിത്യചരിത്രം ഒന്നാംഭാഗം പുറം 361) കഥാപാത്രങ്ങളുടെ രഹസ്യം കവിക്കറിയാൻ കഴികയില്ലെന്നോ ദയിതേ, പ്രിയേ, എന്നിങ്ങനെ സംബോധനകളുപയോഗിക്കുന്നതും കവിയും നായകനും ഒരാളാണെന്നു തീർച്ചപ്പെടുത്താൻ സഹായിക്കുന്നില്ല. കവി സ്വയം നായകനായി സങ്കല്പിച്ചുകൊണ്ടാണു സന്ദേശകാവ്യം രചിക്കുന്നതു്. ഈ വസ്തുതകൾ വിസ്മരിച്ചാണു കോകിലസന്ദേശത്തിലെ നായകൻ ഉദ്ദണ്ഡശാസ്ത്രികളാണെന്നും ഉദ്ദണ്ഡനു ചേന്നമംഗലത്തു് മാരക്കര എന്ന വീട്ടിൽ ഒരു നായർസ്ത്രീ പ്രണയിനിയായിട്ടുണ്ടായിരുന്നെന്നും മററും ഉള്ളൂർ പറഞ്ഞിട്ടുള്ളതു്. മാരക്കര എന്ന വീട്ടുപേരു്, മഹാഭാഗ്യം, രതിപതിഭുജാഡംബരം, കല്യാണൗഘം, രസികാനന്ദത എന്ന നാലു പാദങ്ങളിലെയും ആദ്യക്ഷരങ്ങൾ ഒന്നിച്ചുചേർത്തു കവീന്ദ്രന്മാർ ഉണ്ടാക്കിയതാണെന്നു ശാസ്ത്രികൾതന്നെ പറഞ്ഞിട്ടും അതൊരു നായർഭവനമാണെന്നും മററും എങ്ങനെ തീർച്ചയാക്കിയെന്നു മനസ്സിലാകുന്നില്ല.

## നായിക

കാളിദാസൻ മേഘദൂതത്തിൽ പതിവ്രതയും ഗുണവതിയുമായ ഒരു നായികയെയാണു വിഭാവനം ചെയ്തതു്. വിപ്രലംഭശൃംഗാരപ്രധാനമായ ഒരു കാവ്യത്തിനു് അതാവശ്യമാണു്. എന്നാൽ സന്ദേശകാവ്യങ്ങളിലെ നായികമാരെല്ലാം യഥാൎത്ഥത്തിൽ പതിവ്രതകളായിരിക്കണമെന്നു് ഇതിനൎത്ഥമില്ല. മയൂരസന്ദേശത്തിലേയും കോകസന്ദേശത്തിലേയും മറ്റും നായികമാർ പതിവ്രതകളായിത്തന്നെയാണോ ജീവിതം നയിച്ചിരുന്നതെന്നു നമുക്കറിഞ്ഞുകൂട. ഒരു സന്ദേശകാവ്യത്തിലെ നായികക്കുവേണ്ട സ്വഭാവഗുണം അവൾക്കുണ്ടെന്നു തന്നെയാണു വൎണ്ണനയിൽനിന്നു നാം ഗ്രഹിക്കുന്നതു്. നായികമാർ ഗണികകളാണെങ്കിൽ രാഗദാർഢ്യം മാത്രമേ വൎണ്ണിക്കാവൂ എന്നു ലീലാതിലകകാരൻ വ്യക്തമാക്കിയിട്ടുള്ളതു് ഈ സന്ദർഭത്തിൽ നാം ഓൎക്കണം. സാധ്വി എന്നും ഗുണവതി എന്നും സൗജന്യവതി എന്നും മററും കേരളത്തിൽ സ്ത്രീകളെ കീൎത്തിച്ചിരുന്നതു് ചില പ്രത്യേകമാനദണ്ഡങ്ങളെ ആസ്പദമാക്കിയായിരുന്നു. ഒരുപററം കാമുകന്മാരുള്ള സ്ത്രീകളെയാണു് ആഭിജാത്യമുള്ളവർ—തറവാട്ടുകാർ—ആയി ഗണിച്ചിരുന്നതു്.

> "നല്ലാൎക്കെല്ലായിലും ഭൂഷണമിതു സവിധേ
> മന്മഥാൎത്ത്യാ നികാമം
> വല്ലാതേവേണമത്രേ ചില തരുണരത-
> ല്ലായ്കിലെന്താഭിജാത്യം."

അതുപോലെ, സ്വജാതിയിലോ ഉയൎന്നജാതിയിലോപെട്ട പുരുഷനു വശംവദയാകാത്ത സ്ത്രീകൾ ഗുണവതികളോ സാധ്വികളോ ആയിരുന്നില്ല. (കേരളചരിത്രത്തിലെ ഇരുളടഞ്ഞ ഏടുകൾ 1957 പുറം 161) 'സ്ത്രീകളിൽവച്ചു് ഉത്തമ' എന്നൎത്ഥമുള്ള 'നങ്ങ' എന്നും 'നങ്ങയാർ' എന്നുമുള്ള പദങ്ങൾകൊണ്ടാണു ദേവദാസികളെ നിർദ്ദേശിച്ചിരുന്നതു്. പുരുഷന്മാരിൽവച്ചു ശ്രേഷ്ഠൻ എന്നൎത്ഥമുള്ള 'നമ്പി' 'നമ്പിയാർ' ഈ പദങ്ങൾ അവരുടെ പുരുഷന്മാരെ കുറിക്കാനും ഉപയോഗി

ച്ചിരുന്നു. ദേവന്റെ കളത്രങ്ങൾ ആയിരുന്നതുകൊണ്ടും ക്ഷേത്രങ്ങൾ നിമ്മിക്കുന്നതിനുവേണ്ടി ധനം സമ്പാദിച്ചിരുന്നതുകൊണ്ടും സമുദായത്തിൽ അവക്കു മാന്യമായ സ്ഥാനം സിദ്ധിച്ചു. 13-ാംശതകത്തിൽ വേണാട്ടു വാണിരുന്ന കേരളവമ്മ കണ്ടിയൂർക്ഷേത്രത്തിലെ ദേവദാസിയായിരുന്ന ഉണ്ണിയച്ചിയേയും 14-ാംശതകത്തിന്റെ ഉത്തരാർദ്ധത്തിൽ ഓടനാട്ടു വാണിരുന്ന കേരളവമ്മ അതേ ക്ഷേത്രത്തിലെ ദേവദാസിയായിരുന്ന കുട്ടത്തിയേയും അക്കാലത്തു പെരുമ്പടപ്പുസ്വരൂപത്തിൽ യുവരാജാവായിരുന്ന രാമവമ്മ കുട്ടത്തിയുടെ മകൾ ഉണ്ണിയാടിയേയും 16-ാംശതകത്തിന്റെ പൂവ്വാർദ്ധത്തിൽ വിജയനഗരം വാണിരുന്ന കൃഷ്ണദേവരായർ ചിന്നദേവിയേയും വിവാഹം കഴിച്ചിരുന്നതു് ഈ പരിതസ്ഥിതിയിൽവേണം ചിന്തിക്കാൻ. സമ്പന്നകളായ ദേവദാസികളെ ആശ്രയിച്ചു കഴിഞ്ഞുകൂടിയിരുന്ന കവികളെപ്പററി ചന്ദ്രോത്സവത്തിൽ സൂചിപ്പിക്കുന്നുമുണ്ടല്ലോ. അതുകൊണ്ടു് പതിന്നാലും പതിനഞ്ചും ശതകങ്ങളിൽ കേരളത്തിലുണ്ടായ ശുകസന്ദേശം, ഉണ്ണുനീലിസന്ദേശം, മയൂരദൂതം, കോകിലസന്ദേശം തുടങ്ങിയ സന്ദേശകാവ്യങ്ങളിലെ നായികമാർ ദേവദാസികളാണെന്നു വരിക സ്വാഭാവികം മാത്രമാണു്. ശുകസന്ദേശത്തിലും മററും ഈ സംഗതി സൂചിപ്പിച്ചിട്ടുമുണ്ടു്. ആ സന്ദേശത്തിലെ നായിക 'വാണിനീനാം ശിഖ'യും ഉണ്ണുനീലിസന്ദേശത്തിലെ നായിക ഉവ്വശിയുടെ വംശത്തിൽ ജനിച്ചവളും ആണു്. എല്ലാവരും 'തരുണനയനങ്ങൾക്കു പീയൂഷധാര'യും 'കാമുകാനാം നേത്രശ്രേണീമധുപനളിനി'യുമായിരിക്കും. മയൂരദൂതത്തിലെ നായികയായ തച്ചപ്പിള്ളി ഇട്ടിമാ വേശ്യാകുലരത്നമാണെന്നു ചന്ദ്രോത്സവകാരൻ പറയുന്നു. 'തിരുവുരുതരുണാന്നാം' കാട്ടി വെൺചാമരവും വീശിച്ചു് 'മധുരമധുരഭാഷാപദ്യകോലാഹലം കൊണ്ടുലകഖിലമലിക്കും നൽക്കവീന്ദ്രന്മാ'രാൽ ചുററപ്പെട്ടു് 'അണിമിഴിമുനകൊണ്ടേ വിശ്വചക്രം വശിപ്പാനണിയിട്ടമൊരു ചാരുസ്മേരവക്ത്രാരവിന്ദ'ത്തോടെ 'എഴുന്നള്ളുന്ന'തായിട്ടാണല്ലോ ആ 'വേശ്യാംഗനാകുലശിഖാമണി'യെ ചന്ദ്രോത്സവത്തിൽ വണ്ണിച്ചിട്ടുള്ളതു്. മണക്കുളത്തു മൂപ്പിന്നിന്റെ ഭായ്യയായിരുന്ന ഈ ദേവദാസിക്കു് ഉദയൻ കൂടാതെ

വേറെയും 'നല്ലവീന്ദ്ര'ന്മാർ ആരാധകരായിട്ടുണ്ടായിരുന്നുവെന്നു്,

''ഉരപെരുകിനതച്ചപ്പിള്ളിയൊണ്ടിട്ടിമായെ-
ൻറലർചരനൊരു വിച്ചപ്പള്ളിയമ്പത്യുദാരം
അതുമിഴികളിലേല്ലിൽതോഴ, മാറൊക്കെനീറും
ചതികെടയതുമാറത്തേല്ലിൽ മാലൊക്കെമാറും''

എന്നും മററുമുള്ള പദ്യങ്ങളിൽനിന്നു മനസ്സിലാക്കാം. അതുകൊണ്ടു സന്ദേശകാവ്യങ്ങളിലെ നായികമാർ പതിവ്രതകളായിരിക്കണമെന്നു നിർബന്ധമില്ല. ലീലാതിലകകാരൻ പറയുന്നപോലെ രാഗദാർഢ്യംമാത്രം കാവ്യത്തിൽ വർണ്ണിക്കുന്നതായാൽ ശൃംഗാരരസത്തിനു ദോഷമൊന്നും ഭവിക്കുകയില്ല.

## കോകസന്ദേശത്തിൻെറ കാലം

കാളിദാസൻെറ മേഘദൂതത്തെ അനുകരിച്ചു് ആദ്യമായി കേരളത്തിലൊരു സന്ദേശകാവ്യമെഴുതിയതു ലക്ഷ്മീദാസനാണു്. ഉണ്ണുനീലിസന്ദേശത്തിനു് അല്പം മുമ്പായിരിക്കണം അദ്ദേഹം ശുകസന്ദേശമെഴുതിയതു്. കോകസന്ദേശത്തിന്റെ കാലം ഉണ്ണുനീലിസന്ദേശത്തിനു ശേഷമാണു്. തൃക്കണാമതിലകത്തിൻെറ ഉജ്ജ്വലമായ വർണ്ണനയിൽനിന്നു് അതിൻെറ പതനത്തിനുമുമ്പുള്ള കാലമാണു് ഉദ്ദേശിക്കുന്നതെന്നു മനസ്സിലാക്കാം. സാമൂതിരി മതിലകംവരെ പിടിച്ചുകഴിഞ്ഞതായും ഏറാൾപ്പാട" അവിടെ താമസിക്കുന്നതായും കാണുന്നുണ്ടു്. ഗുണകാപുരത്തുചെന്നാൽ ഏറാൾപ്പാടിനെ കാണണമെന്നു് ഉപദേശിക്കുന്നു. എന്നാൽ 17 പദ്യങ്ങളിൽ തിരുവഞ്ചിക്കുളത്തെ വർണ്ണിച്ചിട്ടു് ഒരു പദ്യത്തിൽ മാടമന്നൻെറ വക സ്ഥലമാണു് അതെന്നു സൂചിപ്പിക്കുന്നതല്ലാതെ പെരുമ്പടപ്പുമൂപ്പനെ കാണാൻ പറയുന്നില്ല. ഇതിൽനിന്നു പെരുമ്പടപ്പുസ്വരൂപം തിരുവഞ്ചിക്കുളത്തുനിന്നു കൊച്ചിയിലേക്കു മാറിക്കഴിഞ്ഞിരിക്കുമെന്നാണൂഹിക്കേണ്ടതു്. തിരുമലച്ചേരി നമ്പൂതിരിയേയും തലപ്പള്ളിരാജാവിനേയും വർണ്ണിക്കുന്നതിനേക്കാൾ മെച്ചമായിട്ടൊന്നും ഈ കാവ്യത്തിൽ പെരുമ്പടപ്പുമൂപ്പനെ വർണ്ണിച്ചിട്ടില്ല. കവി സാമൂതിരിപക്ഷപാതിയായിരുന്നുവെന്നു് 'എമ്മിളാക്കാത്തിഹഠരി' എന്നും മററുമുള്ള

ഭാഗങ്ങളിൽ സൂചിപ്പിക്കുന്നുണ്ടു്. എങ്കിലും ശുകസന്ദേശത്തിലും കോകസന്ദേശകാലത്തുതന്നെ ഉണ്ടായ ഉണ്ണിയാടിചരിതം, ശിവവിലാസം, വിടനിദ്രാഭാണം എന്നീ കൃതികളിലും പെരുമ്പടപ്പുരാജവംശത്തെ വാനോളം പുകഴ്ത്തിയിരിക്കുമ്പോൾ ഈ കൃതിയിൽ ഒന്നു സൂചിപ്പിക്കമാത്രം ചെയ്തു കടന്നുപോയിട്ടുള്ളതു് അർത്ഥവത്താണു്. പെരുമ്പടപ്പുരാജവംശം കൊച്ചിയിലേയ്ക്കു താമസംമാററിയതു 15-ാംനൂററാണ്ടിൻെറ ആരംഭത്തിൽ കേരളം സന്ദർശിച്ച മാഹ്വാൻ എന്ന ചീന മുസ്ലീംസഞ്ചാരിയാണു് ആദ്യം രേഖപ്പെടുത്തിയിട്ടുള്ളതു്. 1405-നടുത്തു് ആ മാററം നടന്നിരിക്കാമെന്നു് ഊഹിക്കപ്പെടുന്നു. സന്ദേശകാലവും അതിനടുത്തായിരിക്കണം.

## കവി

സന്ദേശകർത്താവു് ആരെന്നറിയാൻ മാർഗ്ഗമൊന്നുമില്ല. തെക്കേമലബാർകാരനെന്നു് ഊഹിക്കമാത്രം ചെയ്യാം. കാലായ്, ഇട്ടിൽ, പുനം, നടുതല തുടങ്ങി മധ്യകേരളത്തിൽ ഉപയോഗിക്കുന്ന പദങ്ങൾ കാണുന്നുണ്ടു്. കവി സാമൂതിരിപക്ഷപാതിയായിരുന്നുവെന്നു 49-ാംപദ്യത്തിൽനിന്നു തെളിയുകയും ചെയ്യുന്നു. പൊന്നാനിത്താലൂക്കിൽ ഓരോ ഇഞ്ചുസ്ഥലവും അദ്ദേഹത്തിനു സുപരിചിതമാണെന്ന വസ്തുതയും ഈ ഊഹത്തിനു ബലംനല്കുന്നു.

## പ്രതിപാദ്യം

ഒരുദിവസം രാവിലേ കൊല്ലത്തു ചെറുകരവീട്ടിൽ നായികയെ ആലിംഗനം ചെയ്തുകൊണ്ടിരുന്ന നായകൻ പെട്ടെന്നു മൂർച്ഛിക്കുകയും കരയുകയും ചെയ്യുന്നു. ബോധം വന്നതിനുശേഷം നായിക കാരണംചോദിച്ചപ്പോൾ ഒരാകാശചാരി തന്നെയെടുത്തു തെക്കേമലബാറിലെ ഒരു വാപീതീരത്തു കൊണ്ടിട്ടതായും ഒരു ചക്രവാകംവഴി നായികയ്ക്കു് ഒരു സന്ദേശമയച്ചതായും ഉണ്ടായ തോന്നൽ വിവരിച്ചുകേൾപ്പിക്കുന്നു. ഇവിടെ ഉണ്ണുനീലിസന്ദേശത്തിലെപ്പോലെ നായകൻ ഉറങ്ങുകയോ ശുകസന്ദേശത്തിലെപ്പോലെ സ്വപ്നംകാണുകയോ ചെയ്യുന്നില്ല. ഏതാനും നിമിഷനേരത്തേയ്ക്കുണ്ടായ മോഹാലസ്യത്തിനിടയിൽ എല്ലാം നടന്നതായിട്ടാണു കവിയുടെ കല്പന.

നായികാവൎണ്ണനത്തിനു് അവസരം സൃഷ്ടിക്കുന്നതിൽ കോകസന്ദേശകാരൻ ഉണ്ണുനീലിസന്ദേശകൎത്താവിനെയും ശുകസന്ദേശകൎത്താവിനെയും അപേക്ഷിച്ചു് കൂടുതൽ അനൗചിത്യം വരുത്തിയിട്ടുണ്ടു്. എന്നാൽ അതുകൊണ്ടോ, 'കോപികാമീ' എന്ന പ്രയോഗംകൊണ്ടോ, ഇതൊരു ഹാസ്യാനുകരണമാണെന്നു പറയാൻ ഞാൻ തയ്യാറില്ല. 'പണ്ടേപ്പോലേ പരമനുഭവം കോപി കാമീ ജഗാമ' എന്ന ഉണ്ണുനീലിസന്ദേശഭാഗത്തു് ഒരു കാമുകൻ എന്നു പറഞ്ഞിട്ടുള്ളതു് 'പല കാമുകന്മാരും ഉണ്ടായിരുന്നതിൽ ഒരുവൻ' എന്ന അൎത്ഥത്തിലാണെന്നു് ശ്രീ. കുട്ടിക്കൃഷ്ണമാരാർ അഭിപ്രായപ്പെടുന്നു. നായിക ദേവദാസിയും നായകൻ കേവലം കല്പിതവുമായതുകൊണ്ടു് ഇന്നാരാണെന്നു വ്യക്തമാക്കാതെ 'ഒരു കാമുകൻ' എന്നുമാത്രം പറയുന്നതായി കല്പിച്ചാൽപ്പോരേ? 'ദയിതയാ ലാളിതഃ കോപികാമീ' എന്നു മയൂരദൂതത്തിൽ ഉദയനും ഉപയോഗിക്കുന്നുണ്ടു്. അനൗചിത്യദോഷത്തിലും ഉദയൻ മുക്തനല്ല. തച്ചപ്പിള്ളി ഇട്ടിയുമ എന്ന ദേവദാസിയുമായി രമിച്ചുകൊണ്ടിരുന്ന ശ്രീകണ്ഠനെ, അതായതു മണക്കുളത്തു മൂപ്പീന്നിനെ, കണ്ടു് കൈലാസത്തു് ഉമയുമായി രമിക്കുന്ന സാക്ഷാൽ ശ്രീകണ്ഠനാണെന്നു തെററിദ്ധരിച്ചു ചില ആകാശചാരികൾ നമസ്കരിച്ചപ്പോൾ രാജാവു് അവരെ നോക്കി പരിഹാസസൂചകമായി ചിരിച്ചതുകൊണ്ടു ശാപഗ്രസ്തനായി തിരുവനന്തപുരത്തു് എത്തിച്ചേരുന്നതായിട്ടാണു മയൂരദൂതത്തിൽ വൎണ്ണിച്ചിട്ടുള്ളതു്. ഈ കാവ്യങ്ങളെല്ലാം ഹാസ്യാനുകരണങ്ങളാണെന്നു് എങ്ങനെ പറയാം? (ഹാസ്യസാഹിത്യം—മാരാർ. പുറം 37–67)

തെക്കേമലബാറിൽ വെള്ളോട്ടുകര അതായതു് തൃപ്രങ്ങോട്ടുനിന്നാണു് സന്ദേശം പറഞ്ഞയയ്ക്കുന്നതു്. 'മേതിന്മേൽ നാകതുല്യ'വും 'ചാതുൎയ്യത്തിൻ വിളകഴനിയാം മങ്കമാർ' യുവാക്കന്മാരുടെ ചേതോരംഗത്തിൽ കളിക്കുന്നതുമായ കൊല്ലാപട്ടണത്തിൽ പിറേറദിവസം കോകത്തിനു് എത്താൻകഴിയുമെന്നു പറഞ്ഞിട്ടു് മാൎഗ്ഗനിർദ്ദേശം ആരംഭിക്കുന്നു. തിരുനാവായ്ക്കു വടക്കുള്ള വെള്ളോട്ടിൻവായ്ക്കരയമരുന്ന ശിവനെ വന്ദിച്ചിട്ടു് 'പന്നിയമ്പള്ളി ഉണ്ണിക്കണ്ട'ൻെറ യമകശ്ലോകം കേൾക്കേണ്ടതാണെന്നു പറയുന്നു. പിന്നീടു് പേരാറും പരിസരങ്ങളും

ഭംഗിയിൽ വർണ്ണിച്ചിട്ട് യുദ്ധവീരന്മാരിൽ അഗ്രഗണ്യനായ തിരുമലച്ചേരി നമ്പൂതിരി വാണിരുന്ന ഗോവർദ്ധനപുരം, മാറഞ്ചേരി, ആഴ്വാഞ്ചേരിമന, ഗോവിന്ദപുരം, പുന്നത്തൂർ, വൈരത്തൂർ ഇവ കഴിഞ്ഞു് കുരുവയൂർക്ഷേത്രത്തിലെത്തി ദേവനെ വന്ദിക്കണമെന്നാണു് നിർദ്ദേശം നൽകുന്നതു്. കുരുവയൂർ ഗുരുവായൂർതന്നെ. പിന്നീട്ടുള്ള മാർഗ്ഗം വന്മേനാട്ട്, വെൺകിടങ്ങു്, മുച്ചുററൂർ, നന്തിയാറു്, ചൂരല്പൂർ, കാക്കത്തുരുത്തി, തിരുപ്പോർക്കളം ഇവ കടന്നു് തൃക്കണാമതിലകത്തുകൂടിയാണു്. മതിലകം അന്നു നശിച്ചിട്ടില്ലായിരുന്നു. 'ചിത്തംചലനം' എന്ന കലിദിനസംഖ്യ നിർമ്മിച്ചവർ ധരിച്ചില്ല പില്ക്കാലത്തു് ഇമ്മാതിരി പഴയ കൃതികൾ ലഭിക്കുമ്പോൾ അവരുടെ കള്ളം വെളിയിൽ വരുമെന്നു്. കേരളചരിത്രത്തിനു് ചില കലിദിനസംഖ്യകൾമൂലം വന്ന ദോഷം ചില്ലറയല്ല. കൊല്ലവർഷം 812–നു ശേഷവും മതിലകം ഉണ്ടായിരുന്നതായി രേഖകണ്ടിട്ടുണ്ടെന്നു് ശ്രീ. കെ. വി. കൃഷ്ണയ്യർ പറയുന്നു.

ഏറാൾപ്പാട്ട് സന്ദേശകാലത്തു് തൃക്കണാമതിലകംവരെ പിടിച്ചു് അവിടെയാണു താമസിച്ചിരുന്നതെന്നും ഓരോ നാഴികയുമിടവിട്ടു് സമയം അറിയിക്കുവാൻ വെടിയും കൊട്ടും നടത്തിയിരുന്നുവെന്നും വർണ്ണനയിൽനിന്നും ഗ്രഹിക്കാം. പോർട്ടുഗീസുകാർ വന്നതിനു ശേഷമാണു് കേരളത്തിൽ തോക്കു നടപ്പിൽവന്നതെങ്കിലും കരിമരുന്നു കത്തിച്ചുള്ള ആചാരവെടി പതിമൂന്നാംശതകംമുതലെങ്കിലും കേരളത്തിൽ നടപ്പുണ്ടായിരുന്നു. പ്രാചീനഭാഷാസ്വഭാവവും അർത്ഥവും ഗ്രഹിക്കാതെയാണു് 'നാഴിയക്കൊട്ട്' എന്നതിനെ 'നാഴികക്കോട്ട' എന്നാക്കി ഭാഷാത്രൈമാസികത്തിൽ അച്ചടിച്ചുകാണുന്നതു്. 'ഏറാൾനാട്ട്' ഏറാൾപ്പാട്ടിലെ നാട്ട് എന്നു ടിപ്പണിയിൽ പറഞ്ഞിരിക്കുന്നതും തെറ്റാണു്. സാമൂതിരിവംശത്തിലെ യുവരാജാവിനെയാണു് ഏറാൾപ്പാടെന്നു പറയുന്നതു്. നാട്ടിനു് അധീശൻ സാമൂതിരിതന്നെയാണു്. ഇന്നത്തെ ഏറനാടിനു് 12–ാംശതകംവരെ 'ഏറാൾനാട്ട്' എന്നും പിന്നീട്ട് 'ഏറാനാട്ട്' എന്നും ആയിരുന്നു രൂപം.

തൃക്കണാമതിലകം കടന്നു് സർവ്വാദിത്യൻചിറ, കാമപ്പുഴ, കോതപ്പറമ്പു്, കുരുമ്പക്കാവു്, ചിങ്ങപുരം, അരയകുളം ഈ

സ്ഥലങ്ങൾവഴി സൂൎയ്യനസ്തമിക്കുമ്പോൾ കോകം തിരുവഞ്ചിക്കളത്തെത്തുന്നു. രാത്രി അവിടെ കഴിച്ചുകൂട്ടുകയും ചെയ്യുന്നു.

ആ ഭാഗത്തു ചേൎത്തിട്ടുള്ള സന്ധ്യയുടേയും പ്രഭാതത്തിന്റേയും വൎണ്ണന കാവ്യഭംഗികൊണ്ടു ചന്ദ്രോത്സവത്തിലെ വൎണ്ണനകളെ സമീപിക്കുന്നില്ലേ എന്നു തോന്നിപ്പോകും. പിന്നീടുള്ള മാൎഗ്ഗം ബാലക്രീഡേശ്വരംവഴി കൊടുങ്ങല്ലൂൎക്കാണു്. കൊല്ലവർഷം 45–ാമാണ്ടു് ഉണ്ടായ ശങ്കരനാരായണീയത്തിലും ബാലക്രീഡേശ്വരത്തെ വൎണ്ണിക്കുന്നുണ്ടു്. ഏതോ ഭാഷാപദത്തെ സംസ്കൃതീകരിച്ചതാണു്. ഗണപതിയെ ബാലനായി പ്രതിഷ്ഠിച്ചിട്ടുള്ള ഒരു ക്ഷേത്രം അവിടെ ഉണ്ടായിരുന്നു. അതിനടുത്തു് ഗോത്രമല്ലേശ്വരം എന്ന സ്ഥലത്തായിരുന്നു കൊല്ലം ആദിശതകങ്ങളിൽ സ്ഥാണുരവി, ഭാസ്കരരവി തുടങ്ങിയ കുലശേഖരപ്പെരുമാക്കന്മാരുടെ കൊട്ടാരം. അതു് ഇപ്പോഴത്തെ കോട്ടപ്പുറംഭാഗമായിരിക്കാം. ഒരുകാലത്തു് നൃപകുലപുരിയായിരുന്ന ആ ഭാഗത്തെ വൎണ്ണിക്കുമ്പോൾ കവി വികാരതരളിതനായിത്തീരുന്നതു കാണാം.

> "മാരക്രീഡാരഭസജനിതോദ്വേലഖേദാലസാനാം
> വാരസ്ത്രീണാം വളരിളമുലക്കുന്റിലേറിക്കിടന്നു്
> വാരിക്കൊണ്ടശ്രമജലകണാൻകട്ട പൂഞ്ചോലയൂടേ
> പോരക്കണ്ടിട്ടുളികളനിലം വിൻതയാന്നാക്കുമേടം."

ഈ പദ്യത്തിന്റെ ഛായയാണു്, 'മാരക്രീഡാമഹലഹളയിൽ' എന്ന മയൂരസന്ദേശപദ്യമെന്നു സ്പഷ്ടമല്ലേ?

> "ആടിക്കാലത്തുടനടമഴക്കാറുകണ്ടുൾക്കനംകെ–
> ട്ടാടിക്കൂടി പ്രകടിതരസം തമ്മിലേററംകലൎന്നു്
> കൂടക്കൂടപ്പരിയ,കടലും ചൂൎണ്ണിയാറും, കളിക്കി–
> ന്റേടം കാണാം പ്രിയസഖ! നിനക്കത്രെ മുല്പാട്ടു ഭൂയഃ"

പെരിയാറും കടലും തമ്മിൽച്ചേരുന്ന ഭാഗമാണു് ഈ പദ്യത്തിൽ വൎണ്ണിക്കുന്നതു്. 'കടലും ചൂൎണ്ണിയാറും കൂടക്കൂടപ്പരിയക്കളിക്കിന്റേടം' എന്നാണു മൂന്നാമത്തെ വരിയുടെ അന്വയം. പരിയക്കളിക്കുക = ഓടിക്കളിക്കുക. 'ഓടുക' എന്നൎത്ഥമുള്ള 'പരിതൽ' എന്ന തമിഴ്പദത്തിൽനിന്നുണ്ടായ രൂപമാണു്

'പരിയ'. ആടിക്കാലം വർഷാരംഭമായി കല്പിച്ചുകൊണ്ടു വ ർണ്ണിക്കയാണ്. ധാരാളം മഴ പെയ്തുകഴിഞ്ഞതതിനുശേഷമാണെങ്കിൽ ആററിൽനിന്നു വെള്ളം കടലിലേയ്ക്കൊഴുകുന്നതല്ലാതെ കടലിൽനിന്ന് ആററിലേയ്ക്കു് ഒഴുകുകയില്ല. ആറും കടലും അങ്ങോട്ടും ഇങ്ങോട്ടും ഓടിക്കളിക്കുന്നു എന്ന വർണ്ണനയും യോജിക്കില്ല.

"ത്വന്നീരെന്നും തുകിലഴകെഴും വീചിഹസ്തേനതാങ്ങി-
ക്കാന്തംകണ്ടിപ്പുരികുഴൽ വിരിച്ചക്കയൽക്കണ്ണലാവ
ആയാന്തീം താമുദധിദയിതാം കണ്ടുകൊണ്ടാടിമാഴ്ഗേ
വേഗാൽപ്പിന്നെ പ്രവിശതു ഭവാൻ മംഗലംചേന്നപൂർവ്വം."

എന്ന പദ്യത്തിൽ വർണ്ണിക്കുന്നപോലെ ആറുകടന്നു ചേന്നമംഗലത്തുകൂടി പറവൂർഗ്രാമത്തിൽപ്പെട്ട പെരുവാരത്തെത്തുന്നു. പാലിയത്തച്ചന്മാർ അന്നു പ്രബലരായിരുന്നില്ല.

"പ്രാലേയാംശുപ്രഗളിതസുധാശീതളം മൗലിദേശേ
ഫാലേ ചാലക്കൊടിയദഹനജ്വാലയാ താപ്യമാനം
ആലം വിഞ്ജും ഗളമഗസുതാലിംഗനാബദ്ധസൗഖ്യം
കാലാരേ! നിൻ വപുരുടനുടൻ തോഷണം ഭീഷണം മേ"

എന്നിങ്ങനെയാണ് പെരുവാരത്തുശിവനെ വർണ്ണിക്കുന്നതു്. പിന്നീട്ട് 'വള്ളുളിത്തമ്പുരാനെ'യും തിരുമൂപ്പത്തുക്ഷേത്രത്തിലെ ശിവനെയും വന്ദിച്ച് ചേരാനല്ലൂർവഴി ഇടപ്പള്ളിയിലെത്തുന്നു.

കിട്ടിയിട്ടുള്ള 96 പദ്യത്തിലെ ഉള്ളടക്കമാണ് ഇതു്. ഇത്ര വിസ്തരിച്ചുള്ള മാർഗ്ഗവർണ്ണനം മററു സന്ദേശങ്ങളിൽ കാണാൻ കഴികയില്ല. പൂർവ്വസന്ദേശത്തിൽത്തന്നെ ഇരുനൂറോളം പദ്യങ്ങൾ ഉണ്ടായിരിക്കണം. ഉണ്ണുനീലിസന്ദേശത്തിൽ പൂർവ്വഭാഗത്ത് ചില പദ്യങ്ങൾ അത്യന്തം മനോഹരമാണെങ്കിലും ശുഷ്കവും വിരസവുമായ പലതും അക്കൂട്ടത്തിൽ നമുക്ക് അനുഭവിക്കേണ്ടതുണ്ട്. എന്നാൽ കോകസന്ദേശത്തിലെ എല്ലാ ശ്ലോകങ്ങളും ഒന്നുപോലെ ഹൃദ്യമാണ്. കല്പനാശക്തിയിൽ

'ഉണ്ണുനീലി'യുടെ കർത്താവിനടുത്തു് എത്തുന്നില്ലെങ്കിലും വർണ്ണനകളുടേയും ഭാവനകളുടേയും പുതുമകൊണ്ടു് കോകസന്ദേശം ആദ്യന്തം ഹൃദയഹാരിയായിരിക്കുന്നു. ഭാഷയുടേയും സാഹിത്യത്തിന്റേയും ദേശത്തിൻേറയും ചരിത്രം സംബന്ധിച്ചു് വിലപ്പെട്ട അറിവുകൾ ലഭിച്ചേനെ, ഈ വിശിഷ്ടകാവ്യം പൂർണ്ണമായി ലഭിച്ചെങ്കിൽ.

## വ്യാഖ്യാനത്തിലെ ചില സൂചനകൾ

| | |
|---|---|
| അ. | അനന്തപുരവർണ്ണനം |
| ആട്ട. | ആട്ടപ്രകാരം |
| ഉ. ച. | ഉണ്ണിയാടിചരിതം |
| ഉണ്ണി. | ഉണ്ണിയച്ചിചരിതം |
| ഉണ്ണിച്ചി. | ഉണ്ണിച്ചിരുതേവീചരിതം |
| ഉ. സ. | ഉണ്ണുനീലിസന്ദേശം, എൻ. ബി. എസ്. 1957 |
| കൃഷ്ണ. | കൃഷ്ണഗാഥ |
| കേ. രാ. | കേരളവർമ്മരാമായണം |
| ഗ്രന്ഥം. | യൂണിവേഴ്സിറ്റി മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിവക താളിയോലഗ്രന്ഥം |
| ചന്ദ്ര. | ചന്ദ്രോത്സവം |
| പ. | പദ്യരത്നം |
| പയ്യ. | പയ്യന്നൂർ പട്ടോല |
| രാ. | രാമചരിതം |
| ലീ. | ലീലാതിലകം 1958 (എൻ. ബി. എസ്.) |
| വാസു. | വാസുദേവസ്തവം |

KOTTAYAM PUBLIC LIBRARY
KOTTAYAM.
34976

# കോകസന്ദേശം

"പൊല്പ്പംമാതിൻ മിഴിനിഴൽ പൊഴി-
ഞ്ഞൊരു ചേതിങ്കനാട്ടിൽ
ചൊല്ലെററീട്ടും നിജനിലയനേ
കോഴിപി കാമീ വസന്തേ
അപ്പോർകൊങ്കത്തടമഴകെഴും
മാർവിടത്തോടമൃഴ്ത്തി-
ത്തല്പേ താനും പ്രിയതമയുമായ്-
ച്ചേന്നിരിന്നാൻ കദാചിൽ." 1

വസന്തകാലത്തൊരിക്കൽ ഒരു കാമുകൻ ലക്ഷ്മീദേവിയുടെ വിലാസരംഗമായ ദേശിങ്ങനാട്ടിലുള്ള പേർപെററ സൗധവനത്തിൽ പ്രിയയെ ഗാഢമായി ആലിംഗനംചെയ്തുകൊണ്ടു് ഒരു കട്ടിലിൽ അവളുമായി ചേന്നിരുന്നു—നിഴൽ=കാന്തി. ചേതി(ത്തു)ങ്കനാട്=ദേശിങ്ങനാട്. ചൊൽ=കീർത്തി. കോപി=ഒരു. അമുഴ്ത്തി=ചേത്തു്, പതിച്ചു്. 'രത്നങ്ങൾ അമുഴ്ത്തിന വിഭൂഷണങ്ങൾ' കേ. രാ. എപ്പോൾ എന്നു പറയുന്നില്ല. 'ഉൽഫുല്ലാംഭോരുഹം' തുടങ്ങിയ പ്രയോഗങ്ങളിൽ നിന്നു രാവിലെ എന്നൂഹിക്കാം.

"അപ്പോൾ മൂർച്ഛ്വാം തടവി നെടുവീർ-
പ്പിട്ടു നേത്രോല്പലാന്താ-
ന്മുക്താൻ മുത്തിൻമുറിനിറമുറും
ബാഷ്പവിന്ദൂൻ ദധാനഃ

സ്വപ്രേയസ്യാ തഴകി മുറയി-
ട്ടെന്തിതെൻേറഷ പൃഷ്ടോ
ലബ്ധ്വാ സംജ്ഞാം ലളിതവദനാം
താമിവണ്ണം ജഗാദ." 2

അപ്പോൾ മൂർച്ഛിച്ചു നെടുവീർപ്പിട്ടു കണ്ണുനീരൊഴുക്കുന്ന അയാളെ പ്രണയിനി കെട്ടിപ്പുണൎന്നുകൊണ്ടു് 'ഇങ്ങനെ മുറയിട്ടതെന്തു്?' എന്നു ചോദിച്ചു. ബോധം വീണപ്പോൾ അയാൾ ആ സുന്ദരിയോടു് ഇപ്രകാരം പറഞ്ഞു— മൂർച്ഛാം=മൂർച്ഛയെ. നേത്രോല്പലാന്താദ് മുക്താൻ ബാഷ്പബിന്ദൂൻ ദധാനഃ ഏഷ സ്വപ്രേയസ്യാ 'മുറയിട്ടെന്തിതു്" എന്നു പൃഷ്ടഃ=നയനാന്തത്തിൽനിന്നു് ഒഴുകുന്ന കണ്ണുനീർത്തുള്ളികളെ വഹിക്കുന്ന അയാൾ സ്വപ്രേയസിയാൽ 'ഈ മുറയിട്ടതു് എന്തു്" എന്നു ചോദിക്കപ്പെട്ടു. സംജ്ഞാം ലബ്ധ്വാ=ബോധം പ്രാപിച്ചിട്ടു്. ലളിതവദനാം താം=ലളിതവദനയായ അവളോടു്. ജഗാദ=പറഞ്ഞു. മുത്തിൻമുറിനിറമുറും=മുറിഞ്ഞ മുത്തുകളുടെ കാന്തിയുള്ള. നിറം=ഭംഗി. 'മുറുകിയൊതുങ്ങിനിറംപെട്ടേറ്റം' ആട്ട. 'മാലേയക്കൊങ്ക കുന്നോ കമനി കമലമൊട്ടോ നിറംപെട്ട വട്ടോ'പ. (വട്ടു്=പന്തു്) ഉറും=വൎദ്ധിച്ച, ഉള്ള. 'തിറമുറും' (ഉറപ്പുള്ള) രാ. 'മുത്തിൻമുറിനിറമുറും' എന്നിടത്തു് 'ത്തി' 'ക്തി' എന്നു തെററിയെഴുതിയിട്ടുണ്ടു്. 'മുക്താമുറി' എന്നു പാഠം കല്പിക്കാൻ കാരണം ഇതാകാം.

"എന്നച്ഛാ! വന്നഴലിനിയുമുൾ-
ക്കാമ്പിലുജ്ജൃംഭതേ മേ
ഭിന്നച്ഛായം വപുരപി മയ-
ങ്ങിപ്പനിക്കിൻറുതിന്നും
നിൻവിശ്ലേഷവ്യസനമിവിടെ-
ത്തോന്റുകൊണ്ടോട്ടിയമ്പി-
ക്കിം വാ മായാവിലസിതമിദം
കിം കനാവോ ന ജാനേ." 3

അയ്യയ്യോ! എനിക്കുണ്ടായ ദുഃഖം ഇപ്പോഴും എന്റെ മനസ്സിൽ പൊന്തിവരുന്നു. ഇനിയും ശരീരം വിളറി മയങ്ങി പനിക്കുന്നു. നിൻെറ വിരഹംമൂലമുള്ള വ്യസനം ഇങ്ങുണ്ടാകകൊണ്ടു് എന്തോ പറഞ്ഞു. ഇതു മായാവിലാസമാണോ സ്വപ്നമാണോ എന്നു് എനിക്കറിഞ്ഞുകൂട. വന്നഴൽ=വന്ന+അഴൽ. ഭിന്നച്ഛായം=ഒളികെട്ടു്. തോന്റുക=ഉണ്ടാകുക.

"വാഴ്ക്കും നിൻ വാരണിമുലയിൽ നി-
ൻറങ്ങൊരാരാമവീഥ്യാ-
മാക്കപ്പെട്ടേനകരുണനധിയാ
കേനചിൽ ഖേചരേണ
വേർപ്പെട്ടപ്പോഴവിടെ വിചരൻ
കപാപി വാപീതടേ ക-
ണ്ടാൾപുക്കിത്ഥം കനിവിനൊട്ട ഞാൻ
ചൊല്ലിനേൻ ചക്രവാകം." 4

നിർദ്ദയനായ ഏതോ ഒരു ആകാശസഞ്ചാരി എന്നെ നിന്നിൽനിന്നു് അകററി ദൂരെയൊരു ആരാമവീഥിയിൽ ആക്കി. നിന്നോട്ട വേർപെട്ടു് അവിടെ ഒരു പൊയ്കയുടെ കരയ്ക്കു സഞ്ചരിച്ചിരുന്ന ഞാൻ ഒരു ചക്രവാകത്തെ കണ്ടു് അതിൻെറ അട്ടത്തു ദാസഭാവത്തിൽ ചെന്നു ദയവുതോന്നത്തക്കവണ്ണം ഇങ്ങനെ പറഞ്ഞു—വാർ=ഭംഗിയുള്ള. cf. വാർതിങ്കൾ, വാർമുല, 'വാരെത്തും പദ്യജാലൈ.' അണി=ഭംഗിയുള്ള. cf. അണിമതി, അണിവായ്. വാരണി=ഏററവും ഭംഗിയുള്ള. ഖം=ആകാശം. ഖേചരേണ=ആകാശസഞ്ചാരിയാൽ. അലുക് സമാസം. ആൾ=അടിമ. ആൾപൂകുക=അടിമ പൂകുക, ദാസനാകുക. 'അന്തിയും പകലുമെല്ലാം അർച്ചിച്ചേൻ അടിമ പുക്കേൻ' തോററംപാട്ടു്. cf. ആൾപാട്ടം (അടിമയെ മറെറാരാളിനു കുഞ്ഞകാലത്തേയ്ക്കു പാട്ടം കൊടുക്കുന്നതു്), ആൾകൊള്ളുക (അടിമയെ വാങ്ങുക )

"അപ്പാലെന്തേ വിചരതി ഭവാ,–
നിപ്പുറം പോരുതാനാ,
ലുൽഫുല്ലാംഭോരുഹമളിരവൈ–
സ്തുപാം വിളിക്കിൻറവാറു്
അത്യാപത്താമളവിലുതകും
ബാന്ധവപ്രാപ്തി തന്നോ–
ടൊത്തോരർത്ഥാന്തരമയി സഖേ!
മററു ചൊല്ലാവതില്ല." 5

അങ്ങു് അവിടെ നടക്കുന്നതെന്തു്? ഇപ്പുറം വന്നെങ്കിൽ! വികസിച്ച താമരകൾ ഇതാ വണ്ടിൻശബ്ദങ്ങൾകൊണ്ടു് അങ്ങയെ വിളിക്കുന്നപോലെ നില്ക്കുന്നു. അല്ലയോ സുഹൃത്തേ, അത്യാപത്തിൽ ഒരു ബന്ധുവിനെ കിട്ടുന്നതിനു തുല്യമല്ല മറെറാരു സമ്പത്തും—അപ്പാൽ=അപ്പുറം, അവിടെ. ഗ്രന്ഥത്തിൽ 'ല' 'വ'പോലെയാണു കാണുന്നതു്. 'പോരുതാണുദ്‌ൽഫുല്ല' എന്നിടത്തും തെറ്റുണ്ടു്. 'ണ' 'നാ' എന്നോ, 'രാ' എന്നോ വായിക്കണം. 'ആരാൽ' എന്നാണെങ്കിൽ 'അടുത്തു്' എന്നർത്ഥം. 'ണാ' എന്നു ദീർഘമായി ഗ്രന്ഥത്തിലില്ല. 'അളിരവൈകം' എന്നും ഗ്രന്ഥത്തിൽ തെററുണ്ടു്.

"ചന്ദ്രാവിദ്ധം തിരുമുകടിലേ
വച്ചുകൊണ്ടോമലിക്കും
മന്ദാകിന്യാഃ കനകനളിനീ–
മന്ദിരാവിർഭവന്തം
ഇൻറിപ്പൊംപൊയ്കയിലിതമെഴ–
ക്കൊണ്ടു വന്നാക്കിനോരാ–
രെൻറല്ലസ്സൽസുചരിത പരീ–
പാക ലക്ഷ്മീവിലാസം." 6

ചന്ദ്രനാൽ അലംകൃതമായ തിരുമുടിയിൽവച്ചോമനിക്കുന്ന മന്ദാകിനിയുടെ പൊൻതാമരപ്പൊയ്കയാകുന്ന ഭവനത്തിൽ (മാനസസരസ്സിൽ) ആവിർഭവിക്കുന്ന അങ്ങയെ ഇപ്പോൾ ഈ

പൂമ്പൊയ്കയിൽ ഹിതമാംമാറ്റ് കൊണ്ടുവന്നാക്കിയതാര് എന്നു ചോദിക്കേണ്ട. നമ്മുടെ സുകൃതപരിപാകലക്ഷ്മീവിലാസം തന്നെ—മുകട്=ഉച്ചി, മൗലി. cf. 'മുകട്ടുവള' (മോന്തായം)

"അന്തിക്കാലത്തഭിനവവധൂ
വിപ്രയോഗേന നീ വ-
ൻറന്തസ്താപം കഥമപി പൊ-
റുത്തങ്ങിരിക്കിൻറപോലെ
ചെന്താരമ്പൻ പരധനമെൻ കാ-
ന്തവേറായ് നിതാന്തം
സന്താപംപൂണ്ടഹഹ! വിഷമം
ഞാനിയങ്ങിൻറവാറ്." 7

സന്ധ്യാവേളയിൽ പുതുവിരഹം ഹേതുവായിട്ടുണ്ടായ മനോവേദന നീ വല്ലവിധവും സഹിച്ചിരിക്കുന്നപോലെയാണു് കാമൻെറ കുലധനമായ എൻെറ പ്രിയയെ വേർപെട്ടു ഞാൻ ഏററം ദുഃഖിതനായി വിഷമിക്കുന്നതു്—ഇയങ്ങ്ക=ചേരുക, ഉണ്ടാവുക. 'പ്രണയവിരോധമിയങ്ങിനോരുനേരം' ആട്ട. 'നിങ്കുടിപ്പുലയാട്ടെല്ലാമെൻകുടിക്കുമിയങ്ങുമോ' അ. 'ഇയൈതൽ' എന്നു തമിഴ്. വന്ന+അന്തസ്താപം=വന്നന്തസ്താപം.

"വേരിച്ചൊല്ലാർമണി ചെറുകരി-
ച്ചേരുമെന്നോമൽതാനും
വേറിട്ടെന്നെക്കരുതി നിതരാം
മാഴ്കുമിൻെറൻറു മന്യേ
നേരേ പൊയ്കക്കെതിർകരെ നിലെ-
ക്കിൻറ നിന്നോടകൻറാൽ
വേറല്ലല്ലീ പരിചു പതഗാ-
ധീശ! നിൻ വല്ലഭായാഃ?" 8

ചെറുകരവീട്ടിലെ തേനൊല്ലംവാണിയായ എൻെറ ഓമൽ വേർപിരിഞ്ഞ എന്നെക്കരുതി ഇന്നു് ഏറ്റവും ദുഃഖിക്കുമെന്നു

ഞാൻ വിചാരിക്കുന്നു. അല്ലയോ പക്ഷിരാജ, നേരെ പൊയ്ക്കയ്ക്കെതിർകരയിൽ സ്ഥിതിചെയ്യുന്ന നിന്നോടകന്നാൽ നിൻെറ വല്ലഭയുടെ അവസ്ഥയും സംയോഗാവസ്ഥയിൽനിന്നു ഭിന്നമല്ലോ— വേരി=തേൻ. നിലയ്ക്കുക=സ്ഥിതിചെയ്യുക. 25-ാംപദ്യം നോക്കുക. സ്ഥിരമായി നില്ക്കുക എന്ന തമിഴർത്ഥം മലയാളത്തിൽ കാണുന്നില്ല വേറല്ലല്ലീ=മറെറാന്നല്ലേ? ലീ. പദ്യം 126; ഉ. സ. പദ്യം 17. വേറിട്ട+എന്നെ=വേറിട്ടെന്നെ. ചെറുകരിൽ=ചെറുകരയിൽ എന്നതിൻെറ രൂപഭേദം. പരിചു=മാതിരി, അവസ്ഥ.

"എന്നെക്കാണാഞ്ഞഴിനില പെറും
ജീവിതാശാം വെറുക്കും
മുന്നേ നിന്നാലതികരുണയാ
സാ സമാശ്വാസനീയാ
മുന്നം മുന്നം കൊടിയ വിരഹോ-
ന്മാദവേഗേന വാട്ടും
തന്വംഗീനാം നിനവതിർ കട-
ന്നൊട്ടു ചെല്ലു മനോഭൂഃ" 9

എന്നെക്കാണാഞ്ഞ് അവൾ അതീവ കഷ്ടസ്ഥിതിയെ പ്രാപിക്കുന്നതിനും ജീവിതാശയെത്തന്നെ വെറുക്കുന്നതിനുംമുന്നേ അല്ലെങ്കിൽ അഴിനിലപെറുന്ന ജീവിതത്തിൽ ആശവെടിയുന്നതിൻമുന്നേ ദയവുണ്ടായി നീ അവളെ സമാശ്വസിപ്പിക്കണം. ആദ്യം ആദ്യം തീരെ സഹിക്കാൻ കഴിയാത്ത വിരഹോന്മാദത്തിൻെറ ശക്തികൊണ്ടു വാട്ടുന്ന സുന്ദരിമാരുടെ സങ്കല്പസീമയെ കടന്ന് അതിദൂരം ചെല്ലുന്ന കാമൻ. അഴിനില=കഷ്ടസ്ഥിതി. പെറും=പ്രാപിക്കും.

"ചാതുര്യത്തിൻ വിളകഴനിയാം മങ്കമാർ മിക്കയൂനാം
ചേതോരംഗേ തെളിവൊട്ടു കളിക്കിൻെറ ചേതിങ്കനാട്
യാതവ്യം തേ മുഹുരുപചിതൈഃ പുണ്യപൂരൈൻെറാണാം
മേതീമ്മേൽ വന്നിതമെഴ വിളങ്ങിന്റ നാകോപമേയം." 10

അതീവചാതുര്യവതികളായ മങ്കമാർ സമർത്ഥന്മാരായ യുവാക്കന്മാരുടെ ചേരുവസ്സാകുന്ന രംഗത്തിൽ ആടിക്കളിക്കാറുള്ളതും നരന്മാരുടെ പല ജന്മങ്ങളിലെ പുണ്യപൂരംകൊണ്ടു ഭൂമിയിൽ മനോഹരമായി വന്നുവിളങ്ങുന്ന നാകലോകംപോലുള്ളതും ആയ ദേശിങ്ങനാട്ടിലാണു നിനക്കു പോകേണ്ടതു്. കഴനി=വയൽ. മിക്ക=മികച്ച, സമർത്ഥരായ, പ്രസിദ്ധരായ. മുഹുരുപചിതൈഃ= വീണ്ടുംവീണ്ടും സഞ്ചയിക്കപ്പെട്ട, പുണ്യപൂരൈഃ=പുണ്യാധിക്യത്താൽ. മേത്=ഭൂമി.

"കന്നേക്കണ്ണാൾ മുടിമണിയെ നീ
ചെൻറുകണ്ടാശ്വസിപ്പി-
ച്ചെന്നെത്തൊട്ടത്തിരുമനസി
വൻറാഴകാൽ തീരുമാറ്
ഉന്നിദ്രം മൽക്കുശലമറിയി-
പ്പിച്ചു തേടുൻറ പുണ്യം-
തന്നെക്കൊണ്ടേ ഭവതു ഭവതോ
മിക്ക പാഥേയമെങ്ങും." 11

KOTTAYAM PUBLIC LIBRARY KOTTAYAM

ആ വേൽപൊരും കണ്ണിമാർ മുടിമണിയെ നീ ചെന്നു കണ്ടാശ്വസിപ്പിച്ചു് എന്നെച്ചൊല്ലി മനസ്സിനുണ്ടായ കഷ്ടസ്ഥിതി തീരുമാറു് ഉത്സാഹത്തോടെ എന്റെ കുശലമറിയിച്ചു് അതുവഴി നേടുന്ന പുണ്യംകൊണ്ടുതന്നെ അങ്ങേയ്ക്കു നല്ല പാഥേയം വഴിക്കെങ്ങും ഭവിക്കട്ടെ.—പാഥേയം=വഴിക്കുള്ള ആവശ്യത്തിനു യാത്രയിൽ കെട്ടിക്കൊണ്ടുപോകുന്ന പൊതിച്ചോറു്. ആഴകാൽ=കഷ്ടത, വാട്ടം. കന്നം=കൈവേൽ. cf. 'കണ്ണനേർമിഴി'. 'ചൊട്ടവിട്ടേറുകന്നം' എന്നു രാമചരിതത്തിൽ ആയുധങ്ങളെ വിവരിക്കുന്നു. 'കന്നംപൊരുമൊൺകൺ' രാ. പൊരും = യോജിക്കുന്ന. ഒൺ = മനോഹരമായ. എന്നെത്തൊട്ട=ഞാൻനിമിത്തം. 'വേളിയെത്തൊട്ടുള്ള ഉത്സവം.' കൃഷ്ണ. 'അതിൽതൊട്ടുപിശകി' വ്യവഹാരമാല. 'കണ്ടതുതൊട്ടു പറഞ്ഞു.' തിരുമനസി—നായിക രാജകന്യകയോ ദേവ

ദാസിയോ ആകുന്നുവെന്നു തെളിയുന്നു. "ചെന്നറിയിച്ചുതേടുന്ന പുണ്യം, ചെന്നറിയിക്കാൻ പോകുമ്പോൾത്തന്നെ പാഥേയമാകുന്നതെങ്ങനെ? ഉണ്ടാവാനിരിക്കുന്ന പുണ്യത്തിലുള്ള ശ്രദ്ധയാൽ വഴിക്കു ഭക്ഷണാദിയിൽ ശ്രദ്ധയില്ലാതെ തിടുക്കപ്പെട്ടു പോകുമെന്നായിരിക്കുമോ വിവക്ഷ? 13-ാംശ്ലോകം ഈ ചിന്തയെ സഹായിക്കുന്നു." കുട്ടികൃഷ്ണമാരാർ. "തവപ്രസാദസ്യ പുരസ്തുസമ്പദഃ" എന്ന് എൻ. വി. കൃഷ്ണവാരിയർ സമാധാനം പറയുന്നു.

"ഇൻറിപ്പോഴേ പെരികെ ഉഴറി-
പ്പോകിൽ നിന്നാണ നാളെ-
ച്ചെൻറത്താം തേ, മമ പുനരെടോ!
നാലുനാൾകൊണ്ടു ചെല്ലാം
എൻറാലേററം വിരവിനൊടു നീ
പോക ഭൂലോകലക്ഷ്മീം
കുൻറാത്തീട്ടം കുചഭരനതാം
മൽപ്രിയാം ദ്രഷ്ടുകാമഃ" 12

ഇന്നിപ്പോൾത്തന്നെ വേഗം പോയാൽ നിന്നാണെ നിനക്കു നാളെച്ചെന്നെത്താം. സ്നേഹിതാ, എനിക്കാകട്ടെ നാലുനാൾ വേണ്ടിവരും. അതുകൊണ്ടു ഭൂലോകമലർമങ്കയും കുന്നൊത്തീട്ടം കുചഭരനതയും ആയ എൻെറ പ്രിയയെ കാണാൻ അങ്ങ് അതിവേഗം പുറപ്പെട്ടുക. എന്റാൽ=അതുകൊണ്ട്. 48-ാം പദ്യം നോക്കുക. ദ്രഷ്ടുകാമഃ=കാണ്മാൻ ആഗ്രഹിക്കുന്നവൻ. ഉഴറി=ബദ്ധപ്പെട്ട്.

"കൊത്തിക്കൊത്തിക്കമലകലികാ-
കേസരാൻ വാസരാദൗ
പ്രത്യാവൃത്ത പ്രിയസഹചരീ-
ജുഷ്ടശേഷാൻ നിഷേവ്യ

മ(ൻ)ക്കപ്പൂമ്പൊയ്കകളിൽ വിളയാ-
ടിന്റ ചക്രാഹ്വയാനാം ചക്രവാകങ്ങളുടെ.
സൽക്കാരംകൊണ്ടവിടെയവിടെ-
ത്തോഴ! വൈകായവേണ്ടും.'' 13

രാവിലേ മടങ്ങിയെത്തിയ പ്രിയസഹചരി തിന്നുശേഷിച്ച താമരയല്ലികളെ രുചിയോടേ കൊത്തിക്കൊത്തി തിന്ന് പൂക്കൾനിറഞ്ഞ പൊയ്കകളിൽ വിളയാടുന്ന ചക്രവാകങ്ങളുടെ സൽക്കാരം സ്വീകരിച്ച് സുഹൃത്തേ, അവിടവിടെ താമസിച്ചുകളയരുത്. വാസരാദൗ=രാവിലെ. സഹചരീജശ്ധം=സഹചരിയാൽ തിന്നപ്പെട്ട. നിഷേവ്യ=തിന്നിട്ട്. മല്ക്കുക=നിറയുക. വൈകായ=വൈകാത എന്നതിന്റെ രൂപഭേദം.

''പള്ളിച്ചൂലത്തലകൊട്ട പിള-
ന്നിട്ട മാറിൽത്തുളുമ്പി-
ത്തള്ളും ചോരിക്കളിയിലമിഴ-
ക്കാലനെക്കൊൻറു വീഴ്ത്തി
ഉള്ളിൽക്കോപ്പേറിന കരുണയാ
ഭക്തരക്ഷാർത്ഥമസ്മിൻ
വെള്ളോട്ടിൻവായ്ക്കരെ അമരുമെ-
ന്നപ്പനെക്കാൺക മുമ്പിൽ.'' 14

മേന്മയേറിയ ശൂലത്തലകൊണ്ടു പിളന്ന നെഞ്ചിൽനിന്നു തുളുമ്പിയൊഴുകുന്ന ചോരിക്കളിയിൽ മുങ്ങത്തക്കവണ്ണം കാലനെ കൊന്നുവീഴ്ത്തി കരുണാവായ്പോടെ ഭക്തന്മാരുടെ രക്ഷയ്ക്കായി ഈ വെള്ളോട്ടുകരയിലമരുന്ന എന്റെ അപ്പനെ ആദ്യം കാണുക—പള്ളി=മഹിമയെ സൂചിപ്പിക്കുന്നു. കൊട്ട=കൊണ്ടു. ലീലാതിലകം എൻ. ബി. എസ്. 1958. പുറം 195. 'ദക്ഷരക്ഷാർത്ഥം' ഗ്രന്ഥ. കോപ്പ=മഹിമ, പെരുപ്പം. ഉ. സ. മൂന്നാംപതിപ്പ് എൻ. ബി. എസ്. പുറം 75. ചോരിക്കളി=കട്ടിച്ചോര. അമിഴക=മുങ്ങുക; ചേരുക. 'ആണ്ണേനമി

ണ്ണേൻ' ലീ. 'നെററിയാം മുററത്തമിണ്ണുള്ള ലീല' കൃഷ്ണ. 'പ്രണയരസമമിണ്ണ്'പ. 'വെള്ളോട്ടകര' കോട്ടയ്ക്കലല്ല, തൃപ്പങ്ങോടാണു്. കോട്ടയ്ക്കലിൻെറ പഴയ പേരു വെങ്കട്ടകോട്ട എന്നായിരുന്നു. തൃപ്പങ്ങോട്ടക്ഷേത്രക്കുളത്തിനു് ഇപ്പോഴും 'വെള്ളോട്ട' എന്നാണു പറയുന്നതു്. അടുത്തുള്ള പാടത്തിനു് വെള്ളോട്ട പാടം എന്നും. (എൻ. വി. കൃഷ്ണവാരിയർ, മാതൃഭൂമി ആഴ്ചപ്പതിപ്പു്, 1957 ആഗസ്റ്റ് 4-ാംനു-)

"അംഗാദ്ധേ ചേത്ത ചലതനയാം
തീവ്രവിശ്ലേഷഭീത്യാ
ഗംഗാം കററച്ചടയിടയിൽ വൈ-
ക്കിൻെറ കല്യാണമൂത്തേ!
തുംഗം വെള്ളിത്തിരുമലയിളക്കും
ദശഗ്രീവഗവ്വിൻ-
ഭംഗം തോററും തവപദയുഗം
ഞാനിതെല്ലോ തൊഴുന്നേൻ." 15

തീവ്രവിരഹഭീതിയാൽ അചലതനയയെ അർദ്ധാംഗമാക്കിക്കൊണ്ടും ഗംഗയെ കററജ്ജടയുടെ ഇടയിൽ ഒളിച്ചുവെച്ചും ഇരിക്കുന്ന മംഗളസ്വരൂപിൻ, ഉന്നതമായ കൈലാസം പുഴക്കിയ രാവണൻെറ ഗവ്വിനു ശമനം ഉണ്ടാക്കിയ നിൻെറ പദയുഗത്തെ ഞാനിതാ കൈതൊഴുന്നു—തോററും=ഉണ്ടാക്കും. 'തോററാം' ഗ്രന്ഥ. തൊഴുന്നേൻ എന്നെഴുതിയിട്ടു് 'ന്ന' വെട്ടി 'ന്റ' ആക്കിയിരിക്കുന്നു.

"കുംഭിത്തോൽപോത്തരവമുടഞാ-
ണക്ഷമേന്തും പുരാനെ-
ക്കുമ്പിട്ടെൻെറിപ്പുരിച്ചു കനിവിൽ-
ക്കായ്യസിദ്ധ്യൈ പുകണ്ണ്
അമ്പിൽക്കുൻെറിൻ തിരുമകളെയും
കുപ്പി നേരേ കിഴക്ക-
ച്ചെമ്പൊ(ൽ)ക്കുൻേറാട്ടര പൊരിതിട്ടും
ഗോപുരേണ പ്രയാഹി." 16

34976

എന്നിങ്ങനെ, ആനത്തോലുടുത്തു് പാമ്പുടഞ്ഞാണും രുദ്രാക്ഷവൃമണിയുന്ന തമ്പുരാനെ കാൎയ്യസിദ്ധിക്കായി ഭക്തിയോടെ സ്തുതിച്ചു് കുന്നിൻമകളേയും അമ്പിൽ കൂപ്പി മഹാമേരുവോടുരപെററ കിഴക്കേ ഗോപുരംവഴി നേരേ പോകുക—പോറ്റുക=പോറ്റുക, ധരിക്കുക. അരവം=പാമ്പു്. ഉട=ഞളി. cf. 'കരിയുരിയുമുടുത്തരവംചുററി' ഉ. ച. ഉര=ചൊൽ, കീൎത്തി. 'മൺമേലുരപെററ' ചന്ദ്രോത്സവം. ഉര=മാററു്. 'ചൂട്ടും ഉരയും ഉള്ള പൊന്നു്' (ചൂട്ടു്=ശുദ്ധി) ഉര=ശക്തി. 'ഉരയേറും പോർ' രാ. ഇവിടെ മൂന്നൎത്ഥവും യോജിക്കും. പൊരും, പൊരുതും=ചേരും, എതിരിടും. 'പരിച' എന്നേ ഗ്രന്ഥത്തിൽ ഉള്ളു. തെററിദ്ധരിക്കുമെന്നു കരുതി ഇമ്മാതിരി സന്ദർഭങ്ങളിൽ ഉകാരം ചേൎത്തച്ചടിക്കുന്നു. അടുത്ത പദ്യത്തിൽ 'തഴപ്പിച്ച' എന്നേയുള്ളു.

"വിദ്യാംഭോധേരഴകുപൊഴിയും
കൈവഴിച്ചാറ്റുപോലെ
ശിഷ്യശ്രേണീം ദിശി ദിശി തഴ–
പ്പിച്ചു രുദ്രപ്രസാദാൽ
കണ്ടോർവാഴ്ത്തും പരിമളമെഴ–
പ്പൻറിയെമ്പെള്ളി ഉണ്ണി–
ക്കണ്ടൻ ചൊല്ലും യമകമിഹ തേ
തുണ്ണുമാകൎണ്ണനീയം." 17

രുദ്രപ്രസാദംകൊണ്ടു വിദ്യാസാഗരത്തിൻെറ മനോഹരമായ കൈവഴിക്കൂട്ടംപോലെ ശിഷ്യസമൂഹത്തെ ദിക്കുകൾതോറും തഴപ്പിച്ചു് എവരും വാഴ്ത്തത്തക്ക പരിമളഗുണത്തോടു കൂടി പന്നിയമ്പെള്ളി ഉണ്ണിക്കണ്ടൻ ചൊല്ലുന്ന യമകശ്ലോകങ്ങൾ നിനക്കു വേഗം കേൾക്കാം—തുണ്ണം=വേഗം, ഗോപുരം കടന്നാലുടൻ തേ ആകൎണ്ണനീയം=നിന്നാൽ കേൾക്കപ്പെടേണ്ടതാണു്. 'തേമേശബ്ദൗ നിപാതൗ ത്വയാമയേത്യൎത്ഥേ അവ്യയേ' എന്നു വാമനൻ. ചാറ്റു=കൂട്ടം. പരിമളം—ലീലാതിലകം,രണ്ടാംപതിപ്പു്, പുറം 282. പി. വി. കൃഷ്ണവാരിയരുടെ തറവാടായ കോട്ടയ്ക്കൽപന്നിയംപള്ളിവാരിയത്തെയല്ല ഇവിടെ

KOTTAYAM PUBLIC LIBRARY KOTTAYAM

34976

സൂചിപ്പിക്കുന്നതെന്നും, ഗുരുകുലമെന്ന നിലയിൽ പ്രസിദ്ധിനേടിയ തൃപ്പങ്ങോട്ടു കിഴക്കേമ്പുല്ലത്തുമൂസ്സിൻെറ ഗൃഹത്തിനു പന്നിയൻപള്ളി എന്നു പേരുണ്ടായിരുന്നോ എന്നു് അന്വേഷിക്കണമെന്നും എൻ. വി. കൃഷ്ണവാരിയർ അഭിപ്രായപ്പെടുന്നു. 1957 ആഗസ്റ്റ് 4-ാംനു-യിലെ മാതൃഭൂമി ആഴ്ചപ്പതിപ്പു്.

"ഏനാമാത്മപ്രിയസഹചരീം മുൻനടത്തി പ്രയാന്തം
ഭാനുശ്രേണ്യാ സവിതുരധുനാ രഞ്ജിതാംഗം ഭവന്തം
കാണുന്നേരം ജനപദജനാഃ കല്പയിഷ്യന്തി നൂനം
കാശ്മീരംകൊണ്ടിഴകിന നഭശ്രീസ്തനാഭോഗമെന്റു്." 18

ആത്മപ്രിയസഹചരീം ഏനാം മുൻനടത്തി പ്രയാന്തം സവിതുഃ ഭാനുശ്രേണ്യാ അധുനാ രഞ്ജിതാംഗം, ഭവന്തം കാണുന്നേരം ജനപദജനാഃ കാശ്മീരംകൊണ്ടിഴകിന നഭശ്രീസ്തനാഭോഗമെന്നു് നൂനം കല്പയിഷ്യന്തി=ആത്മപ്രിയസഹചരിയായ ഇവളെ മുമ്പിലാക്കി പറക്കുന്നവനും സൂര്യൻെറ രശ്മിസമൂഹങ്ങളാൽ അപ്പോൾ നിറംപിടിപ്പിക്കപ്പെട്ട ശരീരത്തോടുകൂടിയവനും ആയ ഭവാനെ കാണുമ്പോൾ കുങ്കുമംപൂശിയിട്ടുള്ള ആകാശലക്ഷ്മീസ്തനതടമാണോ എന്നു നാട്ടുകാർ ശങ്കിക്കും. ഇഴകുക=പൂശുക, പററിപ്പിടിച്ചിരിക്കുക. 'കൊങ്കയിലിഴകിടും കളഭം' മഹാഭാരതം. 'കുചതടമിഴകിന്റംഗരാഗാങ്കിതം' ലീ. 'കളഭമിഴകുമോമൽകൊങ്ക' പ. 'കുചമതിലിഴകും കുങ്കുമം' നളചരിതം.

"ചെഞ്ചെമ്മേ പോംവഴി വിരചിത-
 ക്കൊററവാതിൽക്കു ചെല്ലും
കിഞ്ചിദവക്രം വലിയ തിരുനാ-
 വായ്ക്കു ചെൻറുള്ളമാർഗ്ഗം
അപ്പോഴും നീയവിടെ നരക-
 ദ്വേഷിണം കണ്ടുപോവൂ
കർത്തവ്യാ ഹി പ്രഭുഷു പെരിക-
 ച്ചേതമില്ലാത സേവാ." 19

നേരേ പോകുന്നവഴി കൊറ്റവാതിൽ ഉണ്ടാക്കിയിട്ടുള്ളേടത്തു ചെന്നെത്തും. ശ്രേഷ്ഠമായ തിരുനാവായ്ക്കുള്ളവഴി അല്പം വളഞ്ഞതാണ്. എങ്കിലും നീ അവിടെച്ചെന്ന് വിഷ്ണുവിനെ കണ്ടിട്ടു പോകണം. വലിയ ചേതമില്ലാത്ത സേവചെയ്യേണ്ടതാണല്ലോ പ്രഭുക്കന്മാർക്ക്—സാമാന്യംകൊണ്ടു വിശേഷണത്തെ സമർത്ഥിക്കുന്ന അർത്ഥാന്തരന്യാസം. 24-ാംപദ്യത്തിൽ പരാമർശിക്കുന്ന നാവാവിഷ്ണുവിനെത്തന്നെയാണ് ഈ പദ്യത്തിൽ സൂചിപ്പിക്കുന്നതു്. അല്പം ചുററാണെങ്കിലും ദർശനത്തിനായി തിരുനാവായിൽക്കൂടി പോകണമെന്നു കോകത്തോടു പറയുന്നു. ചെഞ്ചെമ്മേ=നേരേ. ചെമ്മേ എന്ന പദവും ഈ അർത്ഥത്തിൽ ഉപയോഗിക്കും. കൊററവാതിൽ=രാജ്യാതിർത്തിയെ സൂചിപ്പിക്കുന്ന വാതിൽ; കൊട്ടാരവാതിൽ. അപ്പോഴും = അങ്ങനെയാണെങ്കിലും. "25-ാംപദ്യത്തിൽ പറയുന്ന ഗോവർദ്ധനപുരം തൃപ്രങ്ങോട്ടുനിന്നു നേരേ തെക്കു മൂന്നു മൂന്നര നാഴികയോളം ദൂരെയാണ്; തിരുനാവായ് രണ്ടുനാഴിക കിഴക്കും. അതുകൊണ്ടാണ് 'കിഞ്ചിത് വക്രം' എന്നു പറയുന്നതു്." കുട്ടിക്കൃഷ്ണമാരാർ.

"തിണ്ണം വേടക്കൊട്ടമയിൽ വെളി-
 മ്പാടമേ ചാടിമാഴ്കി-
ത്തണ്ണീപ്പന്തൽക്കരികിൽ അരയാൽ
 മൂട്ടിലാമ്മാറിരിന്നു്
മുന്നിൽക്കാണാമവിടെ വഴിമേൽ-
 പ്പാന്ഥ(ർ)പേരാററിലൂടേ
മന്നന്താവിക്കുളൂർമയിലെഴും
 തെൻറലേൽക്കിൻറവാറ്." 20

വർദ്ധിച്ച ചൂടിൻെറ കാഠിന്യത്തിൽ വെളിമ്പാടത്തിൽക്കൂടി ഓടി ക്ലേശിച്ച് തണ്ണീർപന്തലിനടുത്തുള്ള അരയാലിൻചുവട്ടിൽ അങ്ങനെയിരുന്നു വഴിയാത്രക്കാർ പേരാററിലൂടെ മന്ദമായി വീശി കുളൂർമ്മയിലെഴുന്ന തെന്നലേല്ക്കുന്നതു് വഴിക്കവിടെ മുന്നിൽ കാണാം—വേട=ചൂടു്. 'വേടക്കാലത്തഴകൊട്ട' ഉ. സ. ഏല്ക്കിൻറവാറു്=ഏല്ക്കുന്നതു്. 'കുളൂർകൊങ്ക പൂണ്മാൻ

വാരാഞ്ഞവാറു" ലീ. 'വല്ലീബാലത്തരുണികളുടൻ കാണലാം നില്ക്കമാറു" ഉ. സ. താവുക എന്നതിന്ന് സ്ഥിതിചെയ്യുക എന്നുകൂടാതെ (ഉ. സ. മൂന്നാംപതിപ്പ് വശം 85) തടവുക, അടിക്കുക, വീശുക എന്നും അത്ഥമുണ്ട്. 'പൂമേനിയിൽ താവിവരുന്ന തെന്നൽ.' മന്നംതാവി=മാന്ദ്യംകലന്ന് എന്നും പറയാം. മന്നം=മന്ദം എന്നതിൻെറ തത്ഭവമായി അക്കാലത്തു പയോഗിച്ചിരുന്ന രൂപം. ഞാനം, നന്നി എന്നിത്യാദി നിരണംകൃതികളിലുംമററും കാണുന്ന രൂപങ്ങളും ഇതുപോലുള്ളതാണ്. "നാവാക്ഷേത്രത്തിനു കഷ്ടിച്ച് ഒരു ഫർലോങ്ങ് പടിഞ്ഞാററ്, പേരാററിൻതീരത്ത് ഒരു തണ്ണീർപന്തലും അരയാലും ഇന്നുണ്ട്. അതിനു പടിഞ്ഞാറു നീളെ വെളിമ്പാടമാണ്." മാരാർ.

"സ്പഷ്ടം പാരേഴിലുമുരപെറും
വിക്രമം കുൻറലെക്കോൻ-
പട്ടം കെട്ടും മനുകുലപതിം
പ്രാപ്യ മാഘോത്സവാദൗ
ഒക്കത്തിക്കിത്തൊഴുതു വിടകൊ-
ണ്ടങ്ങു സാമന്തചക്രം
നിക്കിൻേറടം പുനരയിസഖേ!
കാൺകവോതുപ്പറമ്പ്." 21

അല്ലയോ സഖാവേ, ഏഴുലോകത്തിലും വ്യക്തമായി കീത്തി പരത്തിയ കുന്നലക്കോൻസ്ഥാനം വഹിക്കുന്ന മാനവിക്രമനെ സമീപിച്ചു മാമാങ്കോത്സവാരംഭത്തിൽ സാമന്തസമൂഹമെല്ലാം തിക്കിത്തൊഴുതു വിടവാങ്ങിനില്ക്കുന്ന ഓതുപ്പറമ്പു പിന്നീടു കാണുക—കുന്നലക്കോൻ എന്നതു് സാമൂതിരിമാരുടെ ഒരു ബിരുദമാണ്. മലയ്ക്കും കടലിനുമിടയ്ക്കുള്ള കേരളത്തിനധീശൻ എന്നാണ് അതുകൊണ്ടുദ്ദേശിക്കുന്നതു്. വിക്രമം മനുകുലപതിം പ്രാപ്യ = മാനവിക്രമഭൂപനെ പ്രാപിച്ചിട്ട്. മാനവിക്രമൻ എന്നതു് സാമൂതിരിയുടെ മറെറാരുപേർ. പുഷ്യപൂയത്തിലാരംഭിച്ചു മാഘമകംവരെ മാമാങ്കോത്സവം ആഘോഷിച്ചിരുന്നു. മാഘമകം കാലാന്തരത്തിൽ മാമാകവും മാമാ

കവും ആയിത്തീന്നു. 12 വർഷത്തിലൊരിക്കൽ ചിങ്ങവ്യാഴത്തിലോ കക്കടകവ്യാഴത്തിലോ ആണു് നടത്തിയിരുന്നതു്. മാമാങ്കത്തെപ്പറ്റിയുള്ള ആദ്യത്തെ പരാമശ്ശം ഇവിടെയാണു്. ഈ ഓതുപ്പറമ്പു് ഏതാകാം. പ്രസിദ്ധമായ ഓത്തന്മാർമഠം ഇപ്പോൾ തെക്കേക്കരയ്ക്കാണു്. സാമൂതിരി അതു സ്ഥാപിച്ചതു് വടക്കേക്കരയ്ക്കാണെന്നു വരുമോ? തെക്കേക്കരയ്ക്കുള്ള ശിവക്ഷേത്രം വണ്ണിക്കുമ്പോഴും മഠത്തെപ്പററി ഒന്നും പറയുന്നില്ല. ഒന്നുകിൽ അതു് സന്ദേശകാലത്തു വടക്കേക്കരയ്ക്കായിരുന്നു. അല്ലെങ്കിൽ അതു സ്ഥാപിച്ചതു് പില്ക്കാലത്താണു്. 'ഓകുപ്പറമ്പ്'' എന്നാണു ഗ്രന്ഥത്തിൽ. 'തു' വേറെയും ചിലെടത്തു 'കു' പോലെ എഴുതിയിട്ടുണ്ടു്.

''വാള്മ്മന്മാ കൊടിയ ചവള-
ക്കാരർവിൽകാരരെൻറ-
ല്ലോളം(തള്ളി)ത്തെരുതെരയട്ട-
ക്കിൻറ ചേകോ(ർ)ചുഴൻറ്
ചാലച്ചേരും പെരുനിലയില-
ന്നാഴിയക്കൊട്ടുലാവ-
ക്കാലേ യസ്മിൻ വിലസതി ധരാ-
ബ്ധീശമാമാകവേലാ.'' 22

വാൾക്കാർ, കുന്തക്കാർ, വിൽക്കാർ എന്നല്ല ഓളംതള്ളി തെരുതെരെ വന്നുകൊണ്ടിരിക്കുന്ന ചേകോർ ചുററും തടിച്ചുകൂടുന്ന പെരുനിലയിൽ നാഴികക്കൊട്ടും നടത്തി യാതൊരുകാലത്തു കരയ്ക്കും കടലിനും അധീശനായ സാമൂതിരിയുടെ മാമാകോത്സവം ശോഭിക്കുന്നുവോ—മുൻപദ്യവുമായി ചേർത്തു് 'അപ്പോൾ സാമന്തന്മാർ നില്ക്കാറുള്ള' എന്നു് അത്ഥംപറയണം. മന്മാ=ആശ്ചയ്യദ്യോതകം. പള്ളിവാളും കൈയിലേന്തി സാമൂതിരി മണിത്തറമേൽ നില്ക്കുന്നതിനു് പെരുനിലനില്ക്കുക എന്നു പറയുന്നു. പെരുനിലനില്ക്കുമ്പോഴെല്ലാം മാമാങ്കച്ചാവേർ വരും. വാളും=വാൾ, വാൾക്കാർ. ചവള=കുന്തം (ചവളക്കാർ എന്ന മുക്കുവക്കും നായന്മാരിൽ ചിലക്കും വടക്കു് ഉപയോഗിക്കും. അണ്ടളർ എന്നു് ഇരുകൂട്ടക്കും തെക്കൻദിക്കുക

ളില്വം പറയും) ചേകോൻ = സൈനികൻ. ആദ്യം ജാതിനാമമായിരുന്നില്ല. ഇവിടെ എങ്ങനെ എന്നു സ്പഷ്ടമല്ല. നാഴിയക്കൊട്ട്=സമയം അറിയിക്കാൻ നാഴികതോറും നടത്തിയിരുന്ന കൊട്ടും വെടിയും. 49-ാം പദ്യവും നോക്കുക. 'നാഴിയക്കോട്ട'' എന്നുംമററും ഉള്ളൂർ പാഠമുണ്ടാക്കിയതു് അൎത്ഥം ഗ്രഹിക്കാതെയാണു്. 'മാമാകവേലാ' 'വാളമ്മന്മാ' 'തെരുതെര' എന്നിങ്ങനെ ഗ്രന്ഥത്തിൽ ഉള്ളുപോലെ അച്ചടിച്ചിരിക്കുന്നു.

"സാനന്ദം വന്നുഷസി മഴല-
ക്കണ്ണിമാരൊക്ക മാഘല-
സ്നാനംചെയ്യും പൊഴുതവർകളിൽ
ചിത്തമംഭസ്സുഗാത്രം
യൂനാം മഗ്നം ഭവതി നിതരാം
യത്ര സാ ദർശനീയാ
വാനോര്(ർ)പോലും കനിവൊട്ടു വണ-
ങ്ങിൻറ പേരാറുപാന്തേ." 23

പ്രഭാതത്തിൽ സുന്ദരിമാർ ആനന്ദത്തോടെ വന്നു മാഘസ്നാനംനടത്തുമ്പോൾ യുവാക്കന്മാരുടെ ചിത്തം അവരിലും ഗാത്രം വെള്ളത്തിലും ആയിട്ടു മുങ്ങാറുള്ളതും ദേവന്മാർപോലും ഭക്തിയോടെ വണങ്ങുന്നതും ആയ ആ പേരാറു് അവിടെ അടുത്തു ശോഭിക്കുന്നു. മഴലം=മനോഹരം. ഉ. സ. പുറം 225. ദർശനീയാ=മനോഹരമായ. പേരാറ്=ഭാരതപ്പുഴ. ഉപാന്തേ യത്ര ഭവതി = അടുത്തു് എവിടെയാണോ (ഓതുപറമ്പിനടുത്തു് എന്നു സാരം.) 'ഒക്ക' എന്നേ ഗ്രന്ഥത്തിലുള്ളു. അതാണു് അക്കാലത്തെ സാധാരണരൂപം.

"ഉത്തംസംപോൽ മഹിതമലനാട്ടിന്നതിൻതീരഭൂമൌ
മുക്തിക്ഷേത്രം ജയതി തിരുനാവായിതിപ്രൌഢകീൎത്തി
തത്ര സൈ്വരം മരുവിന കടൽക്കന്യകാകാമുകം നീ
ഭക്ത്യാകൂപ്പിത്തിറവിയ നിളാസിന്ധുമുല്ലംഘയേഥാഃ" 24

മഹിതമലനാട്ടിന്നു ശിരോലങ്കാരമെന്നപോലെ അതിന്റെ കരയ്ക്കു തിരുനാവാ എന്നു പേർപെററ പുണ്യസ്ഥലം ഉണ്ടു്.

അവിടെ സൈ്വരമായി മരുവുന്ന വിഷ്ണുവിനെ നീ ഭക്തിയോടെ കൈക്കൂപ്പിയിട്ട് ആറു കടക്കുക—നിളാസിന്ധു=പേരാറ്. തിറവിയ=ശ്രേഷ്ഠമായ. 'തിറവിയതറയേറിപ്പാംകന്മാരുമുച്ചൈരവരവരെ വളത്തിച്ചൊല്ലിനാർ നൽച്ചിലോകം' ചന്ദ്ര. (വളത്തുക=പുകഴ്ത്തുക) 'തിറവിയവാനരപ്പട' രാ. ഈ വിഷ്ണുക്ഷേത്രം പുഴയുടെ വടക്കേക്കരയിലാണ്. 'ഖ്യാതകീത്തി' എന്നെഴുതിയിട്ട വെട്ടാതെ താഴെ പ്രൗഢ എന്നുകൂടി എഴുതിയിരിക്കുന്ന ഗ്രന്ഥത്തിൽ.

"ചാരെത്താററിൻ മറുകരെ നില—
സ്സിൻറ മുക്കണ്ണരെക്ക—
ണ്ണാരെ ക്കോരിത്തൊഴുതു തരസാ
തെക്കുനോക്കിത്തിരിഞ്ഞ്
വ്യോമോത്സംഗേ തെളിവൊട്ട പറ—
ന്നുച്ചകൈര്ഗ്ഗച്ഛതസ്തേ
ശ്രീമൽഗോവർദ്ധനപുരമെടോ
മുമ്പിലാമ്മാറുകാണാം." 25

ആറ്റിൻമറുകരയിൽ സ്ഥിതിചെയ്യുന്ന മുക്കണ്ണനെ കണ്ണുനിറയെക്കണ്ട കൈക്കൂപ്പി വേഗം തെക്കുനോക്കിത്തിരിഞ്ഞു് ആകാശത്തിൽക്കൂടി തെളിവൊട്ട പറന്നുയന്നുപോകുന്ന നിനക്കു ഗോവർദ്ധനപുരം മുമ്പിലായിട്ടുകാണാം. ആററിൻെറ തെക്കേക്കരയിലുള്ള ഈ ശിവക്ഷേത്രത്തിനു തൊട്ടടുത്താണ് 'തിരുനാവായോഗ'ക്കാരുടെ വേദാദ്ധ്യയനത്തിനുള്ള മഠം. മഠത്തിനടുത്തു് ബ്രഹ്മാവിൻെറ ഒരു ക്ഷേത്രമുണ്ടെന്നും രണ്ടും വടക്കേകരയ്ക്കുള്ള പ്രസിദ്ധ വിഷ്ണുക്ഷേത്രത്തിനു നേരേ എതിർഭാഗത്താണെന്നും മാത്രമേ മലബാർ ഗസററിയറിൽ പറയുന്നുള്ളു. എന്നാൽ പുഴയുടെ തെക്കേ കരയിൽ ഒരു ശിവക്ഷേത്രം മഠത്തിനടുത്തുള്ളതായി ഡോക്ടർ കുഞ്ഞൻരാജാ എഴുതുന്നു. സന്ദേശകാലത്തു് ബ്രഹ്മാവിൻെറ ക്ഷേത്രം ഉണ്ടായിരുന്നില്ലെന്നു വരുമോ? അതിനു വലിയ പ്രാധാന്യമില്ലായിരുന്നെന്നും വരാം. നിലസ്സിൻ്റ—8-ാം പദ്യം നോക്കുക. ആര=നിറയെ. 'പച്ചച്ചോരിക്കളിവെതുവെതക്കോരിയാരക്കുടിച്ചോ

രെച്ചിൽക്കിണ്ണം' ഉ.സ. കോരിതൊഴക=ആദരവോടെ തൊഴക. രാജാക്കന്മാരെയും ദേവന്മാരെയും തൊഴന്നരീതി. 'വാരിക്കോരി വിശേഷാൽ കൂപ്പി' ഉ. ച. 'കോരിക്കൈക്കൂപ്പുടനിര വിവക്ഷ്വാഖ്യവേണാടർകോനെ' ഉ. സ. പന്നിയൂർക്കൂറുകാരുടെ തലവനും വെള്ളാട്ടിരിയുടെ ശത്രുവുമായ തിരുമലശ്ശേരി നമ്പൂതിരിയുടെ തലസ്ഥാനമായിരുന്ന ഗോവർദ്ധനപുരം. ഇപ്പോഴം തിരുമലശ്ശേരിക്കോട്ടയിൽ ഗോവർദ്ധനപുരം എന്ന പേരിൽ ഒരു ക്ഷേത്രമുണ്ടെന്നു് എൻ. വി. കൃഷ്ണവാരിയർ ചൂണ്ടിക്കാണിക്കുന്നു. സ്ഥലത്തിനു ഗോവർദ്ധനപുരം എന്നു് ഇപ്പോൾ പറയാറില്ല. മുക്കണ്ണരൈ, കണ്ണാരൈ എന്നിങ്ങനെയാണു ഗ്രന്ഥത്തിൽ.

"വന്നെത്തും വൻപട മറുതലയ്—
    ക്കൂററിൽനിൻറാട്ടി വെട്ടി—
പ്പിന്നേ വാങ്ങിച്ചിനിയ കുടയും
    കുത്തി മാറാടി നീക്കി
പൊന്നിൻകാളം പൊലിവെഴ വിളി—
    പ്പിച്ചുപോരാടവല്ലും
മന്നോർച്ചൂളാമണി തിരുമല—
    ച്ചേരി മേവീട്ടമേടം." 26

വന്നെത്തും വൻപടയെ ശത്രുഭാഗത്തുനിന്നാട്ടി വെട്ടിപ്പിന്നോക്കം പായിച്ചു് വെൺകൊററക്കുടയും കുത്തിനിറുത്തി മാറാടിയും എഴുന്നള്ളിച്ചു പൊന്നിൻകാഹളവും ഉച്ചത്തിൽ വിളിപ്പിച്ചു പോരാടാൻ സമത്ഥനായ മന്നോർചൂഡാമണിയായ തിരുമലശ്ശേരി നമ്പൂതിരി വാഴുന്നേടമാണു് ആ ഗോവർദ്ധനപുരം—വള്ളുവക്കോനാതിരിയെ തോല്പിച്ചു് തിരുനാവാപ്രദേശങ്ങളും മററും പിടിച്ചെടുക്കാൻ സഹായിച്ച ഈ നമ്പൂതിരിരാജാവിനു് പല സ്ഥാനമാനങ്ങളും സാമൂതിരി നല്കിയുണ്ടായി. പൊന്നാനിപ്രദേശങ്ങൾ ഇദ്ദേഹത്തിൻെറ ഭരണത്തിലായിരുന്നു. 3000 നായന്മാക്കു തലവനായിരുന്നു തിരുമലശ്ശേരി. മാറാടി=സാമൂതിരിയുടെ പള്ളിമാറാടി എന്ന വാതൽപ്പൊളി പ്രസിദ്ധമാണു്; സാമൂതിരി എഴുന്നള്ളുമ്പോൾ

പള്ളിമാറാടി മുമ്പിൽ എഴുന്നള്ളിക്കും. പ്രകൃതത്തിലെ 'മാറാടി'യും ഏതോ രാജചിഹ്നമായിരിക്കണം. പന്നിയൂർക്കൂറിന്റെ രക്ഷാകർത്തൃത്വമാകാം അതു സൂചിപ്പിക്കുന്നതു്. തിരുമലശ്ശേരിയിൽ നിന്നാണോ സാമൂതിരിക്കു പള്ളിമാറാടികിട്ടിയതെന്നു് അറിഞ്ഞുകൂടാ. ഐതിഹ്യം അങ്ങനെയല്ല.

"അഞ്ചാതേ നിൻറണികുലയുമാറെസ്സ മുമ്പാഞ്ഞുവെട്ടി–
പ്പിൻ ചായാതേ പൊരുതു.........................
വെന്റിക്കാലധ്വനിഭിരഖിലം പന്റിയൂർക്കൂറുറെപ്പി—
ച്ചന്റന്റസ്സാൽ പ്രഭവതി.........കൂറാർ ജയശ്രീ." 27

അഞ്ചാതെ=ഭയപ്പെടാതെ. തിരുമലശ്ശേരിയെ വർണ്ണിക്കുന്ന ഈ പദ്യത്തിന്റെ ആശയം ഗ്രഹിക്കാൻ വഴിയില്ല.

"നിർഗ്ഗമ്യത്വം പുനരിവിടെ നിൻറാട്ടു മുല്ലാട്ടു ചെൻറാ–
ലഗ്രേ കാണാം പുഴ മറുകടന്നാശു ഗവ്യൂതിമാത്രേ
ഗത്വാ പശ്യ പ്രകൃതിരമണീയം മണംപെററ പൂവിൽ–
ത്തത്തും മത്തഭ്രമര മുഖരോദ്യാനമേകം പ്രദേശം." 28

നീ പിന്നീട്ടു് അവിടെനിന്നു പുറപ്പെട്ടു് നേരേ ചെന്നാൽ മുമ്പിൽ കാണുന്ന പുഴ മറികടന്നു രണ്ടു ക്രോശത്തോളം പിന്നെയും പോയിട്ടു മണമുള്ള പൂവിൽ തത്തിക്കളിക്കുന്ന മത്തഭ്രമരങ്ങൾ ശബ്ദിക്കുന്ന ഉദ്യാനത്തോടുകൂടിയ ഒരു പ്രദേശം കാൺക—കാണാം=കാണുന്ന.

"നേരേ കാതം തികയുമവിണ്ണൂ–
രിട്ടൽ പിന്നിട്ടു മാറ–
ഞ്ചേരിച്ചെല്ലൂ, പുനരവിടെ നീ
തേവരെക്കൈവണങ്ങി
ആഴം കാണ്മാൻ പലരുമരുതെ–
ന്നീൻറ സൗജന്യസിന്ധോ–
രാഴാഞ്ചേരിക്ഷിതിസുരപതേ–
രാലയം കണ്ടുപോക." 29

ഒരുകാതം തികച്ചു നീളമുള്ള അവിണ്ണൂർ ഇടവഴി നേരേ കടന്നു മാറഞ്ചേരിയിൽ ചെല്ലുക. പിന്നീട് അവിടത്തെ തേവരെ കൈക്കൂപ്പി ആഴംകാണ്മാൻ അരുതെന്നു പലരും പറയുന്ന സൗജന്യവാരിരാശിയായ ആഴാഞ്ചേരിതമ്പ്രാക്കളുടെ മന കണ്ടിട്ട പോകുക—ആഴ്‌വാഞ്ചേരിതമ്പ്രാക്കൾ തിരൂർ അടുത്തു താമസമാക്കിയതു പില്ക്കാലത്താണ്. തമ്പ്രാക്കളുടെ താമസം ശുകപുരത്തടുത്തായിരുന്നു എന്നു 1300-നടുത്തുണ്ടായ ഉണ്ണിച്ചിരുതേവിയിലും പറയുന്നു. തിരുമലശ്ശേരികോട്ടയിൽ നിന്നു തെക്കോട്ടുപോയി കടവുകടന്നാൽ തമ്പ്രാക്കളുടെ പഴയ ഇല്ലവും ക്ഷേത്രവും ഇപ്പോഴും കാണാം. ഈന്റുക = ഉണ്ടാക്കുക, പുറപ്പെടുവിക്കുക, ശബ്ദമുണ്ടാക്കുക, പറയുക. പദ്യം 66 നോക്കുക. ഈന്റാർ = അച്ഛനമ്മമാർ. ഇടവഴിക്കു് ഇപ്പോഴും തെക്കേമലബാറിൽ 'ഇട്ടിൽ' എന്നാണു പറയാറുള്ളതു്. മാട്ടു പോകുന്ന ഇട്ടിൽ, ഇട്ടിൽവഴി എന്നെല്ലാം അവിടങ്ങളിൽ സാധാരണമായി പറയും.

"ദ്രഷ്ടവ്യം തേ മധുവിജയിനഃ-
 സ്സന്നിധാനേന ധന്യം (രമ്യം)
ചട്ടററീട്ടം ജനമഹിത ഗോ-
 വിന്ദപൂർവ്വം പുരം തേ
വിപ്രായത്ര പ്രഥമ പുരുഷം
 പേക്കഥാം നിന്നു കേൾപ്പി-
ച്ചപ്പോഴേ പോയമരവനിതാ-
 ഗീതമാകണ്ണയന്തി." 30

ആഴ്‌വാഞ്ചേരി തമ്പ്രാക്കളുടെ പഴയ ഇല്ലത്തുനിന്നു് അഞ്ചു നാഴികയോളം തെക്കുള്ള ഗോവിന്ദപുരത്തെ വർണ്ണിക്കുന്നു. മധുവിജയിയുടെ സന്നിധാനംകൊണ്ടു ധന്യവും പണ്ഡിതന്മാരെക്കൊണ്ടു മഹിമയേറിയതുമായ ഗോവിന്ദപുരം നിന്നാൽ സന്ദർശിക്കപ്പെടേണ്ടതാണു് (തേ ദ്രഷ്ടവ്യം). അവിടെ ബ്രാഹ്മണർ പ്രഥമപുരുഷനെ (വിഷ്ണു) പേക്കഥ കേൾപ്പിച്ചു് അപ്പോഴേ പോയമരവനിതാഗീതം കേൾക്കുന്നു (ആകർണ്ണയന്തി) പേക്കഥ കേൾപ്പിച്ചുസ്വർഗ്ഗംപൂകുന്നു എന്നു സാരം.

പേക്കഥകൾ 14-ാംശതകത്തിലേ ഉണ്ടായിരുന്നു എന്നു സിദ്ധിക്കുന്നു. എന്നുമാത്രമല്ല വിഷ്ണുക്ഷേത്രങ്ങളിൽ ബ്രാഹ്മണർ പേക്കഥ പറയുകയും സാധാരണമായിരുന്നു. (പേക്കഥ—സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ. പുറം 620, 657) ഗോവിന്ദപുരം നമ്പൂതിരിമാരെക്കൊണ്ടു നിറഞ്ഞ ഒരു പട്ടണമായിരുന്നു പണ്ടു്. ഇപ്പോൾ പുന്നയൂർകുളത്തിനടുത്തുള്ള ക്ഷേത്രത്തിനു ഗോവിന്ദപുരം എന്നു പറയും.

"കോറേറൻപോലേ ചുവ തടവു-
മാറത്തലപ്പള്ളി മൂൻറാം
കൂററിൻ പ്രജ്ഞാവിലസിതമുണ-
ർത്തിക്കുമക്കാൽ ചിലോകം
ഏററംപ്രീത്യാ പകലറുതിയിൽ-
പ്പയ്ങ്കിളിച്ചാർത്തു ചൊല്ല-
ത്തോററിൻറീർഷ്യാകുലമളികുലം
ചിന്തുപാടീട്ടമേടം." 31

കോൽത്തേൻപോലെ മാധുര്യമുള്ളതും തലപ്പള്ളി മൂന്നാംകൂറിന്റെ പ്രജ്ഞാവിലാസത്തെ ഉണർത്തിക്കുന്നതുമായ ശ്ലോകങ്ങൾ പ്രീതിയോടേ സന്ധ്യാവേളയിൽ പൈങ്കിളിക്കൂട്ടം ചൊല്ലുമ്പോഴുള്ള ഈർഷ്യകൊണ്ടു് ആകുലമായ വണ്ടിൻചാർത്തു ചിന്തുപാടുന്നേടമാണു് ആ ഗോവിന്ദപുരം—ചുവ=രസം, മാധുര്യം. 'ചൊല്ലിൽ ചുവപൊഴിയും വിപീഴണൻ' രാ. 'അക്കാൽ' എന്തെന്നു മനസ്സിലാകുന്നില്ല. തോററിന്റ=സൃഷ്ടിക്കുന്ന, തോന്റുക (ഉണ്ടാകുക) എന്നതിന്റെ പ്രയോജകം. തോററം=സൃഷ്ടി. തലപ്പള്ളി മൂന്നാംകൂറു് ഉണ്ടാക്കിയ ശ്ലോകങ്ങൾ സന്ധ്യക്കു പൈങ്കിളികൾ ചൊല്ലുന്നതുകേട്ടു, അതു ചൊല്ലാൻ കഴിവില്ലാത്ത അളികൾക്കു് അസൂയയുണ്ടാവുക സ്വാഭാവികമാണല്ലോ. ചിന്തുപാട്ടിനു കാരണമായി അതിനെ കല്പിച്ചിരിക്കുന്നു. പഴയകാലത്തു കേരളത്തിൽ ഒട്ടധികം നമ്പൂതിരി നാടുവാഴികൾ ഉണ്ടായിരുന്നതിൽപ്പെടുന്ന തലപ്പിള്ളി രാജവംശം. ഇപ്പോൾ അവർ നമ്പിടികളാണു്. പില്ക്കാ

ലത്തു പുന്നത്തൂർശാഖയായിത്തീന്നതു് ഇവിടെപ്പറയുന്ന മൂന്നാംകൂറാണു്. കക്കാട്, അയിനിക്കൂറ്, മണക്കുളം ഇവയും തലപ്പിള്ളി രാജവംശത്തിൽപ്പെട്ടുന്നു. കക്കാട്ടുശാഖ 18–ാംശതകത്തിൻെറ ആരംഭത്തിൽ കുററിയററു നശിച്ചു. വസ്തുക്കൾ മററു ശാഖകൾക്കു് അടങ്ങുകയും ചെയ്തു. അന്നുമുതൽ എല്ലാ ശാഖയിലുംവച്ചു മൂത്തയാളിനെ കക്കാട്ടു കാരണവപ്പാട്ടു് എന്നുപറയും. കൊച്ചിരാജാവിൻെറ വടക്കൻദിക്കിലെ സവ്വ സൈന്യാധിപസ്ഥാനവും കാരണവപ്പാടിനായിരുന്നു. പുന്നത്തൂർ നമ്പിടി മററിളക്കൂട്ടരിൽനിന്നും വേർതിരിഞ്ഞു നേരത്തേതന്നെ പ്രത്യേകമായി. സാമൂതിരിയുടെ വശത്തു ചേരുകയും ചെയ്തു. തലസ്ഥാനം ഗോവിന്ദപുരമായിരുന്നു. അയിനിക്കൂറിൽ നമ്പിടിയും മണക്കുളത്തു മൂപ്പീന്നും (സ്ഥാനപ്പേര്) മിക്കവാറും കൊച്ചിയുടെ വശത്തായിരുന്നു. ശക്തന്മാരായ സാമൂതിരിമാരുടെ കാലത്തുമാത്രം സാമൂതിരിപക്ഷത്തും ചേരും. മണക്കുളത്തു മൂപ്പീന്നിനെ കണ്ടൻകോത എന്നും ശ്രീകണ്ഠൻ എന്നും പറയും. മയൂരദൂതത്തിൽ ഉദയൻ കീത്തിക്കുന്നതു ശ്രീകണ്ഠനേയും അയാളുടെ ഭാര്യ തച്ചപ്പിള്ളി ഇട്ടി ഉമയേയുമാണു്. കേരളത്തിലെ വേശ്യകളുടെ എല്ലാം രക്ഷാധികാരിയാക്കി ചന്ദ്രോത്സവത്തിൽ പരിഹസിക്കുന്നതും കണ്ടൻകോതയെത്തന്നെ. എല്ലാററിലും ചെറിയരാജ്യം മണക്കുളത്തു മൂപ്പിലിൻേറതായിരുന്നുവെന്നും തീരെ അശക്തനായിരുന്നുവെന്നും ഡച്ചുരേഖകളിൽ പറയുന്നു. അയിനിക്കൂറിൽ നിന്നാണു് ചിറളയത്തിൻെറ ഉത്പത്തി. ചിററഞ്ഞൂർശാഖ മണക്കുളം സ്വരൂപത്തിൻെറ ഒരു താവഴിയാണു്. എലിയങ്ങാട്ടു് സ്വരൂപവും ഏതോ ശാഖയിൽ നിന്നുണ്ടായതാണു്. (സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ. പുറം 307)

"മുക്കാതത്തിൽപ്പുറമരുതി കൊ–
ണ്ടീട്ടുമാറാത്തശോഭം
മുക്കിത്തേനിൽക്കുഴകി നവചോ–
ഭംഗി മുഗ്ദ്ധാംഗനാഢ്യം"

മുക്കാൽവട്ടസ്ഫുരിതസുരമുഖ്യോ-
ത്സവം പാൽക്കുടം പേയ്-
മുക്കോർകൊള്ളും നിലയനമമും
ദേശമത്യേഹി മന്ദം." 32

മുക്കാതത്തിലധികം വിസ്താരത്തിൽ ശോഭിക്കുന്നതും തേന്മൊഴിമാർ വസിക്കുന്നതും ഇന്ദ്രോത്സവം നടത്തുന്നതും പാല്ക്കുടം പേയ്മുക്കോർ കൊള്ളുന്നതുമായ ക്ഷേത്രത്തോടുകൂടിയ ആ ദേശം (ഗോവിന്ദപുരം) മന്ദം കടന്നുപോവുക. (അത്യേഹി)—മുക്കാൽവട്ടം എന്നാണു പഴയകാലത്തു ക്ഷേത്രങ്ങൾക്കെല്ലാം പറഞ്ഞിരുന്നതു്. ഇപ്പോൾ കൊങ്ങിണിനടകൾക്കേ പറയാറുള്ളു. പേയ്=ദുർന്നടത്ത. 'പേയററു നിന്നോരു ജായ' കൃഷ്ണ. പേയ്മുക്കോർ=ദുർന്നടത്തക്കാരായ മുക്കുവർ. പാൽക്കുടം മുക്കുവർ വാങ്ങുന്നതായി പറയുന്നതിന്റെ അർത്ഥം വ്യക്തമല്ല.

"സൈരം മാർഗ്ഗേ പുനരതുമിതും
കണ്ടു വൈകിക്കൊലാ നീ
വൈരത്തൂർ ച്ചെൻറുഴറി നടകൊ-
ള്ളങ്ങു കാവീട്ടനോക്കി
വൈരത്തൊട്ടിൻറസുരശിരസാ
വട്ടരുട്ടിക്കളിക്കും
ഗൗരീ യസ്മിൻ വിലസതി ജഗത്-
പാലനേ ജാഗരൂകാ." 33

വഴിക്കു് ഇഷ്ടംപോലെ അതുമിതും കണ്ടു നീ സമയം കളയരുതു്. വൈരത്തൂർചെന്നു് വേഗത്തിൽ കാവീടു് എന്ന സ്ഥലത്തെ ലക്ഷ്യമാക്കി പറക്കുക. എതിർത്ത അസുരൻെറ (മഹിഷാസുരൻെറ) തലകൊണ്ടു വട്ടരുട്ടിക്കളിക്കുന്ന ഗൗരി ലോകപാലനത്തിൽ ജാഗരൂകയായി അവിടെ വിലസുന്നു—വട്ടു്=പന്തു്. 'വട്ടണികൊങ്കതങ്കും മങ്കയർ' 'നിറംപെട്ട വട്ടോ?' "പരന്നു വട്ടത്തിലുള്ള ഒരു സാധനംകൊണ്ടു വട്ടുകളിക്കുക ഇപ്ര

ദേശത്തു പെൺകുട്ടികളുടെ ഒരു വിശേഷ വിനോദമാണ്." മാരാർ. യസ്മിൻ=യാതൊരുസ്ഥലത്ത്. തൊട്ടുക=തുടങ്ങുക. അടൽതൊട്ടുക=യുദ്ധത്തിൽ ഏറ്റപ്പെടുക. 'അഴിവുവരുത്തിനാനടൽതൊട്ടിനോരെ' രാ. 'പോർതൊട്ടിക്കൊണ്ടുവാറെന്തു" ലീ. പദ്യം 130. എൻ. ബി. എസ്. പതിപ്പ്. വൈരംതൊട്ടുക=വിരോധമുണ്ടാവുക, എതിരിടുക. 'വൈരന്തോട്ടിൻറ' എന്ന് ഉള്ളൂരും മറ്റും നൽകുന്ന പാഠം ശരിയല്ല. ഗോവിന്ദപുരത്തുനിന്നു മൂന്നുനാഴിക തെക്കാണ് വൈരത്തൂർ. വൈലത്തൂർ എന്ന് ഇപ്പോൾ പറയും. അതിനു് അല്പം തെക്ക് കോട്ടപ്പടി എന്ന ദേശത്താണ് കാവീട്ടിൽ ഭഗവതിക്ഷേത്രം. പണ്ട് ഇതു വളരെ പ്രസിദ്ധമായിരുന്നു.

"അമ്പിൽ കുമ്പിട്ടചലതനയാം
　　പിന്നെ നീ പോക, പോനാൽ
മുമ്പിൽക്കാണാമഥ കുരുവയൂ-
　　രെൻറു പേരാം പ്രദേശം
പിന്നെക്കാണാം പെരുവഴി കഴി-
　　ച്ചൊട്ടെടത്തങ്ങു ചെൻറാ-
ലുന്നിദ്രാംഭോരുഹപരിമളോ-
　　ല്ലാസിതോയം തടാകം." 34

ഗൗരിയെ ഭക്തിയിൽ കൈതൊഴുതു പിന്നേയും പോയാൽ കുരുവയൂർ എന്ന ദേശം കാണാം. പെരുവഴികടന്നു കുറച്ചു് ഇടത്തുവശം ചെല്ലുമ്പോൾ വികസിച്ചുനില്ക്കുന്ന താമരകളുടെ പരിമളത്തോടുകൂടിയ ജലം ഉൾക്കൊള്ളുന്ന തടാകം പിന്നെക്കാണാം. ഗുരുവായൂർ ക്ഷേത്രസമീപത്തെയാണു വർണ്ണിക്കുന്നതു്. അവിടത്തെ പഴയ രേഖകളിലെല്ലാം സ്ഥലനാമം കുരുവയൂർ എന്നാകുന്നു. ദൂരെവച്ചേ കോകത്തിനു് ഗുരുവായൂർപ്രദേശം കാണാമെന്നും, പിന്നീട്ട് പെരുവഴികടന്നു് ഇടത്തോട്ടു പറന്നാൽ ഒരു തടാകവും അതിനരുകിൽ ക്ഷേത്രവും കണ്ടെത്തുമെന്നും സാരം. 1400-നു മുമ്പേ ഗുരുവായൂർ പ്രസിദ്ധിയാർജ്ജിച്ചിരുന്നു.

"അപ്പൂമ്പൊയ്കയ്ക്കരികിൽ മുഴകിൻ
കൂട്ടമാർത്തം കുഴററും
പുഷ്പാരാമക്ഷിതിരുഹഘടാ—
രുദ്ധഘർമ്മാംശുതാപം
ദൃപ്യദ്ദന്താവളകടതടീ—
ഘൃഷ്ടമാണിക്യവപ്രം
ശില്പശ്രീ ചേർന്നുയര വിലസും
ഗോപുരാലിംഗിതാഭ്രം. 35

ചാലപ്പൊന്നിൻ കൊടിമുകളിൽ നി—
ന്നൂയലാട്ടും പതാക—
ഞ്ചാലേകത്തിന്നിടയിലുമിഴും
ധൂപസൗരഭ്യസാരം
നാനാവാദ്യധ്വനി മുഖരിതം
ശാർങ്ഗപാണേർന്നിവാസ—
സ്ഥാനം പ്രാപ്യപ്രണമ ശിരസാ
നീ തദീയം പദാബ്ജം." 36

KOTTAYAM PUBLIC LIBRARY KOTTAYAM

ആ പൂമ്പൊയ്കയ്ക്കരികിൽ വണ്ടിൻകൂട്ടം ആർത്തമായി ശബ്ദംപുറപ്പെടുവിക്കുന്ന പുഷ്പങ്ങൾ നിറഞ്ഞ ഉദ്യാനവൃക്ഷസമൂഹത്താൽ തടയപ്പെട്ട സൂര്യതാപത്തോടും അഹംകരിച്ച ആനകളുടെ (ക്ഷേത്രംവക) കവിൾത്തടംകൊണ്ട് ഉരയ്ക്കപ്പെട്ട മാണിക്കക്കോട്ടയോടും ശില്പഭംഗി ചേർന്നുയർന്നു വിലസുന്ന ഗോപുരത്താൽ ആലിംഗനംചെയ്യപ്പെട്ട ആകാശത്തോടും മനോഹരമായ പൊന്നിൻകൊടിമരത്തിൻെറ മുകളിൽനിന്നു് ഊയലാടുന്ന പതാകയോടും ജന്നൽവഴി പുറപ്പെടുന്ന ധൂപസൗരഭ്യത്തോടുംകൂടി പലവിധ വാദ്യധ്വനികൾകൊണ്ടു മുഖരിതമായ ശാർങ്ഗപാണിയുടെ ആലയത്തിൽചെന്നു് അദ്ദേഹത്തിൻെറ പാദങ്ങളെ ശിരസാ പ്രണമിക്കുക. കുഴററുക=ശബ്ദിക്കുക. 'കുയിൽമാതർ കുഴററിന ഗീതഹൃതശ്രുതി' ഉണ്ണി. ചാലേകം=ജന്നൽ. ഉമിഴുക=വെളിയിലേയ്ക്കു വിടുക. 'മട്ടമിണ്ണ

മൊഴിമാർ' വാസ്സ. മൃഴകം മൃരുകം, വണ്ട്. "വൈദേഹീ ലോലനീലക്കരിമിഴി മൃരുകിൻചാത്തിനെ പ്രീണയന്തീം" രാമായണചമ്പു.

"ഉച്ചയ്കാലത്തവിടെ വടിവിൽ
ചെൻറു സോപാനപാശ്വേ
തിഷ്ഠന്തീനാം കുവലയദൃശാം
ദേവപൂജാവസാനേ
പൃഥ്വീദേവേശ്വരകരതലോ-
ന്മുക്തതീൎത്ഥാംബുസിക്തം
വക്ത്രംഭാതി പ്രതിനവസുധാ-
സ്യന്ദി വെൺതിങ്കൾപോലെ." 37

ഉച്ചക്കാലത്തവിടെ വടിവിൽചെന്ന സോപാനപാർശ്വത്തിൽ നില്ക്കുന്ന കുവലദൃക്കുകളുടെ, ദേവപൂജാവസാനത്തിൽ ശാന്തിക്കാരൻെറ കരതലത്തിൽനിന്നു് ഒഴിക്കപ്പെട്ട തീൎത്ഥജലംകൊണ്ടു നനയ്ക്കപ്പെട്ട മുഖം, നവമായ അമൃതൊഴുകുന്ന മോഹനചന്ദ്രനെപ്പോലെ ശോഭിക്കുന്നു. (ഭാതി) ഉൽപ്രേക്ഷ. ഉച്ചയ്കാലം, മറുതലയ്ക്കുറ്, പയ്കിളി എന്നെല്ലാം എഴുതിയിരിക്കുന്നതു് ഉച്ചൈക്കാലം, മറുതലൈക്കുറ്, പൈങ്കിളി എന്നിങ്ങനെ ഉച്ചരിച്ചിരുന്നതുകൊണ്ടാണു്. ഭാഷാശാസ്ത്രപരമായി അവയ്ക്കു പ്രാധാന്യമുള്ളതുകൊണ്ടു് ഗ്രന്ഥത്തിൽ ഉള്ളപോലെ അച്ചടിക്കുന്നു.

"വമ്മേന്നാട്ടെപ്പൃഥ്വി പുനരതി-
ക്രമ്യ പോവോരുനേരം
മമ്മാ! കാണാമതി കുടില ധീ-
സങ്കടം വെൺകിടങ്ങ്
തമ്മിൽ കാണാതെയുമൊരിരിപാ-
യിൻറ നാട്ടാക്കു കേട്ടാ-
ലൊണ്ണേ തോൻറും പരിചു മറയോർ-
കാളയാടാകുമേടം." 38

പിന്നീട്ട് ആ വഴിക്ക (ഗുരുവായൂരിനു നാലുനാഴിക തെക്കുള്ള) വന്മേനാട്ട കടന്നുപോകുമ്പോൾ അതികുടിലബുദ്ധികൾ നിറഞ്ഞ വെൺകിടങ്ങു കാണാം. തമ്മിൽ കാണാതെതന്നെ ഓട്ടംതുടങ്ങുന്ന ആ നാട്ടുകാർക്ക കേട്ടാൽ സത്യമായി തോന്നുംമാതിരി മറയോരുടെ കാളപോലും അവിടെ ആടായിത്തീരും—സ്പഷ്ടമല്ല. ഏതോ ബ്രാഹ്മണൻെറ കാളയെ ആ നാട്ടിലാരോ മോഷ്ടിച്ചുവെന്നും തൊണ്ടി ഒടുവിൽ ആടായിത്തീൎന്നുവെന്നും ആകാം സൂചന. ഒണ്മയ്ക്കു കാന്തി എന്നും ഉണ്മയ്ക്കു സത്യമെന്നും അൎത്ഥം. cf. 'ഒൺകിരണങ്ങൾ' 'ഒൺപുനൽചൊരിന്താർ' രാ. 'നിന്നുടെ ധൎമ്മത്തിന്നുണ്മയെക്കാണ്മാനായ്' 'ബാലന്മാർ ചൊല്ലെല്ലാം ഉണ്മയായി വന്നിടാ' കൃഷ്ണ. എന്നാൽ 'ഉ' എന്നതു് 'ഒ' എന്നു് ഉച്ചരിക്കയും എഴുതുകയും പതിവായിരുന്നു. ഇരിപായുക=തിരിഞ്ഞോടുക. ഇരിപ്പു=ഓട്ടം. (തമിഴ്)

"പച്ചത്തെങ്ങിൻ തഴവഴി തഴൈ-
സ്സും വഴിക്കാരിമുക്കൈ-
പ്പശ്ചാൽകൃത്വാ പരിമളമെഴും
കാററുമേററാത്തലീലം
മുച്ചുററൂർപ്പുക്കഥ തെരുതെര-
പ്പോയിനാലഗ്രതസ്തേ
ദൃശ്യാ ചെന്താമരമല(ർ)ചുവ-
ന്നന്തിയാം നന്തിയാറ്." 39

വഴിക്ക പച്ചത്തെങ്ങിൻതഴ തഴച്ചുവളരുന്ന വഴിക്കാരിമുക്ക(?)കടന്നു പരിമളമെഴും കാററുമേററു് സുഖമായി മുച്ചുററൂർ ചെന്നു വേഗം പോയാൽ മുമ്പിലായി ചെന്താമരപ്പൂക്കൾകൊണ്ടു ചുവന്നു സന്ധ്യാഭ്രാന്തിയുളവാക്കുന്ന നന്തിയാറ് നിന്നാൽ കാണപ്പെടും—മുററിച്ചൂർതന്നെ മുച്ചുററൂർ. കാരമുക്ക് ആയിരിക്കണം 'വഴിക്കാരിമുക്ക്' എന്നിടത്തു് പരാമൎശിക്കുന്നതു്.

"തിങ്ങും വായ്ക്കല്ലിടയിലിടറി-
ത്തല്ലി മേല്ലോട്ടലാവ-
പ്പൊങ്ങും വീചീവിചയനതധണൽ-
കാരശാലീ നഭസ്വാൻ

നിന്മേൽ മന്ദം തടവി നിതരാം
നിർമ്മലൈരംബുലേശൈഃ
കമ്രം ത്ഥമുത്തണിയുമവിടെ–
ച്ചെൻററട്ടപ്പോരുനേരം." 40

നീ അവിടെ (നന്തിയാററിൽ) ചെന്നട്ടക്കുമ്പോൾ വലിയ വാൎക്കല്ലുകളുടെ ഇടയ്ക്കുചെന്നടിച്ചു ചിതറി മേലോട്ടുതെറിക്കത്തക്കവണ്ണം പൊങ്ങുന്ന തിരമാലകളെ ഉളവാക്കുന്നതുകൊണ്ടു ഝങ്കാരശബ്ദംപൂണ്ട നഭസ്വാൻ (വായു) നിന്നിൽവന്നു പതുക്കെ തടവി ഏററവും നിർമ്മലമായ ജലബിന്ദുക്കളെക്കൊണ്ടു മനോഹരമായ ത്ഥമുത്തണിയിക്കും—അണിയും=അണിയിക്കും. ഗമ്യോൽപ്രേക്ഷ. ഉലാവുക=വിലസുക. 'ഓടനാടീട്ടലാവും' പ. 'മധുകരമിഥുനം നിൻറുലാവിൻറവാറു" പ.

"കണ്ടിപ്പായിക്കിടയിൽ വിരിയും
പത്മഷണ്ഡേ കളിക്കും
വണ്ടിൻചാത്തിൻ കളകളമിളൽ
സാരസാരാവരമ്യാം
കണ്ടാലേറ്റം തെളിമ പെട്ടമ–
ന്നന്തിയാറെറക്കടന്നാ–
ലുണ്ടക്കാം സാന്തകനു പുറയാ–
റെന്റാരാവാസഭൂമി." 41

പായൽപടർപ്പിനിടയിൽ വിരിയുന്ന പദ്മസമൂഹത്തിൽ കളിക്കുന്ന വണ്ടിൻകൂട്ടത്തിൻെറ കളകളശബ്ദത്തോടുചേൎന്ന സാരസസ്വനംകൊണ്ടു മനോഹരവും കണ്ടാലേററം സന്തോഷമുളവാക്കുന്നതുമായ നന്തിയാററിനെ കടന്നാൽ കൃഷ്ണപ്രതിഷ്ഠയുള്ള തിരുപ്പുറയാററ് എത്തും—മുററിച്ചൂർനിന്നു തൃപ്രയാറേറക്കു നാലുനാഴികവരും. കിഴക്കുനിന്നു നന്തിയാറുകടന്നു പടിഞ്ഞാറേക്കരെയ്ക്കുള്ള ക്ഷേത്രത്തിലേയ്ക്കാണു വരുന്നതു്. തൃപ്രയാററു് ഇപ്പോൾ രാമൻ പ്രധാനം. വടക്കുഭാഗത്തു് കൃഷ്ണൻെറ ഉപപ്രതിഷ്ഠയുണ്ടു്. പോർട്ടുഗീസുകാലത്തു പല നാശങ്ങളും കൊടുങ്ങല്ലൂക്കും പൊന്നാനിക്കും ഇടയ്ക്കു സംഭവിച്ചിട്ടുള്ളതുകൊണ്ടു

പഴയ കൃഷ്ണക്ഷേത്രം നശിച്ചുപോയെന്നും വരാം. പായി=പായൽ. പാചി എന്നു തമിഴ്. പാകി എന്നു് ഉണ്ണുനീലിസന്ദേശത്തിൽ പ്രയോഗിച്ചിട്ടുള്ളതു് നാഴികയും നാഴിയയും പോലെ. 'കളകുള'ത്തിനു കളമെന്നല്ല, തുമുലശബ്ദമെന്നാണു സംസ്കൃതത്തിലെ അർത്ഥം. 'ചാത്തും' എന്ന ഗ്രന്ഥത്തിൽ.

"താർമാതും പാർവനിതയുമുടൻ
ചേൎന്നു പത്മാസനസ്ഥം
കാർമേഘാഭം കരധൃതഗദാ–
ശംഖചക്രാരവിന്ദം
ശ്രീവത്സാങ്കം നളിനനയനം
പ്രൗഢശീതാംശുബിംബ–
ശ്രീമദ്വക്ത്രം മുരമഥന! നിൻ
കോലമിന്നും തൊഴുന്നേൻ." 42

ലക്ഷ്മിയോടും ഭൂമിയോടും കൂടിച്ചേൎന്നു പദ്മാസനത്തിൽ സ്ഥിതിചെയ്യുന്നവനും കാർമുകിൽനിറം പൂണ്ടവനും കരത്തിൽ ഗദ, ശംഖ്, ചക്രം, താമര ഇവ ധരിക്കുന്നവനും ശ്രീവത്സമെന്ന (മാറിലെ) അടയാളമുള്ളവനും കമലനേത്രനും പൂൎണ്ണചന്ദ്രബിംബംപോലെ ശ്രീമത്തായ മുഖത്തോടുകൂടിയവനുമായ മുരാരേ, നിൻരൂപത്തെയിതാ വീണ്ടും വീണ്ടും തൊഴുന്നു. (കോലത്തിന്റെ വിശേഷണമായിട്ടാണെല്ലാം പദ്യത്തിൽ)— ഉടൻ=കൂടെ. "ഇത്ഥം കാന്തനുടൻകിടന്നു ചിന്തിക്കുമേണീദൃശാം" ലീ. "കോലപ്പവനനൊട്ടുടൻ ചേൎന്നു മേവീടുമേടം" ഉ. സ. 'ഉടനടി' 'ഉടമ്പടി' ഈ പദങ്ങളിലെ 'ഉടൻ' ശബ്ദത്തിനും കൂടെ എന്നാണർത്ഥം. കോലം=രൂപം.

"എൻറിവണ്ണം തൊഴുതു കമലാ–
വല്ലഭംവാഴ്ത്തി മെല്ലേ
ചെൻറ ശ്രീമണ്ഡപഭുവി മനോ–
മോഹനം കൂത്തു കണ്ടു്

തിങ്ങത്തിങ്ങത്തണൽമരമിര–
ണ്ടൊട്ടവുഞ്ചേന്ന മാർഗ്ഗേ
തങ്ങിത്തങ്ങിത്തവ പൊലിവെഴം
ചൂരല്ലൂർ കണ്ടുചെല്ലാം.'' 43

എന്നിങ്ങനെ ലക്ഷ്മീകാന്തനെ വാഴ്ത്തിത്തൊഴുതുമെല്ലെ ശ്രീമണ്ഡപത്തിൽ ചെന്നു നൃത്തംകണ്ടു് രണ്ടതിരിലും ചോലമരങ്ങൾ തിങ്ങിത്തിങ്ങിനില്ക്കുന്ന മാർഗ്ഗത്തിൽക്കൂടി പതുക്കെ പോയാൽ ഐശ്വര്യസമൃദ്ധമായ ചൂരല്ലൂരിൽ എത്താം—കൂത്തു്=നൃത്തം. ഒട്ടം=അതിരു്. 68–ാം പദ്യം നോക്കുക. ലീലാതിലകകാരൻ ശരിയെന്നുപറയുന്ന 'ഇരണ്ടു'രൂപം നോക്കുക. പൊലിവു്=വർദ്ധനവു്. 'പൊലിപ്പണം' (വിവാഹവേളയിൽ പള്ളിയിൽ കൊടുക്കുന്നതു്) 'പൊലിക്കാണം' (സ്ത്രീധനം) 'ദേവകൻ നൽപൊലിക്കാണവും നൽകിനാൻ.' കൃഷ്ണ. 'തിങ്ങരത്തിങ്ങ' എന്നു ഗ്രന്ഥപാഠം.

''തിർക്കാരം കൊണ്ടിളകിവരുമ–
ക്കാമനെച്ചുട്ടനെററി–
ത്തൃക്കണ്ണിൽത്തീപ്പിതർ ചിതറുമെൻ
തമ്പുരാനൻപുമേടം
അക്കുൻറിൻപെണ്ണടിമലരമി–
ഴ്ത്തിൻറ പുണ്യപ്രദേശം
... ... ... ... ... ... ... ... ... ... ...
ൻറച്ചരെക്കാതമൊണ്ടു്.'' 44

ധിക്കാരത്തോടെ ഇളകിപ്പുറപ്പെട്ട കാമനെച്ചുട്ട നെററിക്കണ്ണിൽ തീപ്പൊരിതൂകുന്ന എന്റെ തമ്പുരാൻ വസിക്കുന്നേടമാണു് ചൂരല്ലൂർ. പാർവതി തന്റെ കാലടികൾ ചേർക്കുന്ന പുണ്യപ്രദേശവുമാണതു്....അരക്കാതമുണ്ടു്—തീപ്പിതർ=തീപ്പതർ, തീപ്പൊരി. അമിഴ്ത്തുക=ചേർക്കുക, വയ്ക്കുക.

"കാട്ടം കാട്ടിച്ചില മിരികവും
 മിക്ക കാക്കത്തിരുത്തി–
ത്തോട്ടം പിന്നിട്ടിതവിയ തിരു–
 പ്പോക്കളം കണ്ടുകണ്ട്
വാമാക്ഷീണാം കുളികുമറ മ–
 ച്ചാടിയാണ്ടാൻ കുളത്തിൻ
വാമേൽ കൂടത്തദനു ഗുണകാ–
 ഭ്യാശഭ്രമിം ഭജേഥാഃ" 45

കുററിക്കാട്ടുകളും ആ കാട്ടുകളിൽ ചില മൃഗങ്ങളും നിറഞ്ഞ കാക്കത്തുരുത്തിത്തോട്ടം കടന്നു മനോഹരമായ തിരുപ്പോക്കളും കണ്ടുകൊണ്ടു സുന്ദരിമാരുടെ കുളിയുടെ ശബ്ദംമുഴങ്ങുന്ന മഞ്ചാടിയാണ്ടാൻ കുളത്തിൻെറ കരയിൽക്കൂടി പിന്നീട്ടു ഗുണകാപുരത്തിന്റെ പ്രാന്തപ്രദേശത്തെ പ്രാപിക്കുക—കുമറുക= വലിയ ഒച്ച ഉണ്ടാക്കുക. കുമുറുക എന്ന തമിഴ്രൂപവും ഉപയോഗിച്ചിരുന്നു. വാ=അരികു, വക്ക്, കര. മേൽ സപ്തമീ പ്രത്യയം. വാമേൽ=കരയിൽ. 'പൂമ്പൊയ്കവാമേൽ' എന്നു 69–ാം പദ്യത്തിലും 'ആററുവാമേൽ' എന്നു 91–ാം പദ്യത്തിലും 'വാസ്സല്ലു' എന്നു 40–ാം പദ്യത്തിലും പ്രയോഗിച്ചിട്ടുള്ളതു നോക്കുക. 'കുളത്തിൻെറ ഞരമ്പുവശത്തുകൂടെ' എന്നു കുളത്തിൻ വാമേൽ എന്നതിനും 'നദീമുഖത്തിൻെറ ഉപരിഭാഗത്തു" എന്നു് 'ആററുവാമേൽ' എന്നതിനും സർവ്വകലാശാലയിലെ കോശകാരന്മാർ കൊടുക്കുന്ന അർത്ഥം ചിന്ത്യം. cf. 'കിണററിൻെറ വാ പറിച്ച്' തച്ചോളിപ്പാട്ട്. 'വാ പോയ കത്തി.' തദനു=പിന്നീട്ട്. ഗുണകാഭ്യാശഭ്രമിം=തൃക്കണാമതിലകം ഉൾപ്പെട്ട കുണവാ എന്ന പ്രസിദ്ധപട്ടണത്തിൻെറ സമീപപ്രദേശത്തെ. 'കുണവായ് കുണമപി കുണപം ദധതി' എന്നു 13–ാം ശതകത്തിൻെറ ഉത്തരാർദ്ധത്തിലുണ്ടായ ഉണ്ണിയച്ചീചരിതത്തിൽ കേരളത്തിലുള്ള പ്രസിദ്ധപട്ടണങ്ങളുടെ കൂട്ടത്തിൽ കുണവാപട്ടണത്തെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ചില പ്പതികാരത്തിൽ കുണവായിൽകോട്ടത്തെ പരാമർശിക്കുന്നു. കുണ=കിഴക്ക്. ഏതിൻെറ കിഴക്കേക്കരയിൽ?, അല്ലെങ്കിൽ

കിഴക്കേവാതൽ. കോട്ടം=ജൈനക്ഷേത്രം—ചിലപ്പതികാരം പതികവ്യാഖ്യാനം, അടിയാക്കുനല്ലാർ. ഇതവിയ=മനോഹരമായ. ‘ഇതവിയ മൃദുഹാസം’ പ.

“അപ്പാൽ നിന്റേ തവ മതിലകം
        കാണലാം കാന്തിലക്ഷ്മീ–
ദർപ്പോദഞ്ചത്തരുണതരുണീ
        സങ്കുലോത്തുംഗസൗധം
ഇപ്പാരേഴും പുരികലതമേൽ
        വച്ചു തുള്ളിക്കവല്ലും
പൊൽപൂവാണൻ തിരുവടി പുറം–
        കാവൽ കാത്തീട്ടമേടം.” 46

ദൂരെനിന്നേ നിനക്കു മതിലകം കാണാം. ശോഭയുടെയും ഐശ്വര്യത്തിന്റെയും ദർപ്പം വർദ്ധിച്ച തരുണന്മാരും തരുണികളും നിറഞ്ഞ ഉന്നതസൗധങ്ങളോടുകൂടിയതും ഏഴുലോകവും പുരികലതയിൽവെച്ചു തുള്ളിക്കാൻ കഴിവുള്ള കാമൻ പുറംകാവൽ കാക്കുന്നതും ആയ സ്ഥലമാണതു്—കാമൻ എല്ലാ ഭവനങ്ങളിലും കാവൽനിന്നു് പൂവമ്പുകൾ വർഷിച്ചു് എല്ലാവരിലും എപ്പോഴും വികാരമുളവാക്കുന്നു. അപ്പാൽ=ദൂരെ. “ഉൽപന്നവേദനമെനിക്കവരോടു വേറിട്ടപ്പാലിരിക്കയിലപേക്ഷ വരിന്റുതന്തഃ”എന്ന ഉണ്ണിയാടീചരിതപ്രയോഗത്തിൽനിന്നു് ദൂരെ എന്നു് അർത്ഥമുണ്ടെന്നു് സ്പഷ്ടമാണു്. ഇവിടെ അതാണു് യോജിക്കുക. അപ്പുറം എന്ന പദത്തിനർത്ഥമുണ്ടെങ്കിലും ഇവിടെ അതല്ല. വടക്കുനിന്നു പറന്നുചെല്ലുന്ന കോകത്തിനു ദൂരെനിന്നേ ക്ഷേത്രം കാണാമെന്നു പറയുകയാണു്. ഗുണകാപുരത്തു പ്രവേശിച്ചിട്ടില്ലെന്നു് അടുത്ത പദ്യത്തിൽനിന്നറിയാം. ‘വച്ച്’ എന്നേയുള്ളു ഗ്രന്ഥത്തിൽ. ‘വച്ചു്’ എന്നുച്ചരിച്ചിരുന്നിരിക്കും. അടുത്തപദ്യത്തിൽ ‘പുക്ക’ എന്നേയുള്ളു. അതും ‘പുക്കു്’ എന്നു് ഉച്ചരിച്ചിരുന്നിരിക്കും. ഉകാരമോ അർദ്ധാക്ഷരമോ ചേർക്കാതെ അച്ചടിച്ചാൽ തെറ്റിദ്ധരിക്കുമല്ലോ.

"ചെൽവഞ്ചേന്നക്കുണകയിലകം
പുക്കു നീ തെക്കുനോക്കി-
ച്ചെല്ലുന്നേരം തിറവിയ പെരുംകോ-
യിൽ കാണാം പുരാരേ:
അല്ലിത്താർമൻകുഴലികൾ കുരാൽ-
ക്കണ്ണുരെത്തല്ലി മാററും
മല്ലക്കണ്ണിൻമുനയിൽ മലർവി-
ല്ലാളിയെത്തോററുമേടം." 47

പ്രസിദ്ധമായ ഗുണകയിൽ പ്രവേശിച്ചു് തെക്കുനോക്കിച്ചെല്ലുമ്പോൾ പുരാരിയുടെ ശ്രേഷ്ഠമായ പെരുംകോവിൽ കാണാം. വിലാസിനിമാർ പിംഗളാക്ഷനെ തല്ലിമാററുന്ന മനോഹരമായ കൺമുനയിൽത്തന്നെ പൂവമ്പനെ സൃഷ്ടിക്കുന്നിടമാണതു്—തൃക്കണ്ണാമതിലകമാണു് ഈ പെരുംകോയിൽ. മുൻപദ്യത്തിൽ ദൂരെവച്ചേ കാണാമെന്നു പറഞ്ഞു; ഗുണകാപട്ടണത്തിൽ പ്രവേശിച്ചതിനുശേഷമുള്ള സ്ഥിതി ഇതിലും. മല്ലം=വലിയ. തോററുക=സൃഷ്ടിക്കുക. 'നീയേ തോററിന്റും വിശപം' ഉ. ച. 'തേറ്റുക' എന്ന പാഠം ലേഖകപ്രമാദമാകാം. ചെൽവം=ഐശ്വര്യം, കീർത്തി. ഉണ്ണുനീലിസന്ദേശം 46-ാം പദ്യത്തിന്റെ വ്യാഖ്യാനം നോക്കുക. 'തിരവിയ' എന്നു ഗ്രന്ഥത്തിൽ ലേഖകപ്രമാദമുണ്ടു്. തിറവിയ=ശ്രേഷ്ഠമായ, മേന്മയുള്ള. 'തിറവിയ വാനരപ്പട' രാ. 'തിറവിയ തറയേറിപ്പാഠകന്മാരുമുച്ചൈരവരവരെ വളത്തിച്ചൊല്ലിനാർ നൽച്ചിലോകം' ചന്ദ്ര. (വളക്കുക=കൊണ്ടാടുക) 'തിറമിയലും മാടാവികണക്കേ' 'തിറമുടയനളിനി' 'ചെറുതുടിതാളം തിറവിയകൊടിമരം' ഉ. ച.

"ചെമ്മേ കാണ്മാനരുതു കുണകൈ-
ത്തമ്പുരാനെ ദ്വിജന്മാർ-
ക്കെന്റാൽ നീയും തൊഴുക പുറമേ
നിൻറു തോഴാ തെളിഞ്ഞ്

പിന്നെക്കാണാം ചതിയിൽ മുതിരും
വാണിയക്കാരർ തമ്മിൽ
തിണ്ണം പേചിത്തെരുവിലുടനേ
വാണിയം ചെയ്യുമാറ്." 48

സഖാവേ, കുണകത്തമ്പുരാനെ ദ്വിജന്മാക്കു നേരേ കാണാൻ പാടില്ലല്ലോ. അതുകൊണ്ടു നീയും (പക്ഷിയും ദ്വിജനാണ്) പുറമേനിന്ന് ഭക്തിയോടെ തൊഴുക. ചതിയിൽ സമർത്ഥന്മാരായ കച്ചവടക്കാർ തമ്മിൽ ഉച്ചത്തിൽ സംസാരിച്ചുകൊണ്ടുതെരുവിൽ കച്ചവടംചെയ്യുന്നതും പിന്നെക്കാൺക—ചെമ്മേ=നേരെ. എന്റാൽ=അതുകൊണ്ട്. 1400 അട്ടത്തും മതിലകത്തു ബ്രാഹ്മണർ കയറാറുണ്ടായിരുന്നില്ലെന്നു തെളിയുന്നു. ആദികാലത്ത് അതൊരു ജൈനക്ഷേത്രമായിരുന്നു. സന്ദേശകാലത്തും ശൂദ്രരു തുടങ്ങിയ ഹീനജാതിക്കാരുടെ ക്ഷേത്രമായിട്ടാണ് ബ്രാഹ്മണർ മതിലകത്തെ ഗണിച്ചിരുന്നതു്. തെക്കേടത്തുനായരും വടക്കേടത്തുനായരുമായിരുന്നല്ലോ ക്ഷേത്രത്തിന്റെ ഉടമസ്ഥർ. 'ചിത്തചലനം' (3666) എന്ന കലിവർഷത്തിൽ മതിലകം നശിപ്പിക്കപ്പെട്ടുവെന്നുംമററുമുള്ള കഥ കോകസന്ദേശത്തിനു ശേഷമുണ്ടായതാണെന്നു വ്യക്തമാണ്.

"അപ്പോൾക്കേൾക്കാമവിടെയൊരിട—
ത്തന്തരാ മാറെറാലിക്കൊ—
ണ്ടഭ്രധ്വാനോദ്ഭടവെടി നിഷാ—
ണാരവാഭോഗഭീമം
ഏറാനാടാന്നിതമെഴുമിളം—
കൂറുതൻ നാഴിയക്കൊ—
ട്ടേറത്രാസാവഹമസുഹൃദാമെ—
മ്മിളാക്കാത്തിഹാരി." 49

അപ്പോൾ അവിടെയൊരിടത്ത് പെരുമ്പറയുടെ വലിയ ശബ്ദംകൊണ്ടു് ഭയാവഹവും ഇടിമുഴക്കംപോലെ ഉച്ചത്തിലുള്ളതുമായ വെടി മാറെറാലിക്കൊണ്ടു കൂടക്കൂടെ കേൾക്കാം. ഏറാ

നാട്ടിലെ ഇളംക്കൂറായ ഏറാൾപ്പാടിന്റെ ശ്രേഷ്ഠമായ നാഴികക്കൊട്ടാണതു്. ശത്രുക്കൾക്കു് ഏററവും ഭയാവഹമെങ്കിലും എന്നെപ്പോലുള്ളവൎക്കു് അതു ദുഃഖഹാരിയാണു്. ഏറനാടിന്റെ അക്കാലത്തെ രൂപമായിരുന്നു ഏറാനാട്ടു്. 13-ാംശതകത്തിലെ വീരരാഘവപ്പട്ടയത്തിലും ഏറാനാടു് എന്നുതന്നെ. 11-ാംശതകത്തിലെ രൂപം ഏറാൾനാടു് എന്നാണെന്നു ജൂതശാസനത്തിൽനിന്നു ഗ്രഹിക്കാം. ഏറനാട്ടുഭരണാധിപനു് സാമൂതിരി എന്നും യുവരാജാവിനു് ഏറാൾപ്പാട്ടു് എന്നും പറയും. സന്ദേശകാലത്തു ഗുണകാപുരംവരെ പിടിച്ചടക്കി ഏറാൾപ്പാട്ടു് അവിടെ താമസിച്ചിരുന്നു എന്നും സമയം അറിയിക്കാൻ ഓരോ നാഴികയുമിടവിട്ടു നാഴികക്കൊട്ടു നടത്തിയിരുന്നു എന്നും തെളിയുന്നു. തോക്കു് ഈ കാലത്തില്ലെങ്കിലും ആചാരവെടിയുംമററും പതിവായിരുന്നു. 9-ാംനൂററാണ്ടിൽ മഹോദയപുരം പട്ടണത്തിൽ നാഴികക്കൊട്ടു നടത്തിയിരുന്നതായി ശങ്കരനാരായണീയത്തിൽ പറയുന്നുണ്ടു്. എന്നാൽ അന്നു് വെറും കൊട്ടല്ലാതെ വെടിയുണ്ടായിരുന്നില്ല—അഭ്രധ്വാനം=മേഘശബ്ദം. ഉദ്ഭടം=ഉച്ചത്തിലുള്ളതു്. നിഷാണം=ഢക്കാ.

"നാട്ടംവീട്ടം നിരവതി തക-
ത്തിട്ടു താന്മുന്ന(ൽ)നോക്കി
ക്കൂട്ടന്നേരം പെരികളിയരാർ
വാങ്ങിനാ(ൽ)വമ്പുകാട്ടി
ക്കൂടക്കൂടത്തപനവിഗമേ
ക്കൂത്ത മിന്നാമിനുങ്ങിൻ
കീടച്ഛായാം തടവിന രിപൂൻ
പിന്നെയും ജേതുകാമം." 50

"തീവെച്ചെല്ലാപ്പുറവുമടലാർ-
ക്കോട്ട ചുട്ടംബരേപോയ്-
ത്താവിപ്പൊങ്ങും പൊടിനികരമാ-
ദിഗ്വധൂകേശബന്ധേ

ശ്രീമൽ കീൎത്തിപ്പൂമലർ തൊട്ട-
ക്കിൻറ തൃക്കൈയിൽ വച്ചി-
പ്പാർമുട്ടെത്താങ്ങിന നെട്ടവിരി-
പ്പിൽത്തകും വീരസിംഹം." 51

"ഉർവീപാലോത്തമമുടമയിൽ-
ക്കാൺക കണ്ടാലുപാന്തേ
സർവാദിത്യൻ ചിറയതു പുറ-
പ്പെട്ടു നിന്നാൽ നിഷേവ്യം
ഊഢോല്ലാസം തളിയിലിളമാൻ-
കണ്ണിമാർ കണ്ണിടെക്കൊ-
ണ്ടൂടേ താവും കയൽനിര ചി-
ടിച്ചതൊൻറു ജെലയും?" 52

നിരവധി നാട്ടും വീട്ടും മുന്നനോക്കിത്തകത്ത്, പെരികെ കൂട്ട ബോൾ അളിയരാർ വാങ്ങിയാൽ, സൂര്യാസ്തമയത്തിൽ സൂര്യനെന്നു നടിക്കുന്ന മിന്നാമിനുങ്ങിനു തുല്യം വമ്പുകാട്ടുന്ന ശത്രുക്കളെ പിന്നെയും ജയിക്കാനിച്ഛിക്കുന്നവനും, എല്ലാഭാഗത്തുമുള്ള ശത്രുക്കളുടെ കോട്ട തീവച്ചു ചുട്ടപ്പോൾ ആകാശത്തിൽ വ്യാപിച്ചുയരുന്ന പൊടികളുടെ കൂട്ടമാകുന്ന കീൎത്തിപ്പൂമലർ ദിഗ്വധുക്കളുടെ തലമുടിക്കെട്ടിൽ തൊടുക്കുന്ന അഴകാന്ന തൃക്കൈയിൽവച്ച് ഈ ലോകംമുഴവൻ താങ്ങി രക്ഷിക്കുന്ന നെട്ടവിരിപ്പുസ്വരൂപത്തിലെ വീരാഗ്രേസരനും ആയ രാജശ്രേഷ്ഠനെ (ഏറാൾപ്പാടിനെ) ബന്ധുവെന്ന നിലയിൽ കാണുക. അങ്ങനെ കണ്ടിട്ടു വെളിയിൽ വന്നു് അടുത്തുള്ള ആ സർവ്വാദിത്യൻചിറ നിന്നാൽ നിഷേവിക്കപ്പെടേണ്ടതാണു്. ഉല്ലാസത്തോടുകൂടി തളിയിൽക്ഷേത്രത്തിലെ മറിമാൻകണ്ണികൾ നോക്കുന്നതുകൊണ്ടു് ഉള്ളിൽ സ്ഥിതിചെയ്യുന്ന കരിമീൻനിരയോടു കൂടിയതാണു് ആ ചിറ—52-ാംപദ്യത്തിൻെറ അന്ത്യഭാഗത്തു് ഏതോ തെററുണ്ടു്. പെരികക്കൂട്ടുമ്പോൾ=ഏറെയാകുമ്പോൾ. അളി=സ്നേഹം. അളിയരാർ=സ്നേഹിതർ; ഇവിടെ കവി സാമൂതിരികക്ഷിക്കാരനായതുകൊണ്ടു് ആ കക്ഷിക്കാർ

തന്നെ അളിയർ.' cf. 'മുത്തിന്നു മുങ്ങുന്നേരം ആളിയർപിടിക്കേണം കയർ' പഴംചൊല്ല്. വാങ്ങിനാ എന്നതു ക്രിയയല്ല. നീ പിൻവാങ്ങി എന്ന അർത്ഥം യോജിക്കയില്ലല്ലോ. 'ൽ' ലോപം പ്രാചീനഭാഷാസ്വഭാവമാണ്. 'ചേറില്ലയാതമിളിയും ചിരികേട്ടകണ്ടാ(ൽ)' ലീ. കൂത്തുക=നടിക്കുക. അടലാർ=ശത്രുക്കൾ. 'അടലാർ കാലൻ' രാ. താവുക=സ്ഥിതിചെയ്യുക, വ്യാപിക്കുക. 'പൊടിനികരം' പത്താശപോലെ ഭാഷാമിശ്രപൂർവ്വപദം. ഏറാൾനാട്ടിൽ നെട്ടവിരിപ്പ് എന്ന സ്ഥലമായിരുന്നു സാമൂതിരിവംശത്തിൻെറ പൂർവ്വസ്ഥാനം. അതുകൊണ്ടു നെട്ടവിരിപ്പുസ്വരൂപക്കാർ എന്നു പറയും. പോർളാതിരിയെ തോല്പിച്ചു പോളനാടു പിടിച്ചപ്പോൾമാത്രമേ കോഴിക്കോട്ടു പ്രദേശം അവക്കു ലഭിച്ചുള്ളു. ഉപാന്തേ=സമീപത്തിൽ. പുറപ്പെടുക=വെളിയിൽ പോകുക. 'വാതിൽമാടം പുറപ്പെട്ടു' ഉ. സ. ഊടേതാവും=ഉള്ളിൽ സ്ഥിതിചെയ്യുന്ന. ഊട്=ഉള്ള്. 'ഊടറിഞ്ഞേ ഓലവായിക്കാവൂ.' ഊടേ=ഉള്ളിൽ. 'ഊടേ ശരംകൊണ്ടു' കേ. രാ. 'ഊടേ അറുക്കുക'. 'നിരവതി' എന്നാണു ഗ്രന്ഥത്തിൽ. മന്നം, ഞാനം, വീതി മുതലായവയും നോക്കുക. 'പഴംപൊഴിഞ്ഞ വീതിയും' ഉണ്ണിച്ചി. നിർ സംസ്കൃതവും അവതി മലയാളവും. അതുകൊണ്ട് ഭാഷഭൂഷണവും രക്ഷകർത്താവും ചന്ദ്രക്കലയുംപോലെ ഭാഷാമിശ്രരൂപം.

"കൊൻറത്തെങ്ങിൽക്കിളികൾ കളികോ-
 ല്വം കിടങ്ങൂർച്ചിറെയ്ക്കൽ—
ചെൻറക്കാമപ്പുഴയു(മു)ടെനേ
 കോതപൂർവം പറമ്പ്
മുന്നെച്ചെൻറച്ചെറുമികൾകള—
 ത്തിൽക്കടക്കിൻറതാകിൽ?
പിന്നെപ്പിന്നേ വഴികഴിവളം
 കേൾക്കലാം ഭാഷണം തേ." 53

കൊന്നത്തെങ്ങിൽ കിളികൾ കളിക്കുന്ന കിടങ്ങൂർ ചിറയ്ക്കൽ ചെന്നു് കാമപ്പുഴയും അതിനടുത്തുള്ള കോതപ്പറമ്പും മുന്നിട്ട് ചെറുമിക്കളത്തിൽ കടന്നാൽ പിന്നീട് ആ വഴി കഴിയുന്നതു

വരെ നിനക്കു ചെറുമികളുടെ ഭാഷണം കേൾക്കാം. 'ചെറിമികൾ' എന്നുകഴിഞ്ഞു് 'കിളിക്കത്തി കെടക്കിൻറതാകിൽ' എന്നു ഗ്രന്ഥത്തിൽ.

"പണ്ടേ വൈരം മുഴവനകമേ
വച്ചു നോക്കിപ്പുറക്ക–
...ണ്ടാക്കിക്കോപ്പൊട്ടു കുണകയും
വഞ്ചിയും കൂടെവാണ
തണ്ടാരമ്പെൻ പൊരുത നിചയു–
ണ്ണ്ടാഞ്ഞു കാടേറി ഏററം
തെണ്ടിക്കിന്റോ ചില പുരഹര–
ന്മാര നീ കാൺക പിന്നെ." 54

'പുറക്ക...ണ്ടാക്കി' എന്നിടത്തു് തെറ്റുണ്ടു്. 'പുറക്കണ്ണുണ്ടാക്കി' എന്നാണോ. 'നിചയുണ്ണ്ടാഞ്ഞു' എന്ന പ്രയോഗത്തിൻെറയും അർത്ഥം വ്യക്തമല്ല. വഞ്ചി=കരുർ പടന്നയെയാകാം ഉദ്ദേശിക്കുന്നതു്. കുണകയ്ക്കു തൊട്ടുകിഴക്കാണു് ആ സ്ഥലം. തിരുവഞ്ചിക്കുളമല്ല. അന്നും തിരുവഞ്ചക്കളം എന്നല്ലാതെ തിരുവഞ്ചിക്കുളം എന്ന രൂപം ഉണ്ടായിട്ടില്ല. തിരുവഞ്ചൈക്കളം എന്നായിരുന്നു കൊല്ലം ആദിശതകങ്ങളിൽ പറഞ്ഞിരുന്നതു്. സന്ദേശകാലത്തു് അവിടം മാടമന്നൻെറ ഭരണത്തിലായിരുന്നുവെന്നു് 59-ാം പദ്യത്തിൽ പറയുന്നുണ്ടു്. പെരുമ്പടപ്പുസ്വരൂപത്തിനു തിരുവഞ്ചിക്കുളവും കൊച്ചീദ്വീപും മാത്രമേ അക്കാലത്തുണ്ടായിരുന്നുള്ളു.

"കാർവണ്ടേറും മത്തുമലർ പൊഴി–
ഞ്ഞഞ്ചിതം ശ്രീകുറുംപ–
ക്കാവണ്ടേടം, കനിവിലവിടെ–
ച്ചെൻറു നീ കാണവേണ്ടും
ദേവാരീണാം വപുഷിചൊരിയും
ചോരിയാം വാരിരാശൗ
നാവാമൗർവാനലശിഖ തിര–
ട്ടിൻറ മാകാളിതന്നെ." 55

കാർവണ്ടുകൾ നിറഞ്ഞതും മധുവോലുന്നതുമായ പുഷ്പങ്ങൾ പൊഴിയുന്ന മനോഹരമായ കരുമ്പക്കാവാണു് അടുത്തതു്. അസുരന്മാരുടെ ശരീരത്തിൽനിന്നു ചൊരിയുന്ന ചോരക്കടലിൽ നാക്കാകുന്ന ബഡവാഗ്നിജ്വാല തിരട്ടുന്ന മഹാകാളിയെ നീ അവിടെ ചെന്നു ഭക്തിയോടെ ദർശിക്കണം—നാക്കിനെ ബഡവാഗ്നിജ്വാലയായി രൂപണംചെയ്തിരിക്കുന്നു. കടലിൽ ബഡവാഗ്നിജ്വാല തിരളുന്നു (വർദ്ധിക്കുന്നു) തന്മൂലം കടൽ വററുന്നു. കാളി നക്കി തിരട്ടുമ്പോൾ ചോരക്കടലും വററുന്നു. ഔവ്വന്റെ കോപാഗ്നി ബഡവയുടെ (പെൺകുതിരയുടെ) മുഖത്തിന്റെ ആകൃതിയിൽ സമുദ്രത്തിൽ സ്ഥിതിചെയ്യുന്നു എന്നു പുരാണപ്രസിദ്ധി. തിരളുക=വർദ്ധിക്കുക. 'ഒളി തിരളുമാനനം' രാമായണസങ്കീർത്തനം. 'ചീററം തിരണ്ടുള്ളൊരുള്ളം' കൃഷ്ണ. 'ആയിരമാനകളുക്കുതിരണ്ടുള്ളോരാന' കൃഷ്ണ. 'തിരണ്ടകണ്ണാൾ' രാ. 'വണ്ടത്താന്മാർ മദിച്ചു തിരണ്ടിതാ' കേ. രാ. തിരട്ടുക=വർദ്ധിപ്പിക്കുക. നാക്കു തിരട്ടുക=നാക്കിട്ടിളക്കി മറിക്കുക. cf. 'വയറു തിരട്ടുന്നു.'

"വട്ടച്ചേററം തുടമെഴമിള-
  ന്നീർ കുടിക്കും കണക്കേ
വെട്ടിത്തൂക്കിത്തല ദനുഭവാം
  ചോരിവെള്ളം പിബന്തീം
ഒട്ടേ വെള്ളച്ചെകിറിണ വിള-
  ങ്ങിച്ചിരിണ്ടഞ്ഞു മാനം
മുട്ടത്തട്ടുംപടി നെടിയളാം
  കാളിയെക്കുപ്പുപിന്നെ." 56

നല്ല മുഴപ്പുള്ള കരിക്കു വട്ടംവെട്ടി കുടിക്കുംപോലെ അസുരന്മാരുടെ തലവെട്ടി തൂക്കിപ്പിടിച്ചുകൊണ്ടു് ഒഴുകുന്ന ചോര കുടിക്കുന്നവളും അല്പംമാത്രം വെളുത്ത ദംഷ്ട്രങ്ങളോടുകൂടി കറുത്തു മാനംമുട്ടുംപടി ഉയരമുള്ളവളും ആയ കാളിയെ പിന്നീടു വന്ദിക്കുക—വട്ടച്ച്=വട്ടംവെട്ടി. തുടം=പുഷ്ടി, മുഴപ്പ്. 'തുടം കിളന്ന മാമരം' രാ. 'തുടമുടയകദളിനിര' ഉ. ച. തുടവിയ=മികച്ച. 'തുടവിയചരനിര' രാ. 'തുടവിയമാരനികേതമണി

ത്തുണ്ടമ തുടന്ന് തുടദ്വയരമ്യാ' ആട്ട. ചോരിവെള്ളം=രക്ത പ്രവാഹം. വെള്ളച്ച=വെളുത്ത. 'മുഖം എന്താ വെള്ളച്ചിരിക്കുന്നതു്?' എകിറ്=ദംഷ്ട്ര. 'വച്ചിരവെകിറൻ' രാ. എകിറിണ=രണ്ട ദംഷ്ട്രങ്ങൾ. ഗ്രന്ഥത്തിൽ 'ഒട്ടൊട്ടേ വെള്ളക്കിണറിണ' എന്നു കാണുന്നു.

"കട്ടിച്ചുച്ചൈരിളകിയലറി-
 പ്പാഞ്ഞു പൊട്ടിച്ചിരിച്ച-
ക്ഖട്വാംഗം കൊണ്ടുടലിലസുരാൻ
 നിർദ്ദയം മർദ്ദയന്തീ
പങ്കച്ചോരിക്കളിയിടയിടേ
 നക്കി നട്ടം കുനിച്ച-
ങ്ങൊക്കക്കുളിപ്പട ചുഴല നി-
 ന്റാക്കുമമ്മേ! തൊഴുന്നേൻ. 57

ഉച്ചത്തിൽ ശക്തിയായി ഇളകി അലറിയോടി പൊട്ടിച്ചിരിച്ചു് ഖട്വാംഗംകൊണ്ടു് അസുരന്മാരുടെ ശരീരത്തിൽ മർദ്ദിക്കുന്നവളും ചെളികലന്ന ചോരക്കുഴമ്പു് ഇടയ്ക്കിടെ നക്കി തല കുനിച്ചു് ചുററും എല്ലാടവും നിന്നാക്കുന്ന കുളിപ്പടയോടുകൂടിയവളുമായ അമ്മേ, ഞാനിതാ കൈതൊഴുന്നു. കട്ടിച്ചു്=ശക്തിയായി. നട്ടം=തല. cf. 'നട്ടംകുത്തി നില്ക്കുക' 'നട്ടാണി' (കിരീടം) ചുഴല=ചുററും. 'പങ്കച്ചോരിക്കളി' എന്നാണു ഗ്രന്ഥത്തിൽ. പ്രാസത്തിനുവേണ്ടി 'പക്ക' എന്നാക്കണോ?

"ഇത്ഥം ഭക്ത്യാ ഭുവനജനനീം
 വാഴ്ത്തി നിശ്ശേഷസമ്പൽ-
കർത്താരം ചിങ്ങപുരമമരും
 ദേവദേവം വണങ്ങി
ഗത്വാ മുല്ലാടരയകുളമാം
 താമരപ്പൊയ്കയിൽച്ചേ-
ന്നസ്തം ഭാനൗ വിശതി തിരുവ-
 ഞ്ചക്കളം പൂക നീയും." 58

ഇപ്രകാരം ഭക്തിയോടുകൂടി ലോകമാതാവിനെ വാഴ്ത്തി സകലവിധ സമ്പത്തുകൾക്കും കത്താവായ ചിങ്ങപുരത്തപ്പനെ വണങ്ങി മുൻപോട്ടുപോയാൽ സൂൎയ്യൻ അസ്തമിക്കുമ്പോൾ അരയകുളം എന്ന താമരപ്പൊയ്കയ്ക്കടുത്തുകൂടി തിരുവഞ്ചിക്കുളത്തു് എത്താം—അരയകുളം=അരാകുളമെന്നു് ഇപ്പോൾ. കരുമ്പക്കാവിനു തെക്കു ചിങ്ങപുരം. അതിനും തെക്കു് അരാകുളം. ചിങ്ങപുരത്തെ ജനാർദ്ദനൻകോയിലിനെപ്പററിയാണു സൂചന. മുല്പാട്=മുൻഭാഗം. പാട്=ഭാഗം. cf. 'നാലുപാട്.' ഗത്വാ=പോയിട്ടു്. ചിങ്ങപുരം=ഇപ്പോഴത്തെ ശൃംഗപുരം. പഴയ രേഖകളിലെല്ലാം ചിങ്ങപുരമെന്നാണു്.

"മാററാർ നെഞ്ചിൽക്കുതരുമുടവാ-
ണ്മേൽ പുരണ്ടോരു ചോരി-
ച്ചാറ്റാലൂട്ടപ്പെട്ടമുരുഭുജ-
സ്തംഭഗംഭീരസാരഃ
കോറേറനോലും മൊഴികൾ മലർവി-
ല്ലാളിയാം മാടമന്നൻ
കൂററാരുള്ളിൽക്കുളുമവിളയും-
മാറു പാലിക്കുമേടം." 59

ശത്രുക്കളുടെ നെഞ്ചിൽ തുളച്ചുകയറുന്ന ഉടവാളിൽ പുരണ്ട ചോരിവെള്ളംകൊണ്ടു് ഊട്ടപ്പെട്ടുന്ന നീണ്ടുരുണ്ട കൈകളെകൊണ്ടു് ഗംഭീരസത്വനും തേനോലുംവാണികൾക്കു കാമനുമായ മാടമന്നൻ സ്വജനങ്ങൾക്കു പ്രീതിവർദ്ധിക്കുമാറു പാലിക്കുന്നിടമാണു തിരുവഞ്ചിക്കുളം—കുതരുക=തുളച്ചുകയറുക. കുതറുക എന്നും പറയും. 'കാലികൾ കുത്തിക്കുതന്നില്ലല്ലീ' കൃഷ്ണ. മാററാർ=എതിരാളികൾ. മാറ്=എതിര്. കൂറ്റാർ=സ്നേഹമുള്ളവർ. കൂറ്=സ്നേഹം. ഉട=അര, നടു. 'ഉടയ്ക്കു ചവിട്ടുകൊടുക്കുക.' ഉടി എന്നു തെലുങ്കിലും കന്നഡത്തിലും. ഉടയിലണിയുന്നതു് ഉടഞ്ഞാണും ഉടവാളും. കോറ്റേൻ=കോൽ (മനോഹരം) തേൻ.

"എൻചങ്ങാതിക്കലർചരനു കീഴ്-
വന്ന വല്ലാമയിന്നും
ചെഞ്ചെമ്മേ നീ പുരഹര! പൊരിൾ-
ക്കൊൾകിലെന്താശ്രയം മേ
കുന്റി(ൽ)പ്പെണ്ണുത്തിരുമുടി പിടിച്ചീ-
ഴ്ത്ത മുക്കണ്ണകണ്ണേ
ചെൻറീവണ്ണം കുളൂ(ർ)മതി പൊരു-
ത്തം പറഞ്ഞീട്ടമേടം." 60

മലമകൾ തലമുടി പിടിച്ചുവലിക്കുമ്പോൾ ശിവൻെറ ചെവിയിൽചെന്നു ചന്ദ്രൻ, 'എൻെറ ചങ്ങാതിയായ കാമനോട്ട പണ്ടുവന്ന വല്ലായ്മ ഇപ്പോഴും നീ വലിയ കാര്യമായി കരുതിയാൽ എനിക്കെന്താണാശ്രയം' എന്നിങ്ങനെ സന്ധിപറയുന്നിടമാണവിടം. പൊരിൾക്കൊൾക=പൊരുൾക്കൊൾക, കാര്യമാക്കുക. പൊരുൾ=അർത്ഥം, കാര്യം. ഈഴ്ക്കുക=വലിക്കുക. 'തലമുടി പിടിച്ചുവലിച്ചതും ഈഴ്ത്തതും' ഭാരതം. പൊരുത്തുക=യോജിപ്പിക്കുക. 'ചരക്കിഴിച്ചു മച്ചിലും മരത്തിലും പൊരുത്തിനാർ' പയ്യ. പൊരുത്തംപറയുക=മാദ്ധ്യസ്ഥം പറയുക; സന്ധി പറയുക. 'പൊരുത്തക്കാരൻ=മദ്ധ്യസ്ഥൻ. cf. 'മനപ്പൊരുത്തം' 'പൊരുത്തമുള്ള നേരമേ പുറപ്പെടേണം' പയ്യ.

"പാട്ടും വൈതാളികതതി വല-
ത്തിട്ട കൈകൂപ്പിയെല്ലാ-
പ്പാട്ടും പൊങ്ങും ജനകളകള
പ്രൗഢസംഗീതകേളിഃ
ഈട്ടം വാദ്യധ്വനിയിലിടചേ-
ർന്നുജ്ജ്വലദ്വേദഘോഷം
കേടററീട്ടും വിഭവമവിടെ-
ക്കാൺക മുക്കണ്ണർകോയിൽ." 61

സ്തുതിപാഠകന്മാരുടെ കൂട്ടം വലത്തിട്ടു കൈകൂപ്പിപ്പാടിക്കൊണ്ടിരിക്കുന്നതും ജനങ്ങളുടെ നല്ല മധുരമായ ഗാനങ്ങൾ എല്ലാ ഭാഗത്തുനിന്നും ഉയർന്നുകൊണ്ടിരിക്കുന്നതും വർദ്ധിച്ചതായ വാദ്യധ്വനിയോടിടകലൎന്നുജ്ജ്വലിക്കുന്ന വേദഘോഷത്തോടു കൂടിയതും യാതൊരു കുറവുമില്ലാത്ത വിഭവസമൃദ്ധിയുള്ളതുമായ മഹാദേവർകോവിൽ അവിടെ കാണാം. പാട്ട്=ഭാഗം. ഈട്ടം=വർദ്ധിക്കും.

"ചൂട്ടും പൊന്നിൻതകടു ചരമ-
ക്ഷ്മാഭൃതോ, വ്യോമലക്ഷ്മീ
വാടാമാലക്കുഴലിലണിയും
ബാലമാണിക്യഖണ്ഡം,
ചൂടേറും തൻ കൊട്ടവെയിൽ തന-
ക്കേ പൊറായെന്റപോലേ-
ച്ചാട്ടുന്നോ പോയ്ക്കടലിലധുനാ
ഹേലയാ ഭാനുമാലി." 62

അസ്തഗിരിയുടെ ശിരസ്സിൽ ചൂട്ടുന്ന പൊൻതകടും ആകാശലക്ഷ്മിയുടെ മനോഹരമായ മുടിയിൽ അണിയുന്ന ബാലമാണിക്കക്കഷണവും ആയുള്ള സൂര്യബിംബം ചൂടേറുന്ന തന്റെ കൊട്ടവെയിൽ തനിക്കുപോലും പൊറുക്കാൻകഴിയാത്തപോലെ ലീലയായിട്ടു കടലിൽ പോയിതാ ചാട്ടുന്നു—ചൂട്ടുക=ശിരസ്സിലണിയുക. ഭാനുമാലി=സൂര്യൻ. ഭാനു=കിരണം. പൊന്നിൻതകടായും മാണിക്യഖണ്ഡമായും സൂര്യനെ ഉല്ലേഖിക്കുന്നു. പൊറാ എന്റപോലെ എന്നുൽപ്രേക്ഷയും.

"വീഴക്കണ്ടിട്ടപരജലധൗ
ഭാനുമന്തം കനക്ക-
ക്കോഴപ്പെട്ടാ(ർ)നളിനികളിരി-
ട്ടിച്ചിതാശാമുഖാനീ

ആഴക്കിന്മേൽ നളിനതെളിതേൻ
കൊണ്ടുകൊണ്ടായതോളം
താഴക്കുണ്ടിട്ടളികുലമളി–
ച്ചാത്തു പാടിൻറു പാട്ടു്." 63

പടിഞ്ഞാറെ കടലിൽ സൂൎയ്യൻ പതിക്കുന്നതു കണ്ടിട്ടു് താമരപ്പൊയ്കകൾ വ്യസനത്തിലായി. ദിങ്മുഖങ്ങൾ ഇരുണ്ടു. വണ്ടിൻകൂട്ടം ആഴക്കിൽ കൂടുതൽ പൈന്തേൻ കുടിച്ചിട്ടു് അത്രത്തോളം പിന്നും പൂവിൽ നില്ക്കുന്നതുകണ്ടു് സ്വയം നിന്ദിച്ചാത്തു പാട്ടുപാടുന്നു. കോഴ=ദുഃഖം, ലജ്ജ. കൊണ്ടുകൊണ്ടു്=കുടിച്ചുകുടിച്ചു്. ആവൎത്തനം മതിവരായ്കയെ സൂചിപ്പിക്കുന്നു. അളിച്ചു്=നിന്ദിച്ചു്. അളിതൽ=ഇകഴ്തൽ, നിന്ദിക്കൽ.

"ചാമ്പിത്താർവാടികളിൽ വരിവ–
ണ്ടിണ്ടയെക്കൊണ്ടു മണ്ടി–
ച്ചാമ്പൽപ്പൂംപൊയ്കകളിലുതിരും
പൂമ്പരാഗം തടഞ്ഞു്
ഓമ്പിച്ചുങ്ങിപ്പുനലിൽ മുഴുകും
മങ്കമാർകൂന്തൽമേൽനി–
ന്റൂമ്പിച്ചിന്നും പരിമളഭരാ
വാന്തി മൂവന്തിവാതാഃ" 64

പൂന്തോപ്പുകളിൽ ചെന്നടിച്ചു് വരിവണ്ടിൻകൂട്ടത്തെ ഓടിച്ചും ആമ്പൽപ്പൊയ്കകളിൽ ഉതിരുന്ന പൂമ്പൊടി ഉൾക്കൊണ്ടും തലമുടി ഓമ്പിക്കൊണ്ടു കുനിഞ്ഞു വെള്ളത്തിൽ മുങ്ങുമ്പോൾ മങ്കമാരുടെ മുടിയിൽനിന്നു ചുററും ചിതറുന്ന പരിമളം വലിച്ചെടുത്തും സന്ധ്യാമാരുതൻ വീശുന്നു. ചാമ്പുക എന്നതിനു് അല്പം അടയുക എന്നാണു് ഒരൎത്ഥം. cf. 'ചാമ്പി മയങ്ങിക്കലങ്ങിത്തളൎന്നു' കൃഷ്ണ. 'ചാമ്പി മാഴ്കിന്റനേത്രാം' ഉ. സ. അടിക്കുക എന്നാണു പിന്നൊരൎത്ഥം. 'അരിചാമ്പുക' എന്നു തെക്കൻതിരുവിതാംകൂറിലും, 'വെള്ളം ചാമ്പുക' എന്നു മദ്ധ്യതിരുവിതാംകൂറിലും പറയും. ഇവിടെയും അതാകാമൎത്ഥം. വണ്ടിണ്ടയെക്കൊണ്ടു് മണ്ടിച്ചു്=വണ്ടിണ്ടയെ

ഓടിച്ച്. 89-ാംപദ്യം നോക്കുക. 'അവനെക്കൊണ്ട് ഓടിക്കുക' എന്നു പറയുമല്ലോ. തടയുക=ഉൾക്കൊള്ളുക.' ഇപ്പുല്ലുപാദേ തടഞ്ഞു' ചാണക്യസൂത്രം. ഓമ്പുക=പതുക്കെ ലാളിച്ച് അടിക്കുക. 'കുഞ്ഞിനെ ഓമ്പിത്തടവി' 'തലമുടി ഓമ്പിക്കെട്ടി' കുളത്തിലും ആററിലുംമററും കുളിക്കുമ്പോൾ സ്വാഭാവികമായി തലമുടി ഓമ്പിക്കൊണ്ടാണല്ലോ കുനിഞ്ഞു (ചുങ്ങി) മുങ്ങുന്നതു്. ചുങ്ങുക=ചുരുങ്ങുക, കുനിയുക.

"അക്ഷ്ണോഃ പ്രീതിം ജനയതി നമു-
　　ക്കഭ്രമാം പുഷ്കരിണ്യാം
രക്താംഭോജം, ഘുസൃണതിലകം
　　രാത്രിയാം കമ്രഗാത്ര്യാഃ,
മുക്കണ്ണൻ കൺമുനയിലുരികി-
　　ന്റംഗജാംഗാരചക്രം,
തിക്കെട്ടിന്നും ചുടരണിവിള-
　　ക്കഞ്ചിതം ചന്ദ്രബിംബം." 65

അഭ്രമാം പുഷ്കരിണ്യാം രക്താംഭോജം (ആകാശമാകുന്ന താമരപ്പൊയ്കയിലെ ചെന്താമരപ്പൂവും) രാത്രിയാം കമ്രഗാത്ര്യാഃ ഘുസൃണതിലകം (രാവാകുന്ന സുന്ദരിയുടെ കുങ്കുമപ്പൊട്ടും) മുക്കണ്ണൻ കൺമുനയിലുരികിൻറംഗജാംഗാരചക്രം (ശിവൻെറ തീക്കണ്ണിൻമുനയേററുരുകിക്കൊണ്ടിരിക്കുന്ന കാമന്റെ കനൽക്കട്ടയായിത്തീൎന്ന ചക്രായുധവും) തിക്കെട്ടിന്നും ചുടരണിവിളക്ക (എട്ടുദിക്കിന്നും പ്രഭപരത്തുന്ന അണിവിളക്കും) ആയിട്ട് അഞ്ചിതം ചന്ദ്രബിംബം നമുക്ക് അക്ഷ്ണോഃ പ്രീതിം ജനയതി=മനോഹരമായ ചന്ദ്രബിംബം നമുക്ക് നയനപ്രീതിയെ ഉളവാക്കുന്നു. ഉല്ലേഖവും രൂപകവും അലങ്കാരം.

"ഇപ്പാത്ത്ട്ടാം തളികയിൽ നിലാ-
　　വാന പാല്ക്കഞ്ഞിവീഴ്ത്തി-
ച്ചുപ്പുപ്പെന്നീന്റിതു മുഹുരതിൽ
　　ക്കൂട്ടവേട്ടിച്ചകോരാഃ

ഇത്ഥം മത്വാ ലവണസലിലം
 വീചിഹസ്തൈരുയർത്തി-
പ്രത്യാസന്നേ ശശിനി ചുഴല-
 പ്പോന്നു പൊങ്ങീപയോധി." 66

ഈ പാത്രത്താകുന്ന തളികയിൽ നല്ലാവായ പാൽക്കഞ്ഞിവീഴ്ത്തിച്ചിട്ട് അതിനു കൂട്ടുന്നതിനു് 'ഉപ്പു ഉപ്പു' എന്നു ചകോരങ്ങൾ ആവർത്തിച്ചു പറഞ്ഞു എന്നുകരുതി (മത്വാ) ഉപ്പുവെള്ളത്തെ തിരമാലകളാകുന്ന കൈകളാൽ (വീചിഹസ്തൈഃ) ഉയർത്തിക്കൊണ്ടു പയോധി ചന്ദ്രൻ പ്രത്യാസന്നനായപ്പോൾ ചുററും വന്നുയന്നു—സമുദ്രത്തേയും കായലിനേയും ഉൾപ്പെടുത്തിയാണു പയോധി എന്ന പ്രയോഗമെങ്കിൽ തിരുവഞ്ചിക്കുളത്തിനു നന്നേ യോജിക്കും. ഈന്റിഉ=പറഞ്ഞു. പദ്യം 29 നോക്കുക. കൂട്ടവേട്ടി=കൂട്ടവേണ്ടി. cf. ആട്ടാൻ, ആണ്ടാൻ. ഉപ്പൻെറ ചന്ദ്രികാപാനം കവിസങ്കേതം. ചന്ദ്രോദയത്തിലുണ്ടാകുന്ന വേലിയേററത്തിനു് അതു കാരണമായി കല്പിച്ചിരിക്കുന്നു. നിലാവിനെ പാൽക്കഞ്ഞിയായി രൂപണംചെയ്തിട്ട് കഞ്ഞികുടിക്കാൻ ഉപ്പ് ആവശ്യപ്പെടുന്നതായി കല്പിക്കുന്നു, 'ഉപ്പു ഉപ്പു' എന്ന ഉപ്പൻെറ ശബ്ദത്തെ. വേലിയേററത്തിൽ വീചിഹസ്തങ്ങൾകൊണ്ടു് സമുദ്രം ഉപ്പുവെള്ളം ഉയർത്തിക്കൊടുക്കുന്നതായിട്ടും. 'ചകോരാൻ' ഗ്രന്ഥ.

"ഏവം മൂവന്തിയെ നിറമെഴ-
 ക്കണ്ടു വാഴ്ത്തും ജനാഢ്യേ
പ്രാരബ്ധേ ശ്രീബലിമഹവിധൗ
 തത്ര കുത്രാപിനിന്റാൽ
കാണാം കൊറ്റക്കുടനിഴലിൽ വെ-
 ഞ്ചാമരം വീചി മന്ദം
പേരും ദന്താവള ഗളതടാ-
 രൂഢമേണാങ്കചൂഡം." 67

ഇങ്ങനെ സന്ധ്യയെ ഭംഗിയിൽ കണ്ടു വാഴ്ത്തുന്ന ജനക്കൂട്ടത്തിനിടയിൽ അവിടെ എവിടെയെങ്കിലും നിന്നാൽ ശീവേലി

തുടങ്ങുമ്പോൾ (ശ്രീബലിമഹാവിധൗ പ്രാരബ്ധേ) കൊററക്കുടയുടെ നിഴലിൽ വെഞ്ചാമരവും വീശി മന്ദംവരുന്ന ആനയുടെ ഗളതടത്തിൽ ആരൂഢനായിരിക്കുന്ന ശിവനെ കാണാം—നിറം=ഭംഗി.

"ഓലക്കം ചേൎന്നഴിയുമണിവെൺ-
ചായൽ തോണ്മേലൊതുങ്ങ-
ച്ചാലച്ചാമ്പീടിന കയൽവരി-
ക്കൺവിലാസങ്ങൾ പൊങ്ങ
നീളക്കാണാമതുവഴി(യി)ര-
ണ്ടൊട്ടവും പൊന്മതിന്മേൽ
കാലത്തേ പോന്നഴകു പിചകി-
പ്പൂക്ക തനാംഗിമാരെ." 68

അതിമനോഹരമായ കാർകൂന്തൽ ഒന്നിച്ചഴിഞ്ഞു തോളിൽ ഒതുങ്ങുമാറും അല്പമായി വെട്ടിയിളകുന്ന കയൽനിരപോലെ കൺവിലാസങ്ങൾ ഉയരുമാറും കാലത്തേവന്നു സൗന്ദൎയ്യത്തിൽ കിടമത്സരംപൂണ്ടു കഴിഞ്ഞുകൂടുന്ന തനാംഗിമാരെ ആ വഴിയുടെ രണ്ടുതിരിലും മതിലിൻമുകളിൽക്കൂടി നെടുനീളെക്കാണാം—അണി=കാന്തിയുള്ള cf. 'അണിമതി' വെൺ=കാന്തിയുള്ള. cf. 'വെണ്തിങ്കൾ.' അണിവെണ്തിങ്കൾപോലെയാണു് അണിവെൺചായൽ. ഓലക്കംചേൎന്ന=കാന്തിയുള്ള. 'ഓലക്കമൊണ്ടുള്ള കാർവേണിമാർ' കൃഷ്ണ. 'ഓലക്കമൊണ്ടുള്ള പിള്ളെരുമായി' കൃഷ്ണ. കൂട്ടം, രാജസദസ്സു് ഈ അൎത്ഥങ്ങളും ഓലക്കത്തിനുണ്ടു്. ഇവിടെ ഓലക്കത്തിനു് അൎത്ഥം കൂട്ടമെന്നല്ലേ? ചാമ്പീടിന—64-ാം പദ്യം നോക്കുക. എന്നാൽ ഇവിടെ വെട്ടിയിളകുന്ന എന്ന അർത്ഥമാണു യോജിക്കുന്നതു്. ചാല=കുറച്ചു്. 'ചാലനാൾ' ഉ. സ. ഉത്തര. 68 വരി=നിര. വരിക്കൺ എന്നും എടുക്കാം. cf. 'വരിമിഴിയാൾ' ഭാരതം. 'വരിയിണ്ണ നീണ്ടിരിണ്ട കണ്ണാൽ' രാ. ഒട്ടം=അതിര്. cf. 'ഒട്ടത്തോളം എത്തുകയില്ല.' ഒട്ടംകെട്ടുക=(ഇന്നതുവരെ ഇന്നതു എന്നു്) പാതയം കെട്ടുക. 43-ാംപദ്യം നോക്കുക. പിശകുക=പിണങ്ങുക, വഴക്കുകൂട്ടുക. 'കാശിനു പിശ

കുന്ന തരുണി' 'ആനയെ വിററാൽ കയറിന്നെന്തിനു പിശകുന്നു' കേ. രാ. 'അതിർതൊട്ട ജന്മേശന്മാർ തമ്മിൽ പിശകി' വ്യവഹാരമാല. തൊട്ട=മൂലം. തെററിപ്പോയി എന്ന അത്ഥത്തിൽ പിശകി എന്നു് ഇപ്പോൾ പറയുമല്ലോ. എന്നാൽ ആ അത്ഥത്തിൽ പഴയ പ്രയോഗം കണ്ടിട്ടില്ല. 'താരാർമാതോട്ടടമ പിശകും' എന്നതും. ഈ രീതിക്കു വ്യാഖ്യാനിക്കുന്നതാണു നല്ലതു്. പൊൻ=അഴകുള്ള. 'നീളെക്കാണാമതിവഴി' ഗ്രന്ഥ.

"അപ്പോൾ കാന്താവിരഹവിധുരോ
 നീയുമെന്നെക്കണക്കേ
സപ്രത്യാശം മുറുകിയൊരു പൂം-
 പൊഴ്സു വാമേലൊഴിഞ്ഞു
സ്വപ്രേയസ്യാ പുലരുമളവിൽ-
 പ്പിന്നെയും കൂടിയൊട്ടേ
നില്പൂ നിൻറാലിഹ പുനരുഷാ-
 വണ്ണനം കേൾക്കലാം തേ." 69

അപ്പോൾ നീയും എന്നെപ്പോലെ കാന്താവിരഹവിധുരനായി പ്രത്യാശയോടേ അടുത്തുള്ള ഒരു പൂമ്പൊഴ്സുയുടെ കരസ്സു കഴിച്ചുകൂട്ടിയിട്ടു് പുലരുമ്പോൾ വീണ്ടും സ്വപ്രേയസിയോടു കൂടിച്ചേൎന്നു് അല്പംനിന്നാൽ പിന്നെ പ്രഭാതവണ്ണനം നിനക്കു കേൾക്കാം—മുറുകിയ=അടുത്തുള്ള. 'ഇരുവരുമായി വെടിവെക്കുവാൻ ഭാവിച്ചു മുറുകിയാറെ.' മുറുകിയ+ഒരു=മുറുകിയൊരു. മുറുകി+ഒരു എന്നാണെങ്കിൽ, മുറുകി=തിട്ടക്കത്തിൽ. cf. 'മുറുകിനടക്കുക' 'നന്നായി മുറുകുക അടങ്ങു നാം' രാ. കൂടി=ഒരുമിച്ചുചേൎന്നു്. സഹ അത്ഥത്തിൽ കൂട എന്നാണു് അന്നത്തെ രൂപം. 'കാമ്പോട്ട കൂടിമരുവീട്ടുക' ലീ.

"വെങ്ങാലിപ്പൂ ഹരിഹയഹരി-
 ച്ചക്രം എൻറല്ല മേന്മേൽ
തിങ്ങിച്ചേരും തിമിരപടലം
 പങ്ങി ഓടത്തുടങ്ങി;

നങ്ങീ താരാനികരമണിവെൺ-
തിങ്കളസ്താദ്രിശൃംഗേ
തങ്ങിത്തങ്ങിക്കടലിലതപോയ്
നാൽവിരൽപ്പാട്ട താണു." 70

കിഴക്കുദിക്കു വെങ്ങാലിപ്പൂ നിറമായി; എന്നല്ല മേൽക്കു മേൽ തിങ്ങിച്ചേർന്നിരുന്ന തിമിരസഞ്ചയം പമ്മി ഓടാൻതുടങ്ങി; നക്ഷത്രസമൂഹം മറഞ്ഞു; മനോഹരമായ ചന്ദ്രബിംബം അസ്തപർവ്വതശിഖരത്തിൽ തങ്ങിത്തങ്ങി കടലിലതാപോയി നാലുവിരലോളം താണുകഴിഞ്ഞു—നിത്യവും ക്ഷേത്രത്തിൽ നടക്കുന്ന തുയിലുണർത്തലിനെയാണു് ഈ പദ്യം മുതൽ പരാമർശിക്കുന്നതു്. 'കാളംപോലെ' ഇത്യാദി ഉണ്ണുനീലിപദ്യങ്ങൾ നോക്കുക. നങ്ങുക=വിഴുങ്ങുക, കുടിച്ചുവററിക്കുക, ഉള്ളിലാവുക. അണിവെൺ=ഏററവും അഴകാന്ന. 68-ാം പദ്യത്തിലെ അണിവെൺചായൽ നോക്കുക. 'പമ്മി' എന്നതിനു 'പങ്ങി' എന്നും ചിലെടത്തു പറയും. ഹരിഹയൻ=ഇന്ദ്രൻ. ഹരിത്=ദിക്കു്. ഹരിഹയഹരിത്ചക്രം=ഇന്ദ്രദിങ്മണ്ഡലം. 'വെങ്ങാലിച്ചു' എന്നല്ലേ?

"ധന്യാ ഭാനോഃ പുലരിവഴിവെ-
ള്ളാട്ടി ഭാനുക്കളെന്നും
പൊന്നിൻ ചൂൽകൊണ്ടിരുൾമയമടി-
ക്കാടടിച്ചങ്ങു നീക്കി
ഇമ്പംചേരും ഗഗനഭവനം
ചുററുമുററത്തളിപ്പാ-
നംഭോരാശൗ ശശധരകുടം
കാൺക മുക്കിൻറവാറു്." 71

ധന്യയായ, പുലരിവഴിവെള്ളാട്ടി=പ്രഭാതമാകുന്ന വഴിതുപ്പുകാരി, ഭാനോഃ=സൂര്യ്യന്റെ, ഭാനുക്കളെന്നും=ഭാനുക്കളാകുന്ന, പൊൻചൂലുകൊണ്ടു് ഇരുട്ടാകുന്ന അടിക്കാടു്=ചപ്പുംചവറും അടിച്ചുനീക്കി മനോഹരമായ ഗഗനഭവനത്തിന്റെ ചുററമുള്ള മുററം തളിക്കാൻ അംഭോരാശൗ=സമുദ്രത്തിൽ

ചന്ദ്രനാകുന്ന കുടം മുക്കുന്നതു കാൺക—മുക്കിന്റവാറ്=മുക്കുന്നതു്. 'കുളുർകൊങ്ക പൂണ്മാൻ വാരാഞ്ഞവാറു്'' ലീ. 'വല്ലീബാലത്തരുണികളുടൻ കാണലാം നില്ക്കുമാറു്'' 'മീനധ്വജപരവശാപുക്കിരിക്കിൻറവാറു്'' ഉ. സ. വെള്ളാട്ടി=ജോലിക്കാരി. എന്നും=ആകുന്ന. 'പൂന്തൊത്തെന്നും കുളുർമുല' ഉ. സ.

"അന്ധദ്ധ്വാന്താടവിയെ മുഴവൻ
ചുട്ടുപൊട്ടിച്ചു ശാന്തേ
സന്ധ്യാദാവേ വളവിയ നിലാ—
വാന വെണ്ണീറടങ്ങ
വെൺമേഘംകൊണ്ടുഴുതു പകൽ വി—
ത്താൽ നിറച്ചംശുമാനാ—
ച്ചെന്നെല്ലുമ്മേൽ കതി(ർ)നിര പുറ—
പ്പെട്ടതെല്ലോ വിഭാതി." 72

അന്ധദ്ധ്വാന്താടവിയെ=ക്രൂരിരുട്ടാകുന്ന കാടിനെ മുഴവൻ ചുട്ടുപൊട്ടിച്ച് സന്ധ്യാഭാവേ ശാന്തേ=സന്ധ്യയാകുന്ന കാട്ടുതീ ശാന്തമായപ്പോൾ വളവിയ നിലാവാന വെണ്ണീറടങ്ങ=വർദ്ധിച്ച, ഉണ്ടായ നിലാവായ ചാമ്പൽ അടങ്ങത്തക്കവിധം പകൽ വെൺമേഘങ്ങളെക്കെട്ടി ഉഴുതു വിത്തുകൊണ്ടു് എല്ലായിടവും നിറച്ച സൂര്യനായ ചെന്നെല്ലിൻകിരണങ്ങളാകുന്ന കതിരുകൾ ഉണ്ടായപോലേ ശോഭിക്കുന്നു—കതിർ=രശ്മി എന്നും നെല്ലിൻെറ കതിരെന്നും. രൂപകവും ഉൽപ്രേക്ഷയും ശ്ലേഷവും അലങ്കാരങ്ങൾ.

"അച്ചോ! മുല്ലോടിദമുദയതേ
മിക്ക ശൈലാധിപത്യേ
നില്ക്കും പൂർവ്വാചല മുകുട മാ—
ണിക്യരത്നപ്രവേകം
ശച്യാഃ കല്പദ്രുമകിസലയാ—
പീഡകല്പം, കിഴക്കു—
ന്തിക്കാം പെണ്ണിന്മുലയിൽ വിലസും
താലി വാലാർക്കബിംബം." 73

34976

മുമ്പിലായിതാ ശൈലങ്ങൾക്കു് ആധിപത്യം വഹിച്ചു കൊണ്ടുനില്ക്കുന്ന മികച്ച പൂർവ്വാചലത്തിന്റെ മകുടത്തിലെ ശ്രേഷ്ഠമായ മാണിക്യരത്നവും ശചിയുടെ കല്പദ്രുമകിസലയമാകുന്ന മുടിപ്പണ്ടംപോലുള്ളതും കിഴക്കുദിക്കാകുന്ന സ്ത്രീയുടെ നെഞ്ചിൽവിലസുന്ന താലിയും ആയ ബാലാർക്കബിംബം ഉദിക്കുന്നു—അച്ചോ! ആശ്ചര്യസൂചകം. 'മിന്നുമിടിയനേ അച്ചോ! അച്ചോ!' പെരിയാഴ്‌വാർ തിരുമൊഴി. മിന്നുമുടിയൻ=തിളങ്ങുന്ന കിരീടമുള്ളവൻ. ആപീഡകല്പം=ശിരോലങ്കാരംപോലുള്ളതു്. ഉല്ലേഖം അലങ്കാരം.

"മന്ദം മന്ദം മലയശിഖരാൽ
പോന്നു ചൂർണ്ണീതരംഗാൻ
ഭിന്ദന്നാന്ദോളിതതളിവധൂ
മന്ദിരോദ്യാനവൃന്ദഃ
തന്ദ്രീമിന്ദീവരമലരിലുത്-
പാദയൻ പേർത്തുമാധ്വീ-
വിന്ദുസ്യന്ദീ വിഹരതിതരാ-
മേഷ പൈയ്യേമവായുഃ" 74

മന്ദം മന്ദം മലയപർവ്വതശിഖരത്തിൽനിന്നു വന്നു പെരിയാറിലെ തിരകളെ ഭേദിച്ചുകൊണ്ടും ദേവദാസീമന്ദിരങ്ങളിലെ ഉദ്യാനങ്ങളെ ഇളക്കിക്കൊണ്ടും ഇന്ദീവരസുമങ്ങളിൽ തന്ദ്രിയെ ഉളവാക്കിക്കൊണ്ടും തേൻതുള്ളികൾ വർഷിച്ചുകൊണ്ടും ഏഷഃ ഏമവായുഃ=ഈ കുളിരിളംകാററു് പയ്യെ വിഹരതിതരാം=നല്ലപോലെ വിഹരിക്കുന്നു—തളിവധൂ=തളിനങ്ങ, ദേവദാസി. ചൂർണ്ണി=പെരിയാറു്. ചുള്ളി എന്നു സംഘകൃതികളിൽ.

"മാരാരാതേ! മഹിതതിരുവ-
ഞ്ചിക്കളം മേവുമപ്പാ!
പാരാതേ നീ തുയിലെഴ തെളി-
ഞ്ഞെൻറിവണ്ണും പൃകണ്ണു്

34976

പാട്ടും വൈതാളികപരിഷദാം
പാട്ടുകേട്ടാശു ഗത്വാ
ബാലക്രീഡേശ്വരമവിടെ നീ
കാൺക ബാലം ഗണേശം.” 75

കാമാരിയായ ഭഗവാനേ! ശ്രേഷ്ഠമായ തിരുവഞ്ചിക്കളത്തുമേവുന്നപ്പാ, നീ പ്രീതിയോടെ വേഗം ഉറക്കം ഉണരുക എന്നിങ്ങനെ വാഴ്ത്തിപ്പാടുന്ന സ്തുതിപാഠകന്മാരുടെ പാട്ടുകേട്ടുകൊണ്ടു വേഗം ബാലക്രീഡേശ്വരത്തുപോയി അവിടത്തെ ബാലനായ ഗണപതിയെ കാൺക—കൊല്ലം 45–ാമാണ്ടു് എഴുതിയ ശങ്കരനാരായണീയത്തിൽ ബാലക്രീഡേശ്വരം മഹോദയപുരത്തിൻെറ ഒരു ഭാഗമായി വൎണ്ണിച്ചിട്ടുണ്ടു്. ഇപ്പോൾ അങ്ങനെ ഒരു സ്ഥലം അവിടെ ഇല്ല. 16–ാം ശതകത്തിന്റെ ആരംഭത്തിൽ പോർട്ടുഗീസുകാർ കൊടുങ്ങല്ലൂർ പ്രദേശങ്ങളും മറ്റും ചുട്ടു ഭസ്മമാക്കിയകൂട്ടത്തിൽ നശിച്ചുപോയിരിക്കും. തുയിൽ= ഉറക്കം. ‘ഓതയിൽ തുയിലുമണ്ണൽ’ രാ.

“ഭൂയസ്സംഭാവയ വിയനെഴും
ചേരമാന്നാട്ടു ചില്ലി-
ത്തുയത്താക്കും നൃപകുലപുരീം
നിർജ്ജിത സ്വർഗ്ഗശോഭാം
താരാർമാതിൻ ചപലചരിത-
പ്പോക്കൊടുങ്ങല്ലുരെൻറും
പേരാണ്ടീരേഴുലകിലുമുലാ-
വിൻറ നാനാഭിരാമം.” 76

സ്വൎഗ്ഗത്തെ ജയിച്ച ശോഭയാൎന്നു് ലക്ഷ്മീയുടെ ചപലചരിതത്തിനു നിദർശനമായി കൊടുങ്ങല്ലൂരെന്നു് ഈരേഴുലോകത്തിലും പ്രസിദ്ധിയാൎന്നു നാനാവിധത്തിൽ ശോഭിക്കുന്ന, ചേരമാൻനാട്ടു പുരികാഗ്രത്താക്കി ഭരിച്ചിരുന്ന നൃപന്മാരുടെ മേന്മയേറിയ കുലപുരിയെ പിന്നെ സന്ദർശിക്കുക—കൊടുങ്ങല്ലൂർ ഭദ്രകാളിക്ഷേത്രം തിരുവഞ്ചിക്കുളത്തിനും ചിങ്ങപുരത്തിനും മുമ്പേ 55—57 പദ്യങ്ങളിൽ വൎണ്ണിച്ചു. ഇവിടെ കുലശേഖര

പ്പെരുമാക്കന്മാരുടെ കൊട്ടാരം സ്ഥിതിചെയ്തിരുന്ന കോട്ടപ്പുറം ഭാഗത്തെയാണു സൂചിപ്പിക്കുന്നതു്. ഗോത്രമല്ലേശ്വരം എന്നാണു ശങ്കരനാരായണീയത്തിൽ ആ സ്ഥലത്തിനു പറയുന്ന പേർ. വിയൻ=മേന്മ. തുയത്തു്=തുമ്പത്തു്. 'തുയത്താക്കം' എന്നാണു ഗ്രന്ഥത്തിൽ. 'പോക്കൊട്ടുങ്ങല്ലൂർ' സ്പഷ്ടമല്ല—കൊടുങ്ങല്ലൂരിനു പല കാലത്തും സംഭവിച്ച ഉയർച്ചയേയും താഴ്ചയേയും സൂചിപ്പിക്കുന്നപോലെ തോന്നുന്നു.

"മാരക്രീഡാരഭസജനിതോ-
ദ്വേലഖേദാലസാനാം
വാരസ്ത്രീണാം വളരിളമുലെ-
ക്കുൻറിലേറിക്കിടന്നു
വാരിക്കൊണ്ടു ശ്രമജജലകണാൻ
കട്ടു പൂഞ്ചാലയൂടേ
പോരക്കണ്ടിട്ടളികൾ അനിലം
വിൻതയാന്നാക്കുമേടം." 77

കാമകേളീവേഗംകൊണ്ടുല്പന്നമായ കരകവിഞ്ഞ ഖേദംകൊണ്ടു തളന്ന ഗണികാജനങ്ങളുടെ തടിച്ച ബാലപ്പോർകൊങ്കകളിൽ തങ്ങി വിയർപ്പുതുള്ളികളെ മുഴുവൻ മോഷ്ടിച്ചുകൊണ്ടു് ജനാലവഴിപോരുന്ന അനിലനെ കണ്ടിട്ടു വണ്ടുകൾ വിന്തയോടെ ആക്കുന്നെടമാണതു്—വിൻത=അദ്ഭുതം. വിന്തൈ എന്നു തമിഴ്. ഇത്ര സമത്ഥനാണല്ലോ ഈ ചോരൻ എന്ന വിചാരത്തോടെ വണ്ടുകൾ ആക്കുന്നു. ജനാലയ്ക്കു് ചാലവാതിൽ, ചാലകം ഈ രൂപങ്ങളാണു സാധാരണം. 'ചാലകമാണ്ടുള്ള മാടങ്ങൾ' കൃഷ്ണ. 'പൂഞ്ചാലൂടേ' എന്നു ഗ്രന്ഥത്തിൽ ഒരക്ഷരം കുറവുണ്ടു്. മാടം=മാളിക. വളർ=വളന്ന, വലിയ. 'വളർമതിയുടെ' 'വളർചെവികളാമാലവട്ടങ്ങൾ' ഉ. സ. ഉണ്ണുനീലിസന്ദേശത്തിൻെറ എന്നപോലെ കോകസന്ദേശത്തിൻെറയും താളിയോലഗ്രന്ഥം കേരളവമ്മ കണ്ടിരുന്നുവെന്നു് ഈ പദ്യവും 'മാരക്രീഡാമഹലഹളയിൽ' എന്നു തുടങ്ങുന്ന മയൂരസന്ദേശപദ്യവും താരതമ്യപ്പെടുത്തിയാൽ വ്യക്തമാകും. ഉ. സന്ദേശം 47-ാം പദ്യവും നോക്കുക.

"എത്തിപ്പൊന്മാളികമുകടിൽ നി-
ൻറാത്മബിംബം പിടിപ്പാൻ
തത്തിക്കൂട്ടും തരുണികളുടേ
ചാപലപ്രൗഢികണ്ടു്
മുക്തജ്യോത്സ്നാസ്മിതരുചികരാ-
ഗ്രേണ ചമ്മാത്തുകാട്ടി-
ത്തെററന്നേറാടിക്കുളിർമതി കളി-
ച്ചംബരേ താവുമേടം." 78

മനോഹരങ്ങളായ മാളികകളുടെ മുകളിൽനിന്നു ചന്ദ്രബിംബത്തെ എത്തിപ്പിടിക്കാൻ വെമ്പൽകൊള്ളുന്ന തരുണികളുടെ ചാപലൃത്തിൻെറ മൂപ്പുകണ്ടു്, നിലാവാകുന്ന പുഞ്ചിരിയുടെ കാന്തിപൊഴിച്ചുകൊണ്ടു് കരാഗ്രത്താൽ ചമ്മാത്തുകാട്ടിയിട്ടു് പെട്ടെന്നു് ഓടി ചന്ദ്രൻ ലീലയാംവണ്ണം ആകാശത്തിൽ സ്ഥിതിചെയ്യുന്നിടമാണു്—കരം=കൈ എ,ന്നും കിരണം എന്നും. താവുക=സ്ഥിതിചെയ്യുക. ചമ്മാത്തുകാട്ടുക=ചക്ക കാട്ടുക. ചിലെടത്തു കരാഗ്രംകൊണ്ടും ചിലെടത്തു മണിബന്ധങ്ങൾകൊണ്ടും ചിലെടത്തു കൈമുട്ടുകൊണ്ടുമാണു് ചക്ക കാട്ടി പരിഹസിക്കാറുള്ളതു്. ചമ്മാത്തിനു് കൊഞ്ഞനം എന്നു് കേരളസാഹിത്യചരിത്രത്തിൽ കൊടുത്തിട്ടുള്ളതു് (പുറം 373) തെററിദ്ധാരണമൂലമാകാം. കൈകൊണ്ടു കൊഞ്ഞനം കാട്ടാറില്ലല്ലോ. 'ചിലക്കു ചമ്മാത്തു ചിലക്കു കൊഞ്ഞനം.' എന്നു ഉണ്ണുനീലിസന്ദേശത്തിൽ ഉദ്ധരിക്കുന്ന വരി രണ്ടും ഭിന്നമെന്നു തെളിയിക്കയും ചെയ്യും. തത്തിക്കൂട്ടും എന്നിടത്തു് 'കൂ' എന്നേ എഴുതിയിട്ടുള്ളു. "ഇവിടെ ചക്കകാട്ടലായി സങ്കല്പിക്കുന്ന വസ്തുസ്ഥിതി എന്തായാം? ചന്ദ്രോദയവേലയാവണം ഉദ്ദേശിക്കുന്നതു്; അപ്പോൾ ഓടി അംബരത്തിൽ താവുന്നതു ശരിയാവും." കുട്ടികൃഷ്ണമാരാർ.

"ആടിക്കാലത്തുടനടമഴക്കാറു കണ്ടുൾക്കനം കെ-
ട്ടാടിക്കൂടി പ്രകടിതരസം തമ്മിലേററം കലന്നു്
കൂടക്കൂടപ്പുരിയ,കടലും ചൂർണ്ണിയാറും, കളിക്കി-
ന്നേറടം കാണാം പ്രിയസഖ, നിനക്കത്ര മുല്ലാട്ടുഭൂയഃ" 79

ആടിമാസമാകുന്നതോടുകൂടി അടമഴക്കാറു കണ്ടു് അകമുലഞ്ഞു് ആടിക്കൂടി പ്രകടിതരസത്തോടെ ഗാഢമായി തമ്മിൽ ചേൎന്നു കടലും ചൂൎണ്ണിയാറും കൂടക്കൂടെ പരിയക്കളിക്കുന്ന സ്ഥലം അവിടെ മുന്നിലായി പിന്നെ നിനക്കു കാണാം—പരിയക്കളിക്കുക=ഓടിക്കളിക്കുക (പരിതൽ=ഓട്ടതൽ) കൂടക്കൂടെ ഓടിക്കളിക്കുന്നു എന്നതുകൊണ്ടു് അങ്ങോട്ടുമിങ്ങോട്ടും ഓടിക്കളിക്കുന്നതായി കല്പിക്കുന്നു. ചൂൎണ്ണി എന്നു പറയാറുള്ളതു പെരിയാറിനെയാണു്. എന്നാൽ പെരിയാറു് നേരിട്ടു കടലിൽ വീഴുന്നില്ല. കൊടുങ്ങല്ലൂരും തിരുവഞ്ചിക്കുളവും മററും പെരിയാറിൻെറ തീരത്താണെന്നു പറയാറുണ്ടല്ലോ. പെരിയാറുവീഴുന്ന കൊടുങ്ങല്ലൂർകായലിൻെറ തീരത്താണു് ആ സ്ഥലങ്ങൾ. കൊടുങ്ങല്ലൂർകായലും കടലുംകൂടി ചേരുന്നിടമാണു് ഈ പദ്യത്തിൽ വിവക്ഷിക്കുന്നതു്. ആടിമാസം വൎഷാരംഭമെന്നു കവിസങ്കേതം. ധാരാളം മഴപെയ്തുകഴിഞ്ഞാൽ വെള്ളം കടലിലേയ്ക്കു് ഒഴുകുന്നതല്ലാതെ കടലിൽനിന്നു് ആററിലേയ്ക്കു് ഒഴുകുകയില്ല. അങ്ങോട്ടും ഇങ്ങോട്ടും ഓടിക്കളിക്കുന്നു എന്ന വൎണ്ണനയും യോജിക്കില്ല. അടമഴ=അടച്ചുപെയ്യുന്ന വലിയ മഴ. ഉ. സ. 46–ാം പദ്യത്തിൻെറ വ്യാഖ്യാനം നോക്കുക. ഉൾക്കനം കെട്ടുക, രസം (ജലമെന്നും പ്രേമമെന്നും) പ്രകടിതമാവുക, തമ്മിൽച്ചേരുക, പരിയക്കളിക്കുക എന്നീ വിശേഷണങ്ങളുടെ സാദൃശ്യത്താൽ നദിയിലും സമുദ്രത്തിലും നായികാനായകധൎമ്മം ആരോപിച്ചിരിക്കുന്നു. അലങ്കാരം സമാസോക്തി. 'പരിയക്കളിക്കുക' എന്നതിനിടയിൽ 'കടലും ചൂൎണ്ണിയാറും' പ്രയോഗിച്ചിട്ടുള്ളതു് 'തട്ടാൻപൂവ്വും വഴിയിലഴകാന്നമ്പലം' എന്നിടത്തു് 'വഴിയിൽ അഴകാന്ന' എന്ന പദങ്ങൾപോലെ.

"കാറേറാടോളം കടലിലുയരത്തോററി മേലേററി മണ്ടും
പാററിന്മേലേ വലയുമുളിയും കൈപ്പിടിച്ചു ശ്രമേണ
ഏററം വമ്പേറിന ചുറകുമീൻ കൊൻറുകൊൻറിട്ടുമുക്കോ-
രാററൂടേ വന്നണയുമതുകൊണ്ടത്ര വൈകായ വേണ്ടും." 80

കാററാത്തു് ഉയരത്തിൽ കടലിൽ ഓളം ഉണ്ടാക്കിക്കൊണ്ടു മേലേറി ഓടുന്ന (ആററിലേയ്ക്കു് എന്നു സാരം) വള്ളങ്ങളിൽ

വലയും ഉളിയും കൈയിലേന്തി നിഷ്പ്രയാസം വലിയ വലിയ ചിറാവുമീനുകളെ കൊന്നിട്ടുകൊണ്ടു് മുക്കുവർ ആററിലൂടെ വന്നടുക്കും. അവർ ഉപദ്രവിച്ചേക്കാമെന്നതുകൊണ്ടു് അവിടെ അധികം വൈകരുതു്—തോററുക=ഉണ്ടാക്കുക. പാറു=ഓടിവള്ളം. വൈകായ=വൈകാത അല്ലെങ്കിൽ വൈകായ്ക.

“തൂനീരെന്നാം തുകിലഴകെഴും വീചിഹസ്തേന താങ്ങി-
ക്കാന്തം കണ്ടിപ്പുരികുഴൽ വിരിച്ചക്കയൽക്കണ്ണുലാവ
ആയാന്തീം താമുദധിദയിതാം കണ്ടുകൊണ്ടാടി മാർഗ്ഗേ
വേഗാൽപ്പിന്നെ പ്രവിശതു ഭവാൻ മംഗലം ചേന്നപൂർവ്വം”

തൂനീരാകുന്ന വസ്ത്രം അഴകേറിയ വീചിഹസ്തംകൊണ്ടു താങ്ങി കണ്ടിയാകുന്ന വാർകുന്തൽ(അഴിച്ചു) വിരിച്ചു കരിമീനുകളാകുന്ന നയനങ്ങളും ചലിപ്പിച്ചു വന്നുചേരുന്ന ആ സാഗരപത്നിയെ കണ്ടു് അഭിനന്ദിച്ചിട്ടു് അങ്ങു് വഴിക്കുള്ള ചേന്നമംഗലത്തു് വേഗം പ്രവേശിക്കുക—നായകസംയോഗോത്സുകയായ നായികയുടെ അവസ്ഥ പെരിയാററിൽ ആരോപിച്ചിരിക്കുന്നു. അതുകൊണ്ടു് സമാസോക്തി. സാവയവരൂപകവും. തൂനീരിനെ വെള്ളവസ്ത്രമായും തിരയെ കൈ ആയും പായൽപ്പടപ്പിനെ കറുത്തു ചുരുണ്ട മുടിയായും കയൽമീനുകളെ കണ്ണുകളായും രൂപണം ചെയ്തിരിക്കുന്നു. ഉലാവുക=വിലസുക: ‘ചേണുററുലാവുന്ന വീചികൾ’ കൃഷ്ണ. ‘നാഴിയക്കൊട്ടലാവെ’ പദ്യം 22. ‘മിന്നൊത്തുലാവുമിട’ ലീ. ചലിക്കുക എന്നു് ഇവിടെ. കാന്തം=ഭംഗിയുള്ള. കുഴലിന്റെ വിശേഷണം. ആയാന്തീം താം ഉദധിദയിതാം=വരുന്നവളായ ആ സാഗരപത്നിയെ. കൊണ്ടാടുക=അഭിനന്ദിക്കുക. കാരണം അടുത്തുണ്ടാകാൻ പോകുന്ന നായകപ്രാപ്തി. പ്രവിശതു=അങ്ങു പ്രവേശിക്കുക. പാലിയത്തച്ചന്മാക്കു് അക്കാലത്തു് വലിയ പ്രാബല്യമുണ്ടായിരുന്നില്ലെന്നു വിചാരിക്കണം. ചേന്നമംഗലത്തു് എത്തുന്ന കോകത്തോടു് അവരെപ്പററി ഒന്നും പറയുന്നില്ലല്ലോ. 17-ാം ശതകത്തിലേ അവർ കൊച്ചിരാജാവിന്റെ മന്ത്രിമാരായിത്തീരുന്നുള്ളൂ.

"മാരിത്തക്കത്തൊട്ടു നടവരമ്പിട്ടു ചൂഴം പരക്ക-
ച്ചേരും നീർമേലുഴുതു മരമേറീട്ടു കണ്ടങ്ങൾതോറും
ഓരാളിന്മേലിളകി വളരും നെല്ലിഴാലിച്ചു മൈത്ര-
ന്നോരോപാടേ പെരികവിളയും പാടമേ പോകപിന്നെ."

മഴയുടെ തക്കംനോക്കി നടവരമ്പിട്ടു ചുററും പരന്നിട്ടുള്ള വെള്ളത്തിൽപൂട്ടി മരമടിച്ചുവിതച്ചകണ്ടങ്ങളിൽ ഒരാൾപൊക്കത്തിൽ നെല്ലു് വളൻുവിളഞ്ഞുകിടക്കുന്ന പാടത്തിൽക്കൂടി നീ പിന്നെ പോവുക—ഇതാണു് ആശയം. മൂന്നാംവരിയിൽ ഏതോ തെററുണ്ടു്. 'മരമേ:' എന്നാണു ഗ്രന്ഥത്തിൽ, 'പരിമള'ത്തിനു 'മരിമളം' എന്നും.

"കൊയ്യും കാലായരികിലുടനേ
നട്ടുനില്ക്കും കരിമ്പിൻ-
തൈയ്യും വാഴപ്പനവുമണയ-
ച്ചേരുമാർങ്ങാവിലൂടേ
പൈയ്യച്ചെല്ലുമ്പൊഴുതു (ക)രിമൺ-
വേലി കാണാം തവാഗ്രേ
നിയ്യൽപ്പങ്കേരുഹ പരിമളോൽ-
ഗാരി വാതോത്തരംഗം." 83

കൊയ്യുന്ന കാലായു് കണ്ടങ്ങളുടെ അരികിൽ നട്ടുനില്ക്കുന്ന കരിമ്പിൻതൈകളും വാഴത്തോപ്പുകളും അടുത്തടുത്തുള്ള ആർങ്ങാവിലൂടെ പതുക്കെച്ചെല്ലുമ്പോൾ, താമരയുടെ പരിമളം ഉൾക്കൊള്ളുന്ന കാററുതട്ടി തിരയുണ്ടാകുന്ന ഒരു തടാകം (പേരു വ്യക്തമല്ല) നിനക്കു മുന്നിൽ കാണാം—ഇപ്പോഴത്തെ ആറങ്കാവു് ആവാം ആർങ്ങാവു്. കാലായു്=ഇരുപ്പൂവും മുപ്പൂവും കൃഷിയിറക്കാവുന്ന ഒന്നാംതരം നിലം. ഇതാണു പാലക്കാട്ടുപ്രദേശങ്ങളിലെ അത്ഥമെന്നു ശ്രീ. കെ. വി. കൃഷ്ണയ്യർ പറയുന്നു. ഉത്തരതിരുവിതാംകൂറിലും കൊച്ചിയിലും തെക്കേ മലബാറിൽ പൊതുവേയും കൊയ്ത്തുകഴിഞ്ഞ നിലത്തിനും മററുമാണു് കാലാ എന്നു പറയുന്നതു്. ഇവിടെ ആദ്യത്തെ അത്ഥമാകാം ഉദ്ദേശിക്കുന്നതു്. നിയ്യൽ=നിർഗ്ഗമിക്കുന്ന. നിയ്യൽ...

ത്തരംഗം=നിർഗ്ഗമിക്കുന്ന പങ്കേരുഹപരിമളോദ്ഗാരിവാതം കൊണ്ടു് ഉത്തരംഗം എന്നു ഘടന. 'നിര്യത്'' വാതത്തോട്ടു് ഘടിപ്പിക്കണം. 'തെയ്യാം' ഗ്രന്ഥ.

"വീരന്മാരാം നെടിയ തളിയിൽ-
ച്ചേന്ന വിപ്രേശ്വരന്മാ-
രോരോ പാടേ മരുവി മഹിതം
മിക്ക നാരീനരാഢ്യം
പാരേഴിന്നും മണിമകുടവൽ-
പാഞ്ഞു ചെന്നെങ്ങുമൊക്ക-
ച്ചീരേറും ചൊല്ലുടയ പറവൂർ-
ഗ്രാമമങ്ങേതുപിന്നെ." 84

നെടിയതളിയിൽ ചേന്ന വീരന്മാരായ ബ്രാഹ്മണശ്രേഷ്ഠന്മാർ ഓരോ ഭാഗത്തു വാണതുകൊണ്ടു മഹിതവും ശ്രേഷ്ഠരായ സ്ത്രീപുരുഷന്മാരോട്ടുകൂടിയതും ഏഴുലോകത്തിനും മണിമകുടംപോലുള്ളതും എങ്ങും സത്വരംവ്യാപിച്ച കീൎത്തിയോട്ടുകൂടിയതും ആയ പറവൂർഗ്രാമം പിന്നെ അടുത്തുതന്നെയാണു്— ചീര്=ശ്രീ. ചീരേറും ചൊല്ല്=ശ്രീമത്തായ കീൎത്തി. cf. ചീരൊത്ത മുലകൾ, ചീർമികും, ചീരഴിഞ്ഞുപോയി. 'പീരേറും' എന്നാണു ഗ്രന്ഥത്തിൽ.

"ഗത്വാ ചെൽവം പെരിയ പെരുവാ-
രത്തകം പുക്കു കുൻറിൻ-
പുത്രീ വക്ത്രാംബുജമധുകരം
ദേവദേവം വണങ്ങി
നത്വാ ഭക്ത്യാ കുഹചന മല(ർ)-
പ്പൊയ്കയിൽ പോയിരുന്നി-
ട്ടധ്വക്ലേശം കിമപി തളര-
ക്കണ്ടു നീ വാഴ്കവേണ്ടും." 85

(പറവൂർഗ്രാമത്തിൽ) ചെന്നു് കീൎത്തിയേറിയ പെരുവാരത്തു ക്ഷേത്രത്തിനുള്ളിൽ പ്രവേശിച്ചു പാർവതീമുഖകമലമധുപ

നായ ശിവനെ നമിച്ചിട്ടു് പൂമ്പൊയ്കയിൽ ഒരിടത്തു ചെന്നിരുന്നു യാത്രാക്ലേശം ഒട്ടു തളരുമ്പോൾ (വീണ്ടും ചെന്നു) കണ്ടു് ഭക്തിയോടുകൂടി നീ ഇങ്ങനെ വാഴ്ത്തണം—തളര=തളരെ, തളരവേ, കുറയുമ്പോൾ.

"പ്രാലേയാംശുപ്രഗളിതസുധാ-
ശീതളം മൌലിദേശേ
ഫാലേ ചാലക്കൊടിയ ദഹന-
ജ്വാലയാ താപ്യമാനം
ആലം വിങ്ങും ഗളമഗസുതാ-
ലിംഗനാബദ്ധസൌഖ്യം
കാലാരേ! നിൻ വപുരുടനുടൻ
തോഷണം ഭീഷണം മേ." 86

KOTTAYAM PUBLIC LIBRARY
KOTTAYAM.

കാലാരിയായ ശിവനേ, ശിരസ്സിൽ ചന്ദ്രനിൽനിന്നു് ഒഴുകുന്ന അമൃതംകൊണ്ടു് ശീതളവും നെററിയിൽ അതിഭയങ്കരമായ തീജ്വാലകൊണ്ടു് തപിപ്പിക്കപ്പെടുന്നതും വിഷംനിറഞ്ഞ ഗളത്തോടുകൂടിയതും പാർവതിയുടെ ആലിംഗനസുഖം അനുഭവിക്കുന്നതും ആയ നിൻെറ ശരീരം എനിക്കു കൂടക്കൂടെ പ്രീതിപ്രദവും ഭയങ്കരവും ആയി തോന്നുന്നു.

"ഈവണ്ണം നീ തെളിവൊടു കുരാൽ-
ക്കണ്ണരെക്കണ്ടുവാഴ്ത്തി-
ച്ചെമ്മേ പോവാൻ തുനിക മുറുക-
ത്തത്ര പോവോരുനേരം
പൈയ്യത്തീർപ്പാനരുളമളിനാം
വായിലെപ്പൂമലർത്തേൻ
പെയ്യക്കാണാം പെരുവഴിയടു-
ത്തൊള്ള പൂങ്കാവുതോറും." 87

ഇങ്ങനെ നീ സന്തോഷത്തോടേ ശിവനെ കണ്ടു വാഴ്ത്തിയിട്ടു വേഗം നേരേപോവാൻ തയ്യാറാവുക. അങ്ങനെ പോകുമ്പോൾ പെരുവഴിക്കടുത്തുള്ള പൂങ്കാവുകൾതോറും ശബ്ദിച്ചു

കൊണ്ടിരിക്കുന്ന (അരുളും) വണ്ടുകളുടെ വായിലെ പൂന്തേൻ നിനക്കു വിശപ്പു തീർപ്പാൻ ആണോ എന്നു തോന്നുമാറു് വർഷിക്കുന്നതു കാണാം—'പൈയെ തീർപ്പാൻ പെയ്യുക്കാണാം' എന്നായിരിക്കാം ഘടന. തേൻ കുടിച്ചുകൊണ്ടിരിക്കുന്ന വണ്ടുകൾ ശബ്ദിക്കുമ്പോൾ അവയുടെ വായിൽനിന്നു് പൊഴിയുന്ന പൂന്തേൻ കോകത്തിനു പൈ തീർപ്പാൻ ആണെന്നു കല്പിക്കയാകാം. 'മുരകതത്രു' എന്നാണു ഗ്രന്ഥത്തിൽ 'മുറുകത്തത്രു' എന്നാകാം. മുറുക=മുറുകെ, വേഗത്തിൽ. കുരാൽക്കണ്ണർ=പിംഗളാക്ഷൻ. ചെമ്മേ=നേരേ.

"കൂവീടപ്പാലരികു വഴിയേ
ചെൻറു നീ കുമ്പിടമ്പിൽ
പൂവിട്ടച്ചെരമരകൾ തൊഴും
വള്ളുളിത്തമ്പുരാനെ
സേവാസേകൈരഴകിയ കൃപാ–
വല്ലിയെത്തസ്യ പൂപ്പി–
ച്ചാവിർമ്മോദം വിരവിലുളനാ–
ട്ടിന്നു ചെല്ലുങ്ങുപിന്നെ." 88

കൂവീട്ട ദൂരെ സ്ഥിതിചെയ്യുന്നതും അമരകൾപോലും പൂവിട്ടു് ഭക്തിപൂർവ്വം തൊഴാറുള്ളതുമായ വള്ളുളിത്തമ്പുരാനെ നീ വഴിയേ ചെന്നു് അമ്പിൽ കുമ്പിടണം. അതിനായി അദ്ദേഹത്തിൻെറ കൃപയാകുന്ന ലതയെ പ്രീതിയോടേ സേവ (പൂജ) കളാകുന്ന സേക(നന)ങ്ങൾകൊണ്ടു് പൂപ്പിച്ച മനോഹരമായ ഉളനാട്ടിലേയ്ക്കു വേഗം നീ ചെല്ലുക—ഉളനാട്ടു് ഉളിയന്നൂരും വള്ളുളിത്തമ്പുരാൻ ഉളിയന്നൂർക്ഷേത്രത്തിലെ ദേവനും ആണെന്നു് ശ്രീ. എൻ. വി. കൃഷ്ണവാരിയർ അഭിപ്രായപ്പെടുന്നു. കൂവീട്=കാൽക്കാതം. അപ്പാൽ=ദൂരെ. പദ്യം 46 നോക്കുക. ഉച്ചൈഃ=ദൃഢമായി, ഭക്തിപൂർവ്വം. 'സേവാസേകൈഃ' എന്നു ഗ്രന്ഥപാഠം.

"അപ്പോൾക്കാണാമമെരുമകരയും
    പാന്ഥരെക്കൊണ്ടുമണ്ടി-
ച്ചിപ്പോഴ്ത്തല്ലിത്തല ചിതറിനൊ-
    ണ്ടെൻറു പേയും പറഞ്ഞ്
അപ്പാളത്താറുടനുടനുറ-
    പ്പിച്ചു നട്ടുച്ചനേര-
ത്തപ്പാ! പട്ടപ്പടരിലടികാ(ൽ)-
    ക്കീ(ഴ്കി)ടന്നോട്ടമാറ്." 89

അപ്പാ! പട്ടപ്പട നട്ടുച്ചനേരത്തു കിടന്നോട്ടുന്നതു് അപ്പോൾ കാണാം. അവരെ ആക്ഷേപിച്ച് എരുമയെപ്പോലെ ശബ്ദം ഉണ്ടാക്കുന്ന പാന്ഥന്മാരെ ഓടിച്ചുകൊണ്ടു് 'ഇപ്പോൾ തലതല്ലി പൊട്ടിച്ചേക്കാം' എന്നു പേയും പറഞ്ഞു് കൂടക്കളുടെ പാളത്താറു് മേലോട്ടു പിടിച്ചുവച്ചുറപ്പിച്ചുകൊണ്ടാണ് ഓട്ടം— ഇതായിരിക്കാം ആശയം. നാലാംവരിയിൽ ഏതോ തെറ്റുണ്ടു്.

"വൈരം പേറും മതനനൊടിടെ-
    ഞ്ഞന്തരാ തോററു താനേ
നേരേ പാതിത്തിരുവുടൽ കൊട്ടു-
    ത്തദ്രിരാജാത്മജായാഃ
കൂറില്ലായ്യാൻ മറുപകുതിയിൽ-
    പ്പിന്നെ മുപ്പത്തുമൂൻറാ(യ്)
കൂറിട്ടുൺപും ത്രിപുരഹരനെ-
    ത്തത്ര നീ കണ്ടുപോക." 90

വിരോധിയായ മദനനോടിടഞ്ഞു് ഉള്ളിൽ തോററു് സ്വയം പാതിശരീരം പാർവതിക്കു കൊടുത്തു. മറ്റേ പകുതിയിൽ പാർവ്വതി പങ്കുവേണമെന്നു പറയാതിരിക്കുവാൻ മുപ്പത്തിമൂന്നായിട്ടു പങ്കിട്ടു വിലസുന്ന ശിവനെ അവിടെച്ചെന്നു നീ കാണണം—തിരുമുപ്പത്തുക്ഷേത്രത്തെയാകാം ഉദ്ദേശിക്കുന്നതു്. കൂറി

ട്ടക=പങ്കിട്ടക. ആദ്യത്തെ നാലക്ഷരം 'വെരാപെറാ' എന്നാണു ഗ്രന്ഥത്തിൽ. അതുപോലെ 'മുപ്പത്തുമൂൻറാ' എന്നേയുള്ളു.

"ഉച്ചക്കാലത്തിളകിവരുമ-
ക്കാററലെച്ചാററുവാമേൽ
ഉച്ചൈരോലത്തല കലുപിലു-
ക്കിൻറ തെങ്ങിൻതഴപ്പും
പച്ചപ്പെട്ടന്നട്ടതല വഴി-
പ്പെട്ടലാവും പറമ്പും
പശ്യൻ വേഗാൽപ്പുഴ മറുകട-
ന്നധ്വശേഷം ഭജേഥാഃ" 91

ആററിൻകരയിൽ ഉച്ചസമയത്തു് ഇളകിവരുന്ന കാററടിച്ചു് ഓലത്തലകൾ കലുപിലുശബ്ദം ധാരാളമായി പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്ന തെങ്ങിൻകൂട്ടവും പച്ചനിറമാന്നു വഴിക്കു ശോഭിക്കുന്ന നട്ടതലകൾ നിറഞ്ഞ പറമ്പുകളും കണ്ടുകൊണ്ടു് വേഗം പുഴ മറുകടന്നു് യാത്രതുടരുക—അലയ്ക്കുക=അടിക്കുക. cf. 'അമ്മതൻ മാറിൽ അലെച്ചു' 'കൈ അലെച്ചീടിനാർ മെയ്യിലെങ്ങും' കൃഷ്ണ. 'മാറത്തലെച്ചും തൊഴിച്ചും നിലവിളിച്ചു' മഹാഭാരതം. തഴപ്പു്=വർദ്ധനവു്, ആധിക്യം, പുഷ്ടി. നട്ടതല=കാച്ചിൽ, ചേന മുതലായ നട്ടതലകൾ.

"ചേരാനല്ലൂർവഴി കുറുതിത-
ക്കാൽനടപ്പോമവക്കും
ചേരുംവണ്ണം നഭസി പതതാം
താദൃശാം കാ കഥൈവ?
ആരാൽക്കാണാമവിടെ വഴിമേൽ
മാഹിഷേ മൂദ്ധ്നി തിര്(ർ)ക്കാ-
ലാരച്ചേരും നിഖിലഭുവനാ-
തങ്കസിദ്ധൗഷധം തേ." 92

ചേരാനല്ലൂർക്കൂടിയുള്ള വഴി കാൽനടയായി പോകുന്നവക്കും കുറുതാണു്. വേണ്ടപോലെ ആകാശത്തിൽ സഞ്ചരിക്കുന്ന

നിന്നെപ്പോലുള്ളവരുടെ കഥ പിന്നെ പറയാനുണ്ടോ? മഹിഷാസുരൻെറ മൂർദ്ധാവിൽ തൃക്കാൽ ഭംഗിയിൽ (പൂൎണ്ണമായി) ചേൎത്തിട്ടുള്ള നിഖിലഭുവനാതങ്കസിദ്ധൗഷധത്തെ അവിടെ അടുത്തു വഴിക്കു നിനക്കു കാണാം—മഹിഷാസുരമർദ്ദിനിയെ സകലലോകദുഃഖങ്ങൾക്കും സിദ്ധൗഷധമായി കല്പിച്ചിരിക്കുന്നു. ആര=പൂൎണ്ണമായി, നിറയെ, അഴകിൽ. 'ആരമുലയും ചുമന്നു' ചന്ദ്ര. 'ആരവാർമുലയാൾ' മഹാഭാരതം. ആരം=പൂൎണ്ണം. വാർ=അഴകുള്ള. ആരവാർ=വലുതും ഭംഗിയുള്ളതും. ഉണ്ണുനീലിസന്ദേശം 114-ാംപദ്യം നോക്കുക. തൃക്കാക്കരക്ഷേത്രത്തെപ്പററിയാണു് ഈ പദ്യത്തിലെ പ്രസ്താവമെന്നു തെറ്റിദ്ധരിക്കരുതു്. തൃക്കാക്കരപ്രതിഷ്ഠ വിഷ്ണുവെന്നു പ്രസിദ്ധമാണല്ലോ. കോകം തൃക്കാക്കര അടുത്തെങ്ങും എത്തിയിട്ടുമില്ല. ഇടപ്പള്ളിയുംകഴിഞ്ഞാണു തൃക്കാക്കര. ചോറ്റാനല്ലൂർ ഭഗവതിയെയാണു പരാമൎശമെന്നു് എൻ. വി. കൃഷ്ണവാരിയർ അഭിപ്രായപ്പെടുന്നു.

"പ്രാലേയാദ്രൗ കുളുമ തടവും
 കല്പകക്കാവി(ൽ) മേവി-
ത്താലിക്കീഴ്നിൻറിളകുമിളമെൻ-
 കൊങ്കമേൽക്കുന്തൽ ചിന്ത
നീലക്കണ്ണിൻമിഴില പൊഴിയി-
 ച്ചോരു പൊന്നുയലാടും
ബാലപ്പെണ്ണേ! തവ മദകളം
 പാട്ടു പാലിക്ക നമ്മെ." 93

ഹിമാലയപർവ്വതത്തിൽ കുളുൎമ്മയേറിയ കല്പകക്കാവിൽ വസിച്ചു്, താലിക്കീഴിൽ സ്ഥിതിചെയ്തു് ഇളക്കിക്കൊണ്ടിരിക്കുന്ന ബാലപ്പോർകൊങ്കകളിൽ തലമുടി ചിതറിക്കൊണ്ടു് നീലക്കണ്ണിൽ കാന്തി പൊഴിയിച്ചു പൊന്നുയലാടുന്ന ബാലതരുണീ, നിൻെറ പദമധുരമായ പാട്ടു് എന്നെ പാലിക്കണേ—നിന്റു്=സ്ഥിതിചെയ്തു്. മെൽ=ചെറിയ. 'ഇളമെ കൊങ്ക' എന്നാണു ഗ്രന്ഥത്തിൽ. അതു തെററല്ല.

KOTTAYAM ... LIBRARY KOTTAYAM

"ഇത്ഥം പ്രാർത്ഥിച്ചിളമതിമണി-
ഞ്ഞമ്മുതൽക്കന്നിതന്നെ
സ്തുത്വാ തൂർണ്ണം തദനു പുകണ-
ക്കാവുനോക്കി പ്രയാഹി
യത്ര സ്വൈരം വസതി വസുധാ-
വാസിനാമത്തൽ തീർപ്പാൻ
തൃക്കണ്ണൂടേ തടവിന കൃപാ-
മുദ്രയാ ഭദ്രകാളീ." 94

ഇങ്ങനെ ചന്ദ്രക്കലയണിഞ്ഞ ആ ആദികന്യാഭഗവതിയെ പ്രാർത്ഥിച്ചു സ്തുതിച്ചിട്ട് വേഗം പുകണക്കാവു നോക്കി നീ പോവുക. അവിടെയാണല്ലോ ലോകവാസികളുടെ ദുഃഖമെല്ലാമില്ലാതാക്കാൻ തൃക്കണ്ണിലൂടെ വ്യാപിക്കുന്ന കൃപാമുദ്രയോടുകൂടി ഭദ്രകാളി വസിക്കുന്നതു്—ഇടപ്പള്ളി റയിൽവേസ്റ്റേഷൻെറ തൊട്ടു പടിഞ്ഞാറുഭാഗത്തുള്ള പോണേക്കാവാണു പൊകണക്കാവ്.

"കാണിൻറാ നീ മഹിതമല-
നാടാം മണിച്ചെപ്പിലൺപും
പൂണാരം, താർവനിത വരിവ-
ണ്ടിന്നു ഫുല്ലാരവിന്ദം,
ക്ഷോണീ പാലാവലി തിറയിടും
തെന്തളിത്തമ്പുരാൻതാൻ
നീണാൾവാഴും പുരവരമിട-
പ്പെള്ളി മുല്പാടു പിന്നെ." 95

ശ്രേഷ്ഠമായ മലനാടു് ആകുന്ന മണിച്ചെപ്പിൽ വിലസുന്ന ശിരോലങ്കാരവും ലക്ഷ്മിയാകുന്ന വരിവണ്ടിന്നു ഫുല്ലാരവിന്ദവും രാജാക്കന്മാരെല്ലാം കപ്പംകൊടുക്കുന്ന ഇടപ്പള്ളി നമ്പ്യാതിരി ചാലകാലമായി വാണരുളുന്നതുമായ ഇടപ്പള്ളിനഗരമാണു നീ പിന്നെ മുന്നിൽ കാണുന്നതു്—കാണിൻറാ=നീ കാണുന്നു. മലനാടു്=കേരളം. അൺപും=വിലസും. പൂണാരം=ശിരോലങ്കാരം, ആഭരണം. തിറ=കപ്പം. തൃക്കാക്കരക്ഷേത്രത്തിലെ

ശാന്തിക്കാരൻ എന്ന നിലയിൽ കേരളത്തിലെ രാജാക്കന്മാരും പ്രഭുക്കന്മാരും കുടുംബശ്രേയസ്സിനും സന്തതിവർദ്ധനവിനുംവേണ്ടി ധാരാളം വസ്തുവകകളും പണവും ഇടപ്പള്ളി നമ്പ്യാതിരിക്കു കൊടുത്തിരുന്നതിനെയാണു് ഇവിടെ കപ്പമെന്നു പറഞ്ഞിട്ടുള്ളതു്. തെന്തളീശൻ=ഇടപ്പള്ളിരാജാവു്.

"കേടററീടും വസുതതി മഹാ-
വാഹിനീജുഷ്ടപാർശ്വം
പ്രൗഢേന്ദ്രാണീ കൃതപരിചയൈഃ
സ്ത്രീജനൈഃ സേവ്യമാനം
ആഭാത്യാനന്ദിതബുധകുലം
യജ്ജയന്താത്തരാഗാൽ
ദേവേന്ദ്രേണ സ്വപുരമിവ
ഭൂമണ്ഡലം ചാരുനീതം." 96

യാതൊരു കെട്ടതിയുമില്ലാത്ത വസുതതിയോടുകൂടിയതും മഹാവാഹിനിയാൽ സേവിക്കപ്പെട്ട പാർശ്വങ്ങളോടുകൂടിയതും പ്രൗഢയായ ഇന്ദ്രാണിയോടു പരിചയം നേടിയ സ്ത്രീജനങ്ങളാൽ സേവിക്കപ്പെടുന്നതും ആനന്ദിപ്പിക്കപ്പെട്ട ബുധകുലത്തോടുകൂടിയതുമായ യാതൊന്നു് (പുരം) ദേവേന്ദ്രനാൽ ജയന്തനോടുള്ള സ്നേഹാധിക്യംകൊണ്ടു ഭൂമണ്ഡലത്തിലേയ്ക്കു നയിക്കപ്പെട്ട ചാരുവായ സ്വപുരം (സ്വർഗ്ഗം) പോലെ ശോഭിക്കുന്നു—വസുതതി=അഷ്ടവസുക്കൾ എന്നു് അമരാവതീപക്ഷത്തിൽ; സമ്പൽസമൃദ്ധി എന്നു് ഇടപ്പള്ളിപക്ഷത്തിൽ. മഹാവാഹിനി=പെരിയ ആറു് എന്ന പദത്തിനർത്ഥം. സ്വർഗ്ഗംഗ എന്നു് അമരാവതീഭാഗത്തു്; പെരിയാറു് എന്നു് ഇടപ്പള്ളിഭാഗത്തു്. ഇന്ദ്രാണീകൃതപരിചയർ=ദേവസ്ത്രീകൾ എന്നും നായർസ്ത്രീകൾ എന്നും. ബുധകുലം=ദേവസമൂഹം എന്നും വിദ്വത്സമൂഹം എന്നും. ജയന്തൻ=ഇന്ദ്രപുത്രൻ എന്നും ഇടപ്പള്ളിരാജാവു് എന്നും. ഉൽപ്രേക്ഷയും ശ്ലേഷവും അലങ്കാരം.

[97-ാംപദ്യത്തിലെ ഏതാനും അക്ഷരങ്ങൾകൂടി ഗ്രന്ഥത്തിൽ ഉണ്ടു്.]

★

# ശ്ലോകസൂചി


| പദ്യാരംഭം | ശ്ലോകസംഖ്യ |
|---|---|
| അംഗാർദ്ധേചേർത്ത | 15 |
| അച്ചോ! മുല്ലാ | 73 |
| അഞ്ചാതേനിന്റ | 27 |
| അന്തിക്കാലത്ത | 7 |
| അന്ധധ്വാന്താ | 72 |
| അമ്പിൽകുമ്പിട്ട | 34 |
| അപ്പാൽനിന്റേ | 46 |
| അപ്പാലെന്തേ | 5 |
| അപ്പൂമ്പൊയ്ക | 35 |
| അപ്പോൾകാന്താ | 69 |
| അപ്പോൾകാണാം | 89 |
| അപ്പോൾ കേൾക്കാ | 49 |
| അപ്പോൾ മൂർച്ഛാം | 2 |
| അക്ഷ്ണോഃപ്രീതിം | 65 |
| ആടിക്കാല | 79 |
| ഇത്ഥം ഭക്ത്യാ | 58 |
| ഇത്ഥം പ്രാർത്ഥി | 94 |
| ഇന്റിപ്പോഴേ | 12 |
| ഇപ്പാർത്തട്ടാം | 66 |
| ഈവണ്ണം നീ | 87 |
| ഉച്ചക്കാലത്ത | 37 |
| ഉച്ചക്കാലത്തി | 91 |
| ഉത്തംസംപോൽ | 24 |
| ഉവ്വീപാലോ | 52 |
| എത്തിപ്പൊന്മാ | 78 |
| എൻചങ്ങാതി | 60 |
| എന്നച്ചാ! വന്ന | 3 |
| എൻറിവ്വണ്ണം | 43 |
| എന്നെക്കാണാ | 9 |
| ഏനാമാത്മപ്രിയ | 18 |
| ഏവംമൂവന്തി | 67 |
| ഓലക്കംചേർന്ന | 6൧ |
| കട്ടിച്ചുച്ചൈ | 57 |
| കണ്ടിപ്പായി | 41 |
| കന്നെക്കണ്ണാൾ | 11 |
| കാട്ടം കാട്ടിച്ചില | 45 |
| കാണിൻറാ നീ | 95 |
| കാറേറാടോളം | 80 |
| കാർവണ്ടേറും | 55 |
| കുംഭിത്തോൽ | 16 |
| ക്ലുവീടപ്പാൽ | 88 |
| കേടററീട്ടും | 96 |
| കൊത്തിക്കൊത്തി | 13 |
| കൊയ്യും കാലാ | 83 |
| കൊൻറത്തെങ്ങിൽ | 53 |
| കോറേറൻപോലെ | 31 |
| ഗതപ്രാചെൽവം | 85 |
| ചന്ദ്രാവിദ്ധം | 6 |
| ചാതുര്യത്തിൽ | 10 |
| ചാമ്പിത്താർ | 64 |
| ചാരെത്താററിൻ | 25 |
| ചാലപ്പൊന്നിൻ | 36 |
| ചൂട്ടുംപൊന്നിൻ | 62 |
| ചെഞ്ചെമ്മേ | 19 |
| ചെമ്മേകാണ്മ | 48 |
| ചെൽവം ചേർന്ന | 47 |
| ചേരാനല്ലൂർ | 92 |
| താർമാതുംപാർ | 42 |

| പദ്യാരംഭം | ശ്ലോകസംഖ്യ | പദ്യാരംഭം | ശ്ലോകസംഖ്യ |
|---|---|---|---|
| തിങ്ങുംവാസ്സു | 40 | മാരക്രീഡാ | 77 |
| തിണ്ണുംവേട | 20 | മാരാരാതേ | 75 |
| തിർക്കാരംകൊണ്ടി | 44 | മാററാർനെഞ്ചിൽ | 59 |
| തീവെച്ചെല്ലാ | 51 | മാരിത്തക്ക | 82 |
| ത്തുനീരെന്നും | 81 | മുക്കാതത്തിൽ | 32 |
| ദ്രഷ്ടവ്യം തേ | 30 | വട്ടച്ചെററം | 56 |
| ധന്യാഭാനോഃ | 71 | വന്നെത്തുംവൻ | 26 |
| നാട്ടം വീട്ടം | 50 | വമ്മേന്നാട്ടേ | 38 |
| നിഗ്ഗമൃതപം | 28 | വാസ്സുംനിൻ | 4 |
| നേരേകാതം | 29 | വാളമ്മന്മാ | 22 |
| പച്ചത്തെങ്ങിൻ | 39 | വിദ്യാംഭോധേ | 17 |
| പണ്ടേവൈരം | 54 | വീരന്മാരാം | 84 |
| പള്ളിച്ചൂല | 14 | വീഴക്കണ്ടിട്ട | 63 |
| പാട്ടംവൈതാ | 61 | വെങ്ങാലിപ്പൂ | 70 |
| പൊല്ലുമാതിൻ | 1 | വേരിച്ചൊല്ലാർ | 8 |
| പ്രാലേയാംശു | 86 | വൈരംപേറും | 90 |
| പ്രാലേയാദ്രൗ | 93 | സാനന്ദം വന്നു | 23 |
| ഭൂയസ്സംഭാവയ | 76 | സ്പഷ്ടംപാരേ | 21 |
| മന്ദംമന്ദം | 74 | സൈപരം മാഗ്ഗേ | 33 |

# പദസൂചി

അച്ചോ 75
അടമഴ 78
അടലാർ 61
അടിക്കാട്ട് 73
അടിമപ്പൂകുക 27
അണി 27
അണിയുക 52
അണിവെൺ 73
അണ്ടളർ 39
അൺപുക 88
അപ്പാൽ 28, 56, 84
അമിഴ്ക 33
അമിഴ്ത്തുക 25, 54
അരവം 35
അലസ്സുക 86
അളി 60
അളിക്കുക 68
അളിതൽ 68
അളിയർ 60, 61
അഴീനില 30
ആടിക്കാലം 78
ആടിക്കൂടി 78
ആര 41, 87
ആലം 83
ആൾ 27
ആൾപാട്ടം 27
ആൾപൂകുക 27
ആഴകാൽ 31
ആററുവാ 86
ഇട്ടൽ 43
ഇയങ്ങുക 29
ഇരീപായിൻറ 50
ഇരിപ്പൂ 51
ഇഴ്കുക 36
ഈട്ടം 67
ഈൻറാർ 44
ഈൻറുക 44, 70
ഈഷ്ത്തുക 66
ഉടൻ 53
ഉടമ്പടി 53
ഉടന്തടി 53
ഊട 65
ഉടഞ്ഞാൺ 65
ഉടവാൾ 65
ഉമിഴ്ക 49
ഉലാവുക 52, 80
ഉഴറി 32, 47
ഉറ്റും 26
ഊടേ 61
എന്നും 74
എൻറാൽ 32, 58
എല്ലീൻറവാറ് 37
ഒട്ടംകെട്ടുക 71
ഒട്ടം 54
ഒൺ 31
ഒൺമ 51
ഓത 76
ഓമ്പുക 69
ഓലക്കം 71
കട്ടിച്ച് 64
കതിർ 74
കന്നം 31
കഴനി 31
കാണിൻറാ 88
കാലായ് 81
കുതരുക 65
കുതറുക 65
കുമറുക 55

കുരാൽ 83
കുഴററുക 49
കൂട 72
കൂടി 72
കൂത്തു് 54
കൂത്തുക 61
കൂവീട്ടു് 84
കൂററാർ 65
കൂറു് 65
കൂറിടുക 85
കൊട്ട 33
കൊണ്ടാട്ടുക 80
കൊററവാതിൽ 37
കോട്ടം 56
കോപ്പു് 33
കോരിത്തൊഴുക 42
കോലം 53
കോഴ 68
കോറേറൻ 65
ചന്ദ്രക്കല 61
ചമ്മാത്തു് 78
ചവള 39
ചാത്തു് 35, 52
ചാമ്പുക 68, 71
ചാല 71
ചാലകം 77
ചാലവാതിൽ 77
ചാലേകം 49
ചീരു് 82
ചുങ്ങുക 69
ചുവ 45
ചുള്ളി 75
ചുഴല 64
ചുറകു 78
ചൂട്ടു് 35
ചൂണ്ണി 75
ചെഞ്ചെമ്മെ 37
ചെമ്മെ 37, 58, 84
ചെലവ്വം 57, 82
ചേകോൻ 40
ചൊൽ 25
ചോരിക്കളി 33
ജന്മേശന്മാർ 72
തടയുക 69
തളിവധു 75
താവുക 78
തിരളുക 63
തിറ 88
തിറം 57
തിറവിയ 41, 57
തീപ്പീതർ 54
തുകിൽ 80
തുടം 63
തുടവിയ 63
തുയിലുണത്തൽ 73
തുയിൽ 75, 76
തുയത്തു 77
തെന്തളീശൻ 89
തേററുക 57
തൊട്ട 31, 72
തൊട്ടുക 48
തോൻറുക 27
തോററം 45
തോററുക 34, 57, 80
നട്ടതല 86
നട്ടം 64
നട്ടാണി 64
നാഴിയക്കൊട്ട 40
നില്ലുക 87
നിലസ്സുക 30
നിളാ 41
നിഴൽ 25
നിറം 26, 71
നുങ്ങുക 73
പങ്ങി 73
പത്താശ 61
പരിച്ച 30
പരിതൽ 79

പരിയക്കളിക്കുക 79
പള്ളി 33
പാകി 53
പാചി 53
പാട്ട് 65
പായി 53
പാലിയത്തച്ചന്മാർ 80
പാറു 80
പിശകുക 31, 71
പുറപ്പെട്ടുക 61
പൂഞ്ചാല 77
പൂണാരം 88
പെറുക 30
പേയ് 47
പൊടിനികരം 61
പൊരിക്കൊൾക 66
പൊരും 31
പൊരുൾ 66
പൊരുത്തുക 66
പൊരുത്തക്കാരൻ 66
പൊരുത്തം പറയുക 66
പൊലിക്കാണം 54
പൊലിപ്പണം 54
പൊലിവ് 54
പോത്തുക 35
ഭാഷഭൂഷണം 61
ഭാഷാമിശ്രം 61
മട്ട 49
മലനാട്ട 88
മല്ലുക 33
മല്ലം 57
മറ 50
മാടം 77
മാമാങ്കം 38
മാമാകം 38
മാറ് 65
മാറാടി 42
മിക്ക 31
മിന്നുമുടിയൻ 75
മിളി 61
മുകട് 78
മുക്കിൻറവാറ് 74
മുല്ലാട്ട 78
മുഴകു 50
മുരുകു 50
മുറുകിയ 72
മുറുക 83
മെൽ 87
മേത്ത് 30
രക്ഷകത്താവ് 61
വഞ്ചി 62
വട്ട് 26
വട്ടച്ച് 63
വന്നഴൽ 27
വളർ 77
വളക്കുക 41, 57
വളവിയ 74
വായ് 55
വാമേൽ 55
വാരണി 27
വാർ 27
വാളം 39
വിൻത 77
വിയൻ 77
വെൺ 71
വെള്ളച്ച 64
വെള്ളാട്ടി 73
വേട 37
വേരി 30
വേറല്ലല്ലീ 29, 30
വൈകായ 33, 80
വൈരം തൊട്ടിൻറ 47

KOTTAYAM PUBLIC LIBRARY
KOTTAYAM.

# സൂചിക


അടിയാക്കുനല്ലാർ 56
അണ്ടളർ 39
അനന്തപുരവർണ്ണനം 29
അപഭ്രംശം 10
അബ്ദുൽറഹ്മാൻ 10
അയിനിക്കൂറ് 46
അരയകുളം 19, 65
ആട്ടപ്രകാരം 26, 29, 64
ആഴ്വാഞ്ചേരി 19, 44
ഇടപ്പള്ളി 89
ഉണ്ണിക്കണ്ടൻ 18
ഉണ്ണിച്ചിരുതേവിചരിതം 44, 61
ഉണ്ണിയച്ചീചരിതം 15, 49, 55
ഉണ്ണിയാടിചരിതം 15, 17, 35, 56
57, 63
ഉണ്ണുനീലിസന്ദേശം 8, 9, 10, 11
15, 16, 18, 21, 33, 37, 38, 40
42, 53, 57, 61, 71, 77, 87
ഉദയൻ 15, 18, 46
ഉദ്ദണ്ഡശാസ്ത്രികൾ 13
ഉളനാട്ട് 84
ഉള്ളൂർ 5, 11, 13, 40
ഋഗ്വേദം 7
എലിയങ്ങാട്ട് 46
ഏറാൾനാട്ട് 19, 59
ഏറാൾപ്പാട്ട് 16, 19
ഓടനാട്ട് 15
ഓളപ്പുറമ്പ് 38, 39
ഓത്തന്മാർമഠം 39, 41
കക്കാട്ട് 46
കണ്ടൻകോത 46
കാക്കത്തുരുത്തി 19, 55
കാമപ്പുഴ 19
കാവ്യാലങ്കാരം 9
കാവീട്ട് 47
കാളിദാസൻ 7, 8, 9, 12, 13, 16
കുഞ്ഞൻപിള്ള ശൂരനാട്ട് 5
കുഞ്ഞൻരാജാ 41
കുട്ടത്തി 15
കുട്ടിക്കൃഷ്ണമാരാർ 6, 18, 32, 37
38, 48, 78
കുന്നലക്കോൻ 38
കുണവായ് 55
കുണവായ്കോട്ടം 56
കുരുവയൂർ 19, 48
കൃഷ്ണഗാഥ 31, 34, 51, 54, 63, 65
68, 71, 77, 86
കൃഷ്ണദേവരായർ 15
കൃഷ്ണയ്യർ, കെ. വി. 19, 81
കൃഷ്ണവാരിയർ, എൻ. വി. 6, 31
34, 36, 42, 84, 87
കൃഷ്ണവാരിയർ, പി. വി. 35
കേരളചരിത്രത്തിലെ ഇരുളടഞ്ഞ
ഏടുകൾ 14
കേരളവർമ്മ (വേണാട്ട്) 15
കേരളവർമ്മ (ഓടനാട്ട്) 15
കേരളവർമ്മകോയിത്തമ്പുരാൻ 11
കേരളവർമ്മരാമായണം 25, 61
കേരളസാഹിത്യചരിത്രം 11, 13, 78
കോകസന്ദേശം 10, 11, 14, 77
കോകിലസന്ദേശം 8, 10, 13, 15
കോട്ടപ്പുറം 77
കോതപ്പറമ്പ് 19
ഗുണകാപുരം 16
ഗുണ്ടർട്ട് 78
ഗോത്രമല്ലേശ്വരം 20, 77
ഗോവർദ്ധനപുരം 19, 37, 42
ഗോവിന്ദപുരം 19, 44, 45

ചകോരസന്ദേശം 10
ചക്രവാകസന്ദേശം 5
ചന്ദ്രോത്സവം 15, 20, 35, 41, 46 57
ചവളക്കാർ 39
ചാതകസന്ദേശം 10
ചിങ്ങപുരം 19
ചിത്തചലനം 58
ചിന്നാദേവി 15
ചിലപ്പതികാരം 55, 56
ചിറളയം 46
ചിററന്തൂർ 46
ചൂരല്ലൂർ 19, 54
ചേകോൻ 40
ചേന്നമംഗലം 21, 80
ചേരാനല്ലൂർ 21, 87
ജാതകങ്ങൾ 7
ജ്ഞതശാസനം 59
തച്ചോളിപ്പാട്ട് 55
തിരുപ്പോർക്കളം 19, 55
തിരുനാവായ് 37
തിരുനാവാ യോഗം 41
തിരുമലശ്ശേരികോട്ട 42
തിരുമലശ്ശേരി നമ്പൂതിരി 16, 19 42
തിരുമൂപ്പത്തുക്ഷേത്രം 21
തെക്കേടത്തുനായർ 58
തൃക്കണാമതിലകം 16, 19
തൃക്കാക്കര 88
തൃപ്പങ്ങോട്ട് 18, 37
നങ്ങയാർ 14
നമ്പിയാർ 14
നന്തിയാറ് 19
നളചരിതം 36
നാരായണപ്പിഷാരടി (കുട്ടമശ്ശേരി) 5
നാവാ വിഷ്ണു 37
നാഴിയക്കൊട്ട് 19, 39
നെടിയതളി 82
നെട്ടവിരിപ്പ് 61
പദ്യരത്നം 26, 34, 36, 52
പന്നിയമ്പള്ളി 18
പയ്യന്നൂർ പട്ടോല 66
പരിഷത് ത്രൈമാസികം 5
പറവൂർ ഗ്രാമം 21
പുകണക്കാവു 88
പുന്നത്തൂർ 19, 46
പുറയാറ് 52
പെരിയാഴ്‌വാർതിരുമൊഴി 75
പെരുമ്പടപ്പുമൂപ്പൻ 16
പെരുമ്പടപ്പുസ്വരൂപം 17, 62
പെരുവാരം 21
പോർളാതിരി 61
പോളനാട്ട് 61
ബാലക്രീഡേശ്വരം 20, 76
ഭാമഹൻ 9
ഭാഷാ ത്രൈമാസികം 19
ഭാസ്കരരവി 20
ഭൃപസന്ദേശം 9
ഭ്രമരസന്ദേശം 8
മണക്കുളത്തുമൂപ്പീന്നു് 15, 18, 46
മണക്കുളം 46
മയൂരസന്ദേശം 8, 10, 11, 12, 14 20
മയൂരദൂതം 8, 10, 15, 18, 46
മലബാർ ഗസററിയർ 41
മല്ലിനാഥൻ 7
മഹാഭാരതം 36, 66, 86, 87
മാഘമകം 38
മാടമന്നൻ 16, 62
മാനദണ്ഡം 7, 10
മാനവിക്രമൻ 38
മാമാങ്കച്ചാവേർ 39
മാരക്കര 13
മാഹപാൻ 17
മാറഞ്ചേരി 19, 44
മാറാടി 42
മുച്ചൂറരൂർ 19, 51

മുണ്ടശ്ശേരി 7, 10
മുററിച്ചൂർ 51
മേഘദൂതം 7, 8, 10, 11, 16
രഘുവംശം 7
രാഘവൻ പിള്ള, കെ. 6
രാമചരിതം 26, 31, 35, 41, 45, 48
51, 57, 61, 63, 71, 76
രാമവർമ്മ (പെരുമ്പടപ്പ്) 15
രാമവർമ്മ 10
രാമായണം 7
രാമായണചമ്പു 50
രാമായണസങ്കീർത്തനം 63
ലക്ഷ്മീദാസൻ 16
ലീലാതിലകം 12, 14, 16, 31, 34
36, 38, 48, 53, 61, 72
വഞ്ചി 62
വടക്കേടത്തു നായർ 58
വന്മേനാട്ട് 19
വള്ളുവക്കോനാതിരി 42
വള്ളളിത്തമ്പുരാൻ 21, 84
വാല്മീകി 7, 9
വാസുദേവസ്തവം 50
വിക്രമാദിത്യൻ 12, 13
വിടനിദ്രാഭാണം 17
വീരരാഘവപ്പട്ടയം 59
വെൺകിടങ്ങ് 19, 51
വെള്ളാട്ടിരി 42
വെള്ളോട്ടുകര 18
വെള്ളോട്ടുപാടം 34
വൈരത്തൂർ 19, 47
വ്യവഹാരമാല 31
ശങ്കരനാരായണീയം 20, 59, 76
77
ശിവവിലാസം 17
ശുകസന്ദേശം 8, 10, 15, 17, 18
ശ്രീകണ്ഠൻ 18, 46
സർവാദിത്യൻചിറ 19
സന്ദേശരാസക് 9, 10
സാഹിത്യചരിത്രം പ്രസ്ഥാനങ്ങളി
ലൂടെ 45, 46
സ്ഥാണുരവി 20
ഹംസസന്ദേശം 9, 10
ഹനുമദ്ദൂത് 7

## തിരുത്ത്

| വശം | വരി | ശരിപാഠം |
|---|---|---|
| 29 | 8 | പരമധന |
| 31 | 24 | കന്നനേർ |
| 70 | 27 | പോരും |

# KOTTAYAM PUBLIC LIBRARY

KOTTAYAM.

Cl. No. LMA2 RUP K ..... Acc. No. 31976 .....

This book should be returned on or before the date last stamped below.

10 JUN 1986
2 JAN 1992
28 JAN 1992
2 JUL 1992
16 APR 1995
9 OCT 1995
24 MAY 1996
01 OCT 2004
3 MAY 2013
18 OCT 2013
24 AUG 2014
20 MAR 2015
12 NOV 2016

21 SEP 2020
22 MAR 2024
22 MAR 2024
18 MAY 2020

If the book is not returned on due date a fine of 5 Ps. (Five) per day will be charged.

MA2. 34976

Kun. K.

കുഞ്ഞൻ പിള്ള (പി.എൻ.)

കോകസന്ദേശം